# എഡിറ്റോറിയൽ ദൈവത്തിന് ആവശ്യമുണ്ട്



**ഇം**ഗ്ലീഷുകാരനായ ഒരു മാന്യൻ ബ്രിട്ടനിലെ ഒരു ഗ്രാമത്തിലൂടെ കടന്നുപോകുകയായിരുന്നു. അദ്ദേഹം ആ ഗ്രാമത്തിലെല്ലാം മദ്യം ലഭിക്കുന്ന ഒരു ഇടം തെരഞ്ഞു. നിരാശയായിരുന്നു ഫലം. അപ്പോഴാണു വഴിയിൽ ഗ്രാമീണനായ ഒരു കൃഷിവലനെ കണ്ടത്. കൂലീനൻ ക്ഷുഭിതനായി ഗ്രാമീണനോട് തട്ടിക്കയറി:"നിങ്ങളുടെ ഈ നശിച്ച ഗ്രാമത്തിൽ എനിക്ക് ഒരു ഗ്ലാസ് മദ്യം പോലും കിട്ടാതിരിക്കാൻ എന്താണു കാരണം?"

മാന്യന്റെ സമൂഹത്തിലെ സ്ഥാനം തിരിച്ചറിഞ്ഞു ഗ്രാമീണൻ വിനയാന്വിതനായി പറഞ്ഞു:"പ്രഭോ, അതിന് ഒരു കാരണമേയുള്ളൂ. ഏകദേശം ഒരു നൂറുവർഷത്തിനപ്പുറത്ത് ഈ പ്രദേശത്ത് ജോൺവെസ്ലി എന്നു പേരുള്ള ഒരു മനുഷ്യൻ വന്നിരുന്നു".

നോക്കുക: ഒരേ ഒരു മനുഷ്യന്റെ സ്വാധീനം!

വെസ്ലി മരിക്കുന്നതിനു രണ്ടുവർഷം മുൻപായിരുന്നു രക്തരൂക്ഷിതമായ ഫ്രഞ്ചുവിപ്ലവം. അതിന്റെ പ്രേരണയിൽ രക്തച്ചൊരിച്ചിലോടെയുള്ള ഒരു വിപ്ലവം ഇംഗ്ലണ്ടിനേയും പിടിച്ചുലയ്ക്കാമായിരുന്നു. പക്ഷേ അതിനെ തടഞ്ഞുനിർത്തിയത് ജോൺവെസ്ലിയും സഹപ്രവർത്തകരും ഇംഗ്ലണ്ടിൽ നടത്തിയിരുന്ന പ്രവർത്തനത്തെത്തുടർന്നുള്ള ആത്മീയ ഉണർവ്വാണെന്നു ചരിത്രകാരന്മാർ പറയുന്നു. 'താൻ ജീവിച്ചിരുന്ന നൂറ്റാണ്ടിനെ ഏറ്റവും കൂടുതൽ സ്വാധീനിച്ച വ്യക്തി' ജോൺവെസ്ലിയാണെന്നു പറഞ്ഞ റോബർട്ട് സൗത്തി എന്ന എഴുത്തുകാരൻ വരാൻ പോകുന്ന പല നൂറ്റാണ്ടിലേക്കും വെസ്ലിയുടെ സ്വാധീനം ഏറ്റവും വലിയ തിരുത്തൽ ശക്തിയായി നിലനിൽക്കുമെന്നു ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

പാപത്തിനെതിരെ ഒരു മനുഷ്യൻ. ലോകമയത്വത്തിനെതിരേ ഒരു ഒറ്റയാൾ പോരാട്ടം-അതായിരുന്നു ജോൺ വെസ്ലി.

ദൈവത്തിന്റെ മനസ്സ് തൊട്ടറിഞ്ഞ ഈ നിലയിലുള്ള ദൈവഭൃത്യരാണ് പാപത്തിലേക്കും ലോകമയത്വത്തിലേക്കും അതിവേഗം ഒഴുകിപ്പോകുന്ന ഇന്നത്തെ സഭകളുടെ ഏറ്റവും വലിയ ആവശ്യമെന്നു എ.ഡബ്ല്യു.ടോസർ അഭിപ്രായപ്പെടുന്നു. ദാവീദിനെപ്പോലെ ദൈവഹൃദയപ്രകാരമുള്ള മനുഷ്യർ തങ്ങളുടെ തലമുറയിൽ ദൈവത്തിന്റെ ആലോചനയ്ക്കു ശുശ്രൂഷിക്കേണ്ടിയിരിക്കുന്നു.

വെസ്ലി തന്റെ തലമുറയിൽ എന്തിനുവേണ്ടിയാണു നിന്നത് വിശുദ്ധിക്കുവേണ്ടി. ഇന്നത്തെ ആവശ്യവും മറ്റൊന്നല്ലല്ലോ.

വിശുദ്ധിയെക്കുറിച്ച് എഫേസ്യലേഖനത്തിൽ പറഞ്ഞുവരുമ്പോൾ യഥാർത്ഥവിശുദ്ധിയെ വ്യാജവിശുദ്ധിയിൽ നിന്നു വേർതിരിച്ചു വിവരിക്കുന്ന ഭാഗം ഇന്നത്തെ കാലഘട്ടത്തിൽ പ്രസക്തമാണെന്നു തോന്നുന്നു. യഥാർത്ഥവിശുദ്ധിയെ, വെറും തോന്നൽ മാത്രമല്ലാത്ത ഒരു വിശുദ്ധി (Posessing the holiness which is no illusion:JB Philips) എന്നാണ് ഒരു വിവർത്തനത്തിൽ വിശേഷിപ്പിക്കുന്നത് (എഫേസ്യർ 4:24 JB Philips). വെറും തോന്നൽ, മിഥ്യാബോധം, മാത്രമായ ഒരു വിശുദ്ധി!

അങ്ങനെ ഒരു വിശുദ്ധിയുണ്ടോ? ഉവ്വ്, യഥാർത്ഥത്തിൽ വിശുദ്ധനല്ലാതിരിക്കെ വിശുദ്ധനാണെന്നു തോന്നുക. ആ മിഥ്യാബോധത്തിൽ ജീവിക്കുക. ഒരിക്കലും തന്നെ സംബന്ധിച്ച സത്യം മനസ്സിലാക്കാതെ സ്വയം വഞ്ചിക്കപ്പെട്ടു നാളുകൾ കഴിക്കുക. അങ്ങനെ ഒരപകടം വിശ്വാസികൾക്കു സംഭവിക്കാം എന്നുള്ളതു കൊണ്ടാണല്ലോ പൗലോസ് അതേക്കുറിച്ചു മുന്നറിയിപ്പു നൽകിയിരിക്കുന്നത്.

ഇന്നത്തെ കാലഘട്ടത്തിൽ വിശ്വാസികളെ വിശുദ്ധരാണെന്ന മിഥ്യാബോധത്തിൽ തളച്ചിടുന്ന ഏഴു കാര്യങ്ങളെക്കുറിച്ചു ചുരുക്കമായി ചിന്തിക്കാം:

*വിശുദ്ധമായ ഉപദേശങ്ങൾ നമ്മേയും വിശുദ്ധരാക്കുമെന്നു കരുതുക.*

നല്ല ചില ഉപദേശങ്ങളിൽ കേവലം വിശ്വസിക്കുന്നതുകൊണ്ട് നാം വിശുദ്ധരായി എന്നു കരുതുന്നത് ഒരു വഞ്ചനയാണ്. യാക്കോബ് തന്റെ ലേഖനത്തിൽ ഇതിനു നല്ല ഒരു ഉദാഹരണം പറഞ്ഞിട്ടുണ്ട്."ദൈവം ഏകൻ എന്നു നീ വിശ്വസിക്കുന്നുവോ? കൊള്ളാം, പിശാചും അങ്ങനെ വിശ്വസിക്കയും വിറയ്ക്കുകയും ചെയ്യുന്നു (യാക്കോബ് 2:19). ത്രീയേകദൈവത്തെക്കുറിച്ചുള്ള ഉപദേശങ്ങളെല്ലാം നന്നായി അറിയാവുന്നവനാണു പിശാച്. പക്ഷേ ആ ഉപദേശത്തിലുള്ള വിശ്വാസം പിശാചിനെ ഒരു വിശുദ്ധനാക്കി മാറ്റിയിട്ടില്ലല്ലോ!

ശ്രദ്ധിക്കുക: വിശ്വാസത്തിന് അനുസരണം വരുത്താത്തിടത്തോളം കാലം കേവലമായ വിശ്വാസം ആരേയും വിശുദ്ധരാക്കുകയില്ല.

*നല്ല അനുഭവങ്ങൾ മൂലം വിശുദ്ധരായെന്നു കരുതുക:*

ആത്മീയമീറ്റിംഗിൽ ചില നല്ല വൈകാരികാനുഭൂതികൾ കൈവന്നതുമൂലം നാം വിശുദ്ധരായെന്നു കരുതുന്നത് ഇന്നു വളരെ വ്യാപകമായ നിലയിൽ വിശ്വാസികളെ വഞ്ചിക്കുവാൻ പിശാച് ഉപയോഗിക്കുന്ന ഒരു തന്ത്രമാണ്.

ഉദാഹരണത്തിന് ഇന്നു വിശ്വാസസമൂഹങ്ങളിൽ വളരെ ജനപ്രീതിനേടിയിട്ടുള്ള 'ആരാധന' എന്ന വിഷയംതന്നെ എടുക്കുക. തിങ്കൾ മുതൽ ശനി വരെ ലോകമനുഷ്യരെപ്പോലെ തന്നെ ജീവിച്ചശേഷവും ഞായറാഴ്ച സഭായോഗത്തിൽ വന്നു വൈകാരികമായി ഉണർത്തപ്പെട്ട് 'നല്ലതുപോലെ ആരാധിച്ച്' താനും ഒരു വിശുദ്ധനാണെന്ന തൃപ്തിയോടെ തന്റെ സ്ഥിരംജീവിതരീതിയിലേക്ക് മടങ്ങുന്ന വിശ്വാസികളെ ശ്രദ്ധിക്കുക. പിശാച് വിജയാട്ടഹാസത്തോടെ അവരെ നോക്കി പരിഹസിച്ചു ചിരിക്കുന്നത് അവർ തിരിച്ചറിഞ്ഞിരുന്നെങ്കിൽ!

*വിശുദ്ധനായ/വിശുദ്ധയായ മറ്റൊരാളുടെ മേൽവിലാസത്തിൽ ജീവിക്കുക:*

നല്ല ഒരു സഭയിൽ അംഗമായിരിക്കുന്നതുകൊണ്ട് ആ സഭയുടെ/ സഭാശുശ്രൂഷകന്റെ കെയറോഫിൽ താനും വിശുദ്ധീകരിക്കപ്പെട്ടു എന്നു കരുതുക അല്ലെങ്കിൽ ഭർത്താവോ ഭാര്യയോ മകനോ മകളോ പിതാവോ വിശുദ്ധിയിൽ ജീവിക്കുന്നതുകൊണ്ട് ആ മേൽവിലാസത്തിൽ സ്വയം വിശുദ്ധനായി/ വിശുദ്ധയായി തോന്നുന്നതും ഒരു മിഥ്യാബോധംമാത്രമാണ്.

*ഭൂതകാല അനുഭവങ്ങളിൽ ജീവിക്കുക:*


ഒരിക്കൽ വിശുദ്ധമായ ജീവിതം നയിച്ചിരുന്നു. പക്ഷേ ഇപ്പോൾ പിൻമാറ്റത്തിലാണ്. എന്നാൽ അതിനെക്കുറിച്ച് ബോധ്യമില്ലാതെ ഭൂതകാലത്തിലെ നല്ല അനുഭവങ്ങൾ അയവിറക്കി വിശുദ്ധനെന്ന് മേനിനടിക്കുന്നതും സ്വയവഞ്ചനയല്ലേ? 'ഞാൻ രക്ഷിക്കപ്പെട്ട കാലത്തൊക്കെ എന്തായിരുന്നു ആത്മീയാനുഭവങ്ങൾ!' എന്നിങ്ങനെ ഭൂതകാലത്തിൽ മാത്രം ജീവിക്കുന്ന വിശ്വാസികളെ കണ്ടിട്ടില്ലേ? സ്നേഹിതാ, നിങ്ങൾ അങ്ങനെയൊരാളാണോ? എങ്കിൽ സ്വന്ത വിശുദ്ധിയെക്കുറിച്ചുള്ള നിങ്ങളുടെ ബോധ്യം യഥാർത്ഥമാണോ എന്ന് പരിശോധിക്കുക.

(ശേഷം പേജ് 25 ൽ)

# നമ്മുടെ ഇന്നത്തെ ആവശ്യം

എ.ഡബ്ല്യൂ.ടോസർ

**പ**രിശുദ്ധാത്മാവിന്റെ നേതൃത്വം നാം വീണ്ടും അന്വേഷിക്കേണ്ട സമയം വന്നിരിക്കുന്നു. മനുഷ്യന്റെ കർത്തൃത്വം നമുക്ക് കനത്ത നഷ്ടമാണ് വരുത്തിവച്ചിരിക്കുന്നത്. മാനുഷികതാത്പര്യങ്ങളും ഇംഗിതങ്ങളും നിമിത്തം കടന്നുകൂടിയ അനാത്മികമായ വഴികളും വചനവിരുദ്ധമായ പ്രവർത്തനങ്ങളും ഇന്ന് സഭയുടെ ജീവനും നിലനിൽപ്പിനും ഭീഷണിയായി തീർന്നിരിക്കുന്നു. കാര്യങ്ങൾ സുവ്യക്തമായി കാണാൻ കഴിയത്തക്കവിധം നമുക്ക് ഒരു സ്നാനം ആവശ്യമാണ്-ഈ അവ്യക്തതയുടെ മൂടൽമഞ്ഞിലൂടെയും വ്യക്തമായി കാണുവാൻ പ്രാപ്തരായ ദർശകന്മാരാണ് നമ്മുടെ ഇന്നത്തെ അടിയന്തരമായ ആവശ്യം. അതേ, പ്രവചനാത്മകമായ കാഴ്ചപ്പാടുള്ള ക്രിസ്തീയനേതാക്കൾ! അവർ എത്രയും വേഗം രംഗപ്രവേഷം ചെയ്യുന്നില്ലെങ്കിൽ ഈ തലമുറയ്ക്ക് കനത്ത നഷ്ടം വരും. എന്നാൽ അവർ മുന്നോട്ടുവരുമ്പോൾ ലോകമയത്വമുള്ള നമ്മുടെ വിശ്വാസപ്രമാണങ്ങളുടേയും ആചാരാനുഷ്ഠാനങ്ങളുടേയും പേരിൽ അവരിൽ ചിലരെയെങ്കിലും നാം ക്രൂശിക്കാതെയിരിക്കയില്ല എന്നതാണു വാസ്തവം!



**അവ്യക്തതയുടെ മൂടൽമഞ്ഞിലൂടെയും വ്യക്തമായി കാണുവാൻ പ്രാപ്തരായ ദർശകന്മാരാണ് നമ്മുടെ ഇന്നത്തെ അടിയന്തരമായ ആവശ്യം.**

**വേദപണ്ഡിതനായ ന്യായശാസ്ത്രിയും ദർശനംപ്രാപിച്ച പ്രവാചകനും തമ്മിലുള്ള വ്യത്യാസം കടലുപോലെ വലുതാണ്. നാം ഇന്നു കേവലം അക്ഷരികപ്രമാണങ്ങളുടെ വക്താക്കളായ ന്യായശാസ്ത്രിമാരുടെ സ്വാധീനത്തിലാണ്ടുപോയിരിക്കുന്നു. ദൈവത്തിന്റെ പ്രവാചകന്മാർ-അവർ ഇന്നെവിടെ? സുവിശേഷവിഹിതരായ ദൈവമക്കളുടെ മധ്യത്തിൽ വേദപണ്ഡിതന്മാരുടെ പരുക്കൻസ്വരം മാത്രമാണ് മുഴങ്ങിക്കേൾക്കുന്നത്.**

വേദപണ്ഡിതനായ ന്യായശാസ്ത്രിയും ദർശനംപ്രാപിച്ച പ്രവാചകനും തമ്മിലുള്ള വ്യത്യാസം കടലുപോലെ വലുതാണ്. നാം ഇന്നു കേവലം അക്ഷരികപ്രമാണങ്ങളുടെ വക്താക്കളായ ന്യായശാസ്ത്രിമാരുടെ സ്വാധീനത്തിലാണ്ടുപോയിരിക്കുന്നു. ദൈവത്തിന്റെ പ്രവാചകന്മാർ-അവർ ഇന്നെവിടെ? സുവിശേഷവിഹിതരായ ദൈവമക്കളുടെ മധ്യത്തിൽ വേദപണ്ഡിതന്മാരുടെ പരുക്കൻസ്വരം മാത്രമാണ് മുഴങ്ങിക്കേൾക്കുന്നത്. എന്നാൽ തിരശ്ശീലയ്ക്കപ്പുറത്തേക്ക് തുളഞ്ഞുകയറുന്ന ആന്തരികകണ്ണുകളാൽ ദൈവം എന്ന മഹാത്ഭുതത്തെ ദർശിച്ച ഒരു വിശുദ്ധന്റെ ഇമ്പസ്വരം കേൾക്കുവാൻ സഭയിന്ന് കാതോർത്തിരിക്കുകയാണ്! സഭയ്ക്ക് ഇതുവരെ നേരിട്ട കേടുപാടുകളിൽ നിന്നും പരുക്കുകളിൽനിന്നും സൗഖ്യം ലഭിക്കണമെങ്കിൽ മുൻകാലങ്ങളിൽ നിന്നും തീർത്തും വ്യത്യസ്തനായ ഒരു പ്രസംഗകൻ എഴുന്നേറ്റേ മതിയാകൂ. പൊതുജനസമ്മതനായ ഒരു 'പള്ളിപ്രമാണിക്ക്' അതു കഴിയുകയില്ല. തന്റെ കർത്തവ്യങ്ങൾ നന്നായി നിറവേറ്റി പ്രതിഫലവും പറ്റി യാതൊരു പ്രശ്നവും ഉണ്ടാക്കാതെ പോകുന്ന പുരോഹിതനോ, ക്രിസ്തീയമതത്തെ എല്ലാവർക്കും സ്വീകാര്യമായ മട്ടിൽ അവതരിപ്പിക്കാൻ പ്രാപ്തനായ നന്നായി പ്രസംഗിക്കുന്ന ഒരു പാസ്റ്റർക്കോ ഈ തലമുറയെ രക്ഷിക്കാൻ സാധ്യമല്ല. ഈ കൂട്ടരെല്ലാം നല്ല വണ്ണം ശ്രമിച്ചിട്ടും തികച്ചും പരാജയമാണ് തങ്ങളെന്ന് തെളിയിച്ചവരാണ്. ഇവരിൽനിന്നെല്ലാം വ്യത്യസ്തമായ ഒരു ആത്മീയനേതൃത്വമാണ് ഇന്നത്തെ ആവശ്യം. മുൻകാലങ്ങളിൽ ജീവിച്ചിരുന്ന പ്രവാചകന്മാരെപ്പോലെ അദ്ദേഹം ദൈവത്തിൽ നിന്നു നേരിട്ടുള്ള വെളിപ്പാടുകൾ പ്രാപിച്ചവനും ദൈവസിംഹാസനത്തിൽനിന്നുതന്നെയുള്ള ഇമ്പസ്വരം വ്യക്തമായികേട്ടവനുമായിരിക്കണം.

സമൂലമായ വ്യതിയാനവും നവീകരണവും വരുത്തുവാൻ നമുക്ക് താത്പര്യമില്ലെങ്കിൽ പ്രാർത്ഥിക്കാതിരിക്കുന്നതാണ് നല്ലത്. പിൻമാറ്റത്തിലും അനുസരണക്കേടിലും വീണുപോയ ഒരു സഭയിൽ 'അനുഗ്രഹത്തിന്റെ മഴ ചൊരിയണമേ' എന്ന് കേണപേക്ഷിക്കുന്നത് സമയവും പ്രയത്നവും പാഴാക്കലാണ്. പുതിയനിയമത്തിൽ കാണുന്ന ക്രിസ്തീയനിലവാരത്തിലേക്കും മാതൃകയിലേക്കും-കേവലം വിശ്വാസപ്രമാണങ്ങളിൽ മാത്രം പോര-ജീവിതത്തിന്റെ എല്ലാ തുറകളിലേക്കും നാം മടങ്ങിവന്നേ മതിയാകൂ! താഴ്മ, ലാളിത്യം, അനുസരണം, വേർപാട്, ആത്മനിയന്ത്രണം, വിനയം, ത്യാഗമനോഭാവം ഇത്യാദി സവിശേഷഗുണങ്ങൾ ക്രിസ്തീയവീക്ഷണത്തിന്റെ ആകെത്തുകയായി കാണുകയും ദൈനംദിന ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇവയെ പ്രായോഗികമാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. കള്ളന്മാരുടേയും കച്ചവടക്കാരുടേയും പിടിയിൽനിന്നും ആലയത്തെ മോചിപ്പിച്ച് വിശുദ്ധീകരിക്കുകയും ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ പരിപൂർണ്ണനിയ





**ഉണർവിനുവേണ്ടി എത്രയെത്ര പ്രാർത്ഥനകളാണ് ഈ കാലഘട്ടത്തിൽ നടക്കുന്നതെന്ന് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? എന്നാൽ അവയിൽ വളരെക്കുറച്ച് മാത്രം ഫലപ്രദമാകുന്നത് എന്തുകൊണ്ടാണ്? നമ്മുടെ പ്രധാനതകരാറ് അനുസരിക്കുന്നതിനുപകരം പ്രാർത്ഥിക്കുന്നതാണെന്ന് ഞാൻ വിശ്വസിക്കുന്നു. പ്രാർത്ഥന ഫലപ്രദമായിത്തീരണമെങ്കിൽ അനുസരണത്തിനുപകരമായി പ്രാർത്ഥനയെകാണുന്ന പ്രവണത നാം ഉപേക്ഷിച്ചേ മതിയാകൂ.**

ന്ത്രണത്തിന് ഒരിക്കൽ കൂടി വിധേയമാക്കുകയും ചെയ്യേണ്ടകാലം അതിക്രമിച്ചിരിക്കുന്നു!

ഉണർവിനുവേണ്ടി എത്രയെത്ര പ്രാർത്ഥനകളാണ് ഈ കാലഘട്ടത്തിൽ നടക്കുന്നതെന്ന് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? എന്നാൽ അവയിൽ വളരെക്കുറച്ച് മാത്രം ഫലപ്രദമാകുന്നത് എന്തുകൊണ്ടാണ്? നമ്മുടെ പ്രധാനതകരാറ് അനുസരിക്കുന്നതിനുപകരം പ്രാർത്ഥിക്കുന്നതാണെന്ന് ഞാൻ വിശ്വസിക്കുന്നു. ദൈവവചനത്തിൽ സുവ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ള കല്പനകളേയും പ്രമാണങ്ങളേയും ഗണ്യമാക്കാതിരിക്കുകയും അവഹേളിക്കുകയും ചെയ്തുകൊണ്ട് നാം പ്രാർത്ഥിക്കുന്നതുമൂലമുള്ള കുറേ ബുദ്ധിമുട്ട് സഹിക്കുകയും ധാരാളം വാക്കുകൾ വൃഥാ ഉച്ചരിക്കുകയും ചെയ്താൽ അതുകൊണ്ട് യാതൊരു ഫലവും ലഭിക്കുകയില്ല. പ്രാർത്ഥന ഫലപ്രദമായിത്തീരണമെങ്കിൽ അനുസരണത്തിനുപകരമായി പ്രാർത്ഥനയെകാണുന്ന പ്രവണത നാം ഉപേക്ഷിച്ചേ മതിയാകൂ. ആത്മദാഹമുള്ള വ്യക്തികളുടെ ഏറ്റവും അടിയന്തരമായ രണ്ട് ആവശ്യങ്ങളുണ്ട്. ഒന്ന്: തിരുവെഴുത്തുകൾ അറിയുക. കാരണം, രക്ഷണ്യവചനം ഒരുവന് പ്രദാനം ചെയ്യാൻ കർത്താവിന് അവയെ കൂടാതെ സാധ്യമല്ല. രണ്ട്: പരിശുദ്ധാത്മാവിനാൽ ജ്വലിക്കപ്പെടുക. കാരണം, പരിശുദ്ധാത്മാവിനെകൂടാതെ തിരുവെഴുത്തുകൾ മനസ്സിലാക്കാൻ ഒരുവന് സാധ്യമല്ല.

മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ അധിവസിക്കുന്നു എന്ന സന്ദേശം സഭയിൽ പുനഃസ്ഥാപിക്കേണ്ടതുണ്ട്. ഇന്നത്തെ വികാരവിവശവും ഭ്രാന്തവുമായ പുത്തൻതലമുറയിൽ നമ്മുടെ ശക്തിയുടെ ഉറവിടം ജീവന്റെ കേന്ദ്രമായ ക്രിസ്തുവിലാണെന്ന് കാണിക്കേണ്ടിയിരിക്കുന്നു. ബാഹ്യമായ ദുഷ്പ്രവൃത്തികളെപ്പോലെ ആന്തരികപാപങ്ങളും ക്രിസ്തീയജീവിതത്തിൽ ഏറ്റവും മാരകമാണ്. അപ്രകാരമുള്ള ഒളിഞ്ഞിരിക്കുന്ന പാപങ്ങളിൽ ചിലത് ശ്രദ്ധിക്കുക: പെട്ടെന്നു മുറിവേൽക്കുക, അസ്വസ്തത പ്രകടിപ്പിക്കുക, മുരടൻസ്വഭാവം കാട്ടുക, കുറ്റംകണ്ടെത്തുക, മുഷിയുക, വികാരഭരിതരാകുക, കയ്പുള്ളവരാകുക, സ്നേഹമില്ലാത്ത മനോഭാവം ഉള്ളവരാകുക, ക്രൂരതകാട്ടുക......ഇങ്ങനെപോകുന്നു ഈ പട്ടിക. വളരെ ആത്മാർത്ഥമായി ക്രിസ്തുവിനെ കണ്ടെത്താൻ രഹസ്യത്തിൽ അന്വേഷിച്ചുകൊണ്ടിരിക്കുന്ന വ്യക്തികൾ, തങ്ങളെ നേടുവാൻ ഉത്സാഹിച്ചവരുടെ ജീവിതത്തിൽ കാണുന്ന ഇപ്രകാരമുള്ള പാപങ്ങൾ മൂലം നിരാശരായി പിൻമാറിപ്പോയ ഒട്ടേറെ സംഭവങ്ങൾ ചൂണ്ടിക്കാട്ടുവാൻ കഴിയും. അശുദ്ധരായ വിശുദ്ധന്മാരാണ് ക്രിസ്തീയതയുടെ ഏറ്റവും വലിയ ദുരന്തം!

ആധുനികക്രൈസ്തവരായ നാം പ്രവൃത്തിക്കുന്നതിൽ വളരെ പിമ്പിലും, സംസാരിക്കുന്നതിൽ വളരെ മുമ്പിലും ആണെന്നു ഞാൻ ഭയപ്പെടുന്നു. നാം ശക്തമായ ഭാഷയിൽ സംസാരിക്കുമെങ്കിലും നമ്മുടെ പ്രവൃത്തികൾ തികച്ചും

ബലഹീനമാണ്. നാം വാക്കുകൾകൊണ്ട് തൃപ്തിപ്പെടുന്നതിന്റെ കാരണം പ്രവൃത്തിക്ക് വളരെ വില കൊടുക്കേണ്ടതുണ്ട് എന്നതല്ലേ? 'കർത്താവേ ദിനംതോറും എന്റെ ക്രൂശെടുക്കാൻ എന്നെ സഹായിക്കണേ' എന്നു പ്രാർത്ഥിക്കുന്നത് വളരെ എളുപ്പമാണ്. നാം യഥാർത്ഥത്തിൽ ആഗ്രഹിക്കാത്ത ഒരു കാര്യം ചെയ്യാൻ വേണ്ടി സഹായത്തിനു യാചിക്കുന്നത് അല്പം മാനസികസന്തോഷം നൽകുമെന്നതിനാൽ നാം ആ പ്രാർത്ഥന ആവർത്തിച്ചാവർത്തിച്ച് ഉരുവിട്ട് ഒരുതരം സംതൃപ്തി കണ്ടെത്തുന്നു.

ദൈവസഭയിൽ പരസ്പരവിരുദ്ധമായ രണ്ട് അപകടങ്ങൾ സംഭവിച്ചേക്കാം എന്നു തിരിച്ചറിഞ്ഞ് നാം അതിനെ പരിത്യജിക്കണം. ഒന്ന് തണുത്തുറഞ്ഞ ഹൃദയവും മറ്റൊന്ന് ചൂടുപിടിച്ച തലച്ചോറുമാണ്. യഥാർത്ഥത്തിലുള്ള ദൈവികഅഗ്നിയാണ് നമ്മിൽ ജ്വലിക്കുന്നതെങ്കിൽ അത് ഒരിക്കലും അധികമായിപ്പോകുമെന്ന് നാം പേടിക്കേണ്ട. അപ്രകാരം തന്നെ പരിശുദ്ധാത്മാവിനാൽ ശുദ്ധീകരിക്കപ്പെട്ട ചിന്തകൾ ഒരിക്കലും അമിതമായി തണുത്തുറഞ്ഞുപോകാനും സാധ്യമല്ല. ഉണർവ്വിന്റെ ചരിത്രം നാം പഠിച്ചാൽ ചൂടുപിടിച്ച മനുഷ്യമസ്തിഷ്ക്കം എത്രമാത്രം ദോഷം വരുത്തിവച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. പരിശുദ്ധാത്മാവിന്റെ നൽവരങ്ങളിൽ വിവേചനവരം പോലെ പ്രായോഗികമായി ഏറ്റവും പ്രയോജനം ചെയ്യുന്ന വേറെ വരമുണ്ടോ എന്ന് സംശയമാണ്. ഇന്നത്തെപ്പോലെ നിർണ്ണായകമായ ഒരു കാലഘട്ടത്തിൽ ഈ ശ്രേഷ്ഠവരം നാം വളരെ വിലപ്പെട്ടതായി കണക്കാക്കുകയും അതിനായി തീവ്രമായി വാഞ്ഛിക്കുകയും വേണം. പതിരും ഗോതമ്പും തമ്മിൽ വേർതിരിച്ചറിയുന്നതിനും ജഡത്തിന്റെ പ്രഹസനങ്ങളേയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളേയും തെറ്റുകൂടാതെ തിരിച്ചറിയുന്നതിനും ഈ ദിവ്യവരം നമ്മെ സഹായിക്കും.

മനുഷ്യന്റെ വിയർപ്പുകൊണ്ട് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോട് ഒന്നും കൂട്ടിച്ചേർക്കാൻ സാധ്യമല്ല. പ്രത്യേകിച്ചും മനുഷ്യമസ്തിഷ്ക്കത്തിലെ ഞരമ്പുകളിലെ വിയർപ്പുകൊണ്ട്! വീണ്ടെടുക്കപ്പെട്ട തലച്ചോറിൽ ദൈവത്തിന്റെ ചൂടേറിയ അഗ്നി സ്പർശിക്കുമ്പോഴും അത് തണുത്തു തന്നെയിരിക്കും. ദൈവികാഗ്നി ഹൃദയത്തെ ചൂടുപിടിപ്പിക്കുമെങ്കിലും ചിന്തകളെ സമ്പൂർണ്ണശാന്തതയിൽ പരിപാലിക്കും. ഒരുതരം മതഭ്രാന്തിന്റെ കാലമാണിത്. അതുകൊണ്ടു നമ്മിൽ സ്നേഹാഗ്നി കത്തിജ്വലിക്കുമ്പോൾ തന്നെ ശാന്തമായും ജ്ഞാനത്തോടും പരിശോധിച്ചുകൊണ്ടുവേണം ഓരോ പ്രവൃത്തിയും ചെയ്യേണ്ടത്. ചൂളയിലെ തീ അതിന്റെ ഉദ്ദിഷ്ടസ്ഥാനത്തുതന്നെ കത്തിക്കൊണ്ടിരിക്കട്ടെ. ക്രമമായി ചൂടുപിടിച്ച ചൂളയെക്കാൾ അമിതമായി ചൂടുപിടിച്ച ചിമ്മിനി ആവേശം പകരുന്നതായി തോന്നിയേക്കാം. പക്ഷേ വീടു മുഴുവൻ കത്തിച്ചാമ്പലായി നശിക്കാൻ അതുമൂലം ഇടയായേക്കാം. അതുകൊണ്ട് നമ്മുടെ പ്രമാണം ഇതായിരിക്കട്ടെ: ചൂടുപിടിച്ച ചൂളയും തണുപ്പുള്ള ചിമ്മിനിയും-ജ്വലിക്കുന്ന ഹൃദയവും ശാന്തമായ തലച്ചോറും. വിഗ്രഹാരാധനയുടെ തത്വം ദൈവത്തെക്കുറിച്ച് അയോഗ്യമായ ചിന്തകൾ വച്ചുപുലർത്തുകയെന്നതാണ്. അതുകൊണ്ട് ഇന്നത്തെ ക്രിസ്തീയസഭ ഉടനെ ചെയ്തുതീർക്കേണ്ട ഏറ്റവും കഠിനമായ ജോലി ദൈവത്തെക്കുറിച്ചുള്ള എല്ലാ വികലമായ ധാരണകളും വലിച്ചെറിഞ്ഞ് യഥാർത്ഥവിശുദ്ധീകരണം പ്രാപിക്കുകയും ദൈവത്തിനും അവിടുത്തെ വിശുദ്ധസഭയ്ക്കും യോഗ്യമായ ചിന്തകളുടെ നിലവാരത്തിലേക്ക് ഉയരുകയും ചെയ്യുകയാണ്.

(സമാഹൃതം) ●



സന്ദേശം

# ശിക്ഷണമുള്ള ജീവിതം

റിച്ചാർഡ് എസ്. ടെയ്‌ലർ

ശിക്ഷണത്തിന്റെ ആത്മാവിനെയത്രെ ദൈവം നമുക്കു തന്നത് (2 തിമോഥി.1:7) ആത്മാവിന്റെ ഫലമോ ആത്മനിയന്ത്രണം (ഗലാ.5:22, 23).

ആധുനികകാലത്തെ വിശ്വാസികൾക്ക് ഏറ്റവും ആവശ്യമായതും എന്നാൽ അവർ ഏറ്റവും കുറച്ച് ആഗ്രഹിക്കുന്നതുമായ കാര്യമാണ് ശിക്ഷണം. മിക്ക ക്രിസ്ത്യാനികളുടേയും ജീവിതത്തിലുണ്ടാകുന്ന അസ്വസ്ഥതകളുടെയും, അസ്ഥിരതയുടേയും മൂലകാരണം അച്ചടക്കമില്ലാത്ത ഒരു ജീവിതരീതിയാണ്. അപ്രധാനമെന്ന് തോന്നുന്ന മറ്റനേകം കാരണങ്ങൾ ഉണ്ടായിരിക്കാം; എങ്കിലും എല്ലാറ്റിന്റേയും പിന്നിൽ പ്രാഥമികമായി ശിക്ഷണത്തിന്റെ ഒരു കുറവ് കണ്ടെത്താൻ സാധിക്കും.

ഞാൻ ഇവിടെ ഉദ്ദേശിക്കുന്ന ശിക്ഷണം, അലാറാം ക്ലോക്ക് അടിക്കുന്ന കണിശതയോടെ കൃത്യസമയത്ത് കാര്യങ്ങൾ ചെയ്യുന്ന സ്വഭാവത്തെക്കാൾ ഉന്നതമായ ഒന്നാണ്. ആത്മനിയന്ത്രണത്തെയും, ധീരതയെയും, സ്ഥിരപരിശ്രമത്തെയും ആത്മാവിന്റെ ആന്തരിക ആയുധം എന്ന നിലയിൽ അണിയുന്ന ശീലവും അതിൽ ഉൾപ്പെടും. അനേകവർഷങ്ങൾ നിയന്ത്രണരഹിതമായി ജീവിച്ചു പോന്നതിന്റെ അനന്തരഫലമാണ് വിശ്വാസികളുടെ ഇടയിൽ ഇന്നു കാണുന്ന പല വികാരവിക്ഷോഭങ്ങളും. മദ്യപിക്കുകയും, വ്യഭിചരിക്കുകയും ചെയ്യുന്ന പിൻമാറ്റക്കാരെപ്പറ്റിയല്ല ഞാനിവിടെ പറയുന്നത്. മറിച്ച് ഇവയൊന്നും ചെയ്യാത്തവരും എന്നാൽ അച്ചടക്കമില്ലാത്തവരുമായ 'ബഹുമാന്യക്രിസ്ത്യാനി'കളെപ്പറ്റിയാണ്. ജീവിതകാലം മുഴുവൻ പരിശോധനകളിൽ നിന്ന് ഓടിയൊളിക്കുകയും, തങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ആളുകളിൽനിന്ന് ഒഴിഞ്ഞുനിൽക്കുകയും, എളുപ്പവഴി അന്വേഷിക്കുകയും, പ്രശ്നങ്ങളുടെ നടുവിൽ മൂല്യങ്ങളെ ഉപേക്ഷിക്കുകയും ചെയ്യുന്ന സ്വഭാവരീതി ആരോഗ്യമില്ലാത്ത വിശ്വാസികളെയാണ് സൃഷ്ടിക്കുക. അത്തരക്കാർക്ക് ദൈവത്തിന് അവരെപ്പറ്റിയുള്ള സമ്പൂർണഹിതം നിറവേറ്റുവാനോ, ക്രിസ്തുവിന്റെ ശരീരത്തിലെ പ്രയോജനമുള്ള അംഗങ്ങളായി പ്രവർത്തിക്കുവാനോ കഴിയുകയില്ല.

ദൈവവചനം പറയുന്നത്: കഷ്ടകാലത്തു നീ കുഴഞ്ഞു പോയാൽ നിന്റെ ബലം നഷ്ടം തന്നെ. (സദൃ.24:10).

പ്രതികൂലങ്ങൾ നമ്മുടെയെല്ലാം ജീവിതത്തിൽ നിശ്ചയമായും ഉണ്ടാകും. എന്നാൽ സ്ഥിരമായി ശിക്ഷണവിധേയമാക്കപ്പെട്ട ജീവിതത്തിനുമാത്രമേ ഭീരുത്വമില്ലാതെ അതിനെയെല്ലാം നേരിടാനുള്ള ശക്തി നമ്മിൽ രൂപപ്പെ

**ധാരാളം ക്രിസ്ത്യാനികൾ 'പരിശുദ്ധാത്മസ്നാനത്തിന്റെ' വൈകാരികമായ അനുഭവത്തിലൂടെ കടന്നുപോകുന്നു. എന്നാൽ അവർ ചിന്തിക്കുന്നത് ശക്തിയുക്തമായ സ്വയനിഷേധവുമായി ഇതിന് യാതൊരു ബന്ധവുമില്ല എന്നത്രെ! എന്തെല്ലാം വൈകാരിക അനുഭവങ്ങൾ ഉണ്ടായിരുന്നാലും, ദൈനംദിനജീവിതത്തിന്റെ എല്ലാ മേഖലകളിലും ശിക്ഷണമുള്ള ഒരു ജീവിതം നയിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ യഥാർത്ഥവിശുദ്ധി പ്രാപിക്കുവാൻ ആർക്കും സാധ്യമല്ല.**

ടുത്തിയെടുക്കാൻ കഴിയൂ!

**ശിക്ഷണം-ശക്തിയുടെ താക്കോൽ**

ധാരാളം ക്രിസ്ത്യാനികൾ 'പരിശുദ്ധാത്മസ്നാനത്തിന്റെ' വൈകാരികമായ അനുഭവത്തിലൂടെ കടന്നുപോകുന്നു. എന്നാൽ അവർ ചിന്തിക്കുന്നത് ശക്തിയുക്തമായ സ്വയനിഷേധവുമായി ഇതിന് യാതൊരു ബന്ധവുമില്ല എന്നത്രെ! എന്തെല്ലാം വൈകാരിക അനുഭവങ്ങൾ ഉണ്ടായിരുന്നാലും, ദൈനംദിനജീവിതത്തിന്റെ എല്ലാ മേഖലകളിലും ശിക്ഷണമുള്ള ഒരു ജീവിതം നയിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ യഥാർത്ഥവിശുദ്ധി പ്രാപിക്കുവാൻ ആർക്കും സാധ്യമല്ല. ശിക്ഷണത്തിന്റെ പ്രയോജനങ്ങൾ വർദ്ധിച്ചുവരുന്ന വിശുദ്ധിയിലും, ആത്മീയതയിലും മാത്രമല്ല ദൈവത്തിനായി നാം ചെയ്യുന്ന കാര്യങ്ങളുടെ കാര്യക്ഷമതയിലും, ഫലപ്രാപ്തിയിലും കൂടെ വെളിപ്പെട്ടു വരും.

പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാഡം ഗയോൺ എന്ന ക്രിസ്തീയവനിത അനേകവർഷങ്ങൾ ഫ്രാൻസിലെ അറപ്പുളവാക്കുന്ന ഒരു ജയിലിൽ അടയ്ക്കപ്പെട്ടു. എന്നാൽ അവരുടെ സുശിക്ഷിതമായ ജീവിതം, സാഹചര്യങ്ങൾക്കുമപ്പുറത്ത് ആത്മാവിന്റെ ഔന്നത്യത്തിലായിരിപ്പാനും താഴെകാണുന്ന വരികൾ എഴുതുവാനും അവരെ പ്രാപ്തയാക്കി:

"ഈ തടവറ എനിക്കു ചുറ്റും അതിരുകൾ തീർക്കുന്നു
അകലേയ്ക്ക് പറന്നുയരുവാൻ എനിക്കു സാധിക്കുന്നുമില്ല
എന്റെ ചിറകുകളെ ബലമായി കെട്ടിയിട്ടിരിക്കുന്നു
എങ്കിലും എന്റെ ഹൃദയം സ്വതന്ത്രമാണ്
എന്റെ ആത്മാവിന്റെ സ്വാതന്ത്ര്യത്തേയും,
ആത്മാവിന്റെ ചിറകുകളേയും നിയന്ത്രിപ്പാൻ
ഈ കാരാഗൃഹമതിലുകൾക്ക് കഴിവില്ല".

അത്ഭുതാവഹമായ ആത്മീയശക്തിയാണ് ഇത്തരമൊരു ജീവിതത്തിൽ വെളിപ്പെടുന്നത്.

ശിക്ഷണമില്ലാത്ത ഒരുവനുമായി താരതമ്യം ചെയ്യുമ്പോൾ സുശിക്ഷിതനായ ഒരാൾക്കുള്ള മേൻമകൾ അനുദിനജീവിതത്തിലെ മിക്ക സാധാരണ കാര്യങ്ങളിലും കാണാൻ കഴിയും.

ശിക്ഷണമുള്ള മനുഷ്യൻ വസ്ത്രങ്ങൾ ഒതുക്കമായും വൃത്തിയായും സൂക്ഷിക്കുന്നു; ശിക്ഷണമില്ലാത്തവനോ വസ്ത്രങ്ങൾ വലിച്ചുവാരിയിടുന്നു. ഒരുവൻ താനുപയോഗിക്കുന്ന കുളിമുറി ശുചിയാക്കുന്നു; മറ്റേയാൾ അതു വേറെയാരെങ്കിലും ശുചിയാക്കട്ടെ എന്ന അലസഭാവത്തിലിരിക്കുന്നു. ഒരുവൻ മുൻകൂട്ടി പദ്ധതികൾ തയ്യാറാക്കുകയും അത് നടപ്പിൽ വരുത്തുകയും ചെയ്യുന്നു; അപരനെ സംബന്ധിച്ച് എല്ലാം 'ഭാഗ്യവശാൽ' സംഭവിക്കുന്നു. സഭായോഗങ്ങളുൾപ്പെടെ എത്തിച്ചേരേണ്ടിടത്തെല്ലാം ഒരുവൻ കൃത്യമായി എത്തിച്ചേരുന്നു. മറ്റേയാൾ എല്ലായിടത്തും താമസിച്ച് എത്തുന്ന

**സഭായോഗങ്ങളുൾപ്പെടെ എത്തിച്ചേരേണ്ടിടത്തെല്ലാം ഒരുവൻ കൃത്യമായി എത്തിച്ചേരുന്നു. മറ്റേയാൾ എല്ലായിടത്തും താമസിച്ച് എത്തുന്ന സ്വഭാവത്തിന് കുപ്രസിദ്ധി ആർജിച്ച ആളാണ്. ഈ കാര്യങ്ങളിലെല്ലാം സ്വഭാവത്തിലുള്ള വ്യത്യാസമല്ല, മറിച്ച് ശീലത്തിലുള്ള വ്യത്യാസമാണ് പ്രതിഫലിക്കുന്നത്. ചിന്താശീലരും, ചിട്ടയുള്ളവരും ആയ വിശ്വാസികൾ-അവരാണ് ദൈവം കരുതിവച്ചിരിക്കുന്നതിൽ ഏറ്റവും നല്ലത് കൈവശമാക്കാൻ പോകുന്നത്.**

സ്വഭാവത്തിന് കുപ്രസിദ്ധി ആർജിച്ച ആളാണ്. ഈ കാര്യങ്ങളിലെല്ലാം സ്വഭാവത്തിലുള്ള വ്യത്യാസമല്ല, മറിച്ച് ശീലത്തിലുള്ള വ്യത്യാസമാണ് പ്രതിഫലിക്കുന്നത്. ചിന്താശീലരും, ചിട്ടയുള്ളവരും, മിതവ്യയം ശീലിച്ചവരും, കൃത്യതയുള്ളവരും, ഒതുക്കമുള്ള സ്വഭാവം ശീലിച്ചവരും ആയ വിശ്വാസികൾ-അവരാണ് ദൈവം കരുതിവച്ചിരിക്കുന്നതിൽ ഏറ്റവും നല്ലത് കൈവശമാക്കാൻ പോകുന്നത്.

**അച്ചടക്കം-പക്വതയുടെ അടയാളം**

ദൈനംദിന ജീവിതത്തിലുള്ള ശിക്ഷണം കൂടാതെ ആർക്കും പൂർണമായ പക്വത നേടാനാവില്ല.

**ശാരീരികമായ അഭിലാഷങ്ങൾ:**

നമ്മുടെ ശാരീരികമായ അഭിലാഷങ്ങളെ യേശുനാഥന്റെ ഭരണത്തിനു കീഴ്പ്പെടുത്തുന്നതും ശിക്ഷണത്തിൽ ഉൾപ്പെടുന്നു. പൗലോസ് പറഞ്ഞു: "ഒരു കായികാഭ്യാസിയെപ്പോലെ ഞാൻ എന്റെ ശരീരത്തെ ശിക്ഷിക്കുകയും, അതിനെ കർശനമായി മെരുക്കുകയും, പ്രവർത്തിക്കേണ്ടതുപോലെ പ്രവർത്തിക്കുവാൻ അതിനെ അഭ്യസിപ്പിക്കുകയും ചെയ്യുന്നു. അപ്രകാരം ഞാൻ ചെയ്യാതിരുന്നാൽ മറ്റുള്ളവരെ ഓട്ടമത്സരത്തിൽ ചേർത്തശേഷം ഞാൻ സ്വയം അയോഗ്യനായി പ്രഖ്യാപിക്കപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്യും. (ഇംഗ്ലീഷ്-ലിവിംഗ് 1 കൊരി. 9:27).

ഈ ശിക്ഷണമാരംഭിക്കുന്നത് ഊണുമേശയിൽ വച്ച് - "നന്ദി, ഇതിലധികം ഞാൻ ഭക്ഷിക്കുകയില്ല" എന്നു ഉറപ്പോടെ പറയുന്ന ഒരു ഭക്ഷണശീലത്തിലൂടെയാവാം. ലൈംഗികമേഖലയിലെ ശിക്ഷണവും ഇതിന്റെ ഭാഗം തന്നെ. ഒരുവന്റെ അവിവാഹിതദിവസങ്ങളിൽ ലൈംഗികാഭിനിവേശം പൂർണമായി നിയന്ത്രിക്കപ്പെടണം. എന്നാൽ വിവാഹജീവിതത്തിലും ഈ നിയന്ത്രണത്തിന് സ്ഥാനമുണ്ട്. ശിക്ഷണമുള്ള ഒരു വ്യക്തിക്ക് ജീവിതവിശുദ്ധി പാലിക്കുന്നതിനായി തന്റെ ഏതഭിലാഷത്തിനും എപ്പോഴും വഴങ്ങുന്ന ഒരു ഭാര്യ ഉണ്ടായിരിക്കണമെന്നില്ല. ഭാര്യയുമായുള്ള തന്റെ ബന്ധം സന്തോഷകരമെങ്കിൽ അയാൾ അതിന് നന്ദിയുള്ളവനായിരിക്കും. മറിച്ചാണെങ്കിലോ? ജീവിതത്തിലുടനീളം സമ്പൂർണ വർജ്ജനം പാലിക്കുവാൻ അയാൾ ബാധ്യസ്ഥനായിത്തീരും. അതിനായി ദൈവത്തിൽ നിന്ന് കൂടുതൽ കൃപ അന്വേഷിക്കുകയും തന്നെ നിലനിർത്തുവാൻ കഴിയുന്ന ദൈവശക്തി അയാൾ പ്രാപിക്കുകയും ചെയ്യും. ഒരുവന്റെ നൈസർഗികപ്രകൃതം കൊണ്ടല്ല, ശിക്ഷണം മൂലമാണ് ഇതെല്ലാം സാധിക്കുന്നത്.

ഈ കാര്യത്തിൽ ഒരു വ്യക്തി തന്റെ ജീവിതപങ്കാളിക്കു സാധാരണയിൽ കവിഞ്ഞ ക്ലേശം വരുത്തരുതെന്ന് പൗലോസ് താക്കീത് നൽകിയിട്ടുണ്ടെന്നത് ശരിതന്നെ (1 കൊരി. 7:5) എന്നാൽ ഈ നിർദ്ദേശം നടപ്പാക്കുവാൻ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങൾ വരുമ്പോൾ എന്താണു ചെയ്യേണ്ടത്? അപ്പോഴും ശിക്ഷണമുള്ള മനുഷ്യൻ വിജയജീവിതം നയിക്കും. കാരണം

**ലൈംഗികമായി എതിർചേരിയിൽപെട്ട ഒരാളോട് സംസാരിക്കുമ്പോൾ എന്തുവിലകൊടുത്തും പരിധിവിടാതെയും കരുതലോടുകൂടിയും സംസാരിക്കേണ്ടതാവശ്യമാണ്. കാരണം നിഷ്ക്കളങ്കമായ സ്നേഹം ക്രമേണ അടുപ്പമായും, അടുപ്പം ദുർമോഹമായും മാറിയേക്കാം. അങ്ങനെ നിർദ്ദോഷമായി ആരംഭിച്ചത് ഇരുകൂട്ടരെയും ഞെട്ടിച്ചു കൊണ്ട് അപ്രതീക്ഷിതമായി വിനാശത്തിൽ അവസാനിക്കുകയും ചെയ്യും.**

തന്റെ കഴിവിനപ്പുറമുള്ള പരീക്ഷ തന്നെ നേരിടുവാൻ ദൈവം അനുവദിക്കുകയില്ലെന്ന് അയാൾക്കുറപ്പുണ്ട് (1 കൊരി. 10:13).

ലൈംഗികമായ പ്രലോഭനത്തിൽപ്പെട്ട് വിഷമിച്ചു കൊണ്ടിരുന്ന ഒരാളോട് എഫ്. ബി.മേയർ എന്ന ശ്രേഷ്ഠ ദൈവദാസൻ ഇപ്രകാരം പറഞ്ഞു: “എന്റെ ജീവിതത്തിലും ഈ മേഖലയിൽ ഞാൻ കുരിശുവഹിക്കേണ്ടതായി വന്നിട്ടുണ്ട്. അതാണ് എന്നെ ഇന്നത്തെ ഞാനാക്കിത്തീർത്തത്”.

### വികാരങ്ങൾ

നമ്മുടെ വികാരങ്ങളേയും നാം നിയന്ത്രണാധീനമാക്കിത്തീർക്കണം. നാം സ്നേഹത്തിൽ ഊഷ്മളമായ ഹൃദയമുള്ളവരായിരിക്കണമെന്ന് ദൈവം നിശ്ചയമായും ആഗ്രഹിക്കുന്നുണ്ട്. എന്നാൽ ജ്ഞാനത്തോടുകൂടിയതല്ലെങ്കിൽ ഈ സ്വഭാവം നമ്മെ ആലോചനാശൂന്യമായ ഭോഷത്തങ്ങൾ പറയുന്നവരും ചെയ്യുന്നവരുമാക്കിത്തീർക്കും. നാം പിന്നീട് പശ്ചാത്തപിക്കേണ്ടിയും വരും. പെട്ടെന്ന് പറയാനും ചെയ്യാനുമുള്ള നമ്മുടെ ആന്തരികപ്രചോദനത്തിന് നാം വഴങ്ങരുത്.

“ഒരു നല്ല മനുഷ്യൻ ചിന്തിച്ചശേഷം സംസാരിക്കുന്നു; ദുഷ്ടമനുഷ്യനോ ചിന്താശൂന്യനായി ദുഷിച്ച വാക്കുകൾ ചൊരിയുന്നു...വാക്കിൽ ബദ്ധപ്പാടുള്ള ഒരു മനുഷ്യനെ നീ കാണുന്നുവോ? അവനേക്കാൾ മൂഢനെക്കുറിച്ച് അധികം പ്രത്യാശയുണ്ട്” (സദൃ.15.28; 29:20-LB, KJV)

സുഹൃത്തുക്കളോടുള്ള വികാരപരമായ അടുപ്പത്തെയും ശിക്ഷണത്തിൽ കൊണ്ടുവരേണ്ടതാണ്. ക്രമേണ അവരുടെ അടുപ്പം സ്വാർത്ഥനിഷ്ഠയിലേക്കും, മറ്റുള്ളവരെ കരുതാത്ത സ്വഭാവത്തിലേക്കും നയിച്ചേക്കാം. ഇത്തരത്തിലുള്ള അമിതമായ അടുപ്പം അനാരോഗ്യകരവും ദോഷത്തിൽ കലാശിക്കുന്നതുമാണെന്ന് നമുക്ക് ഓർക്കാം. ലൈംഗികമായി എതിർചേരിയിൽപെട്ട ഒരാളോട് സംസാരിക്കുമ്പോൾ എന്തുവിലകൊടുത്തും പരിധിവിടാതെയും കരുതലോടുകൂടിയും സംസാരിക്കേണ്ടതാവശ്യമാണ്. കാരണം നിഷ്ക്കളങ്കമായ സ്നേഹം ക്രമേണ അടുപ്പമായും, അടുപ്പം ദുർമോഹമായും മാറിയേക്കാം. അങ്ങനെ നിർദ്ദോഷമായി ആരംഭിച്ചത് ഇരുകൂട്ടരെയും ഞെട്ടിച്ചു കൊണ്ട് അപ്രതീക്ഷിതമായി വിനാശത്തിൽ അവസാനിക്കുകയും ചെയ്യും. ‘നിന്റെ കണ്ണു ചൂഴ്ന്നെടുത്ത് എറിഞ്ഞുകളയുക’ എന്നും ‘കൈവെട്ടി എറിഞ്ഞുകളയുക’ എന്നും കർത്താവ് തീരെ മയമില്ലാതെ പറഞ്ഞത് ഈ സാഹചര്യങ്ങളിൽ ഒട്ടും അതിശയോക്തിയല്ല. ഇത്തരം സാഹചര്യങ്ങളിൽ കർശനമായ നടപടി സ്വീകരിക്കുകയും നമ്മുടെ വികാരങ്ങളെ നിഷ്ക്കരുണം മരിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടുമാത്രമേ നമ്മുടെ ആത്മാവിനെയും, ഭവനത്തെയും, സന്തോഷത്തെയും, സാക്ഷ്യത്തെയും അവിടുത്തേക്കുവേണ്ടി സുരക്ഷിതമാക്കി വയ്ക്കുവാൻ നമുക്കു കഴിയുകയുള്ളൂ.

“ഞാൻ നിസ്സഹായനായിപ്പോയി/നിസ്സഹായയായിപ്പോയി’’ എന്ന് സാത്താൻ നിന്നെക്കൊണ്ട് പറയിക്കാൻ ഇടനൽകരുത്. നിങ്ങളുടെ വികാരങ്ങൾ ഉടനടി നിങ്ങളുടെ ഇച്ഛയെ അനുസരിച്ചു എന്നു വരികയില്ല. എന്നാൽ നിന്റെ പ്രവൃത്തി ഇച്ഛയെ പിന്തുടരുക തന്നെ വേണം. കാലക്രമേണ വികാരങ്ങളും നിന്റെ ലക്ഷ്യബോധമുള്ള ശിക്ഷണത്തെയും ഉറച്ച നിലപാടിനെയും പിന്തുർന്നുകൊള്ളും. സ്വയം തീ കൊളുത്തിയശേഷം അതിനെ വളരെ പാടുപെട്ടു കെടുത്തേണ്ടിവരുന്ന ഒരു സന്ദർഭം ഉണ്ടാവാതെ സൂക്ഷിക്കുക!

**“ഞാൻ നിസ്സഹായനായിപ്പോയി/നിസ്സഹായയായിപ്പോയി” എന്ന് സാത്താൻ നിന്നെക്കൊണ്ട് പറയിക്കാൻ ഇടനൽകരുത്. നിങ്ങളുടെ വികാരങ്ങൾ ഉടനടി നിങ്ങളുടെ ഇച്ഛയെ അനുസരിച്ചു എന്നു വരികയില്ല. എന്നാൽ നിന്റെ പ്രവൃത്തി ഇച്ഛയെ പിന്തുടരുക തന്നെ വേണം. കാലക്രമേണ വികാരങ്ങളും നിന്റെ ലക്ഷ്യബോധമുള്ള ശിക്ഷണത്തെയും ഉറച്ച നിലപാടിനെയും പിന്തുർന്നു കൊള്ളും.**

### മാറിമാറിവരുന്ന മാനസികാവസ്ഥകൾ

മാറിമാറി വരുന്ന മാനസികനിലകളുടെ മേലുള്ള നമ്മുടെ ആധിപത്യവും സുശിക്ഷിതമായ സ്വഭാവത്തിന്റെ ഒരു ഭാഗമാണ്. നാം ജഡത്തിലായിരിക്കുന്ന കാലത്തോളം പുറമേയുള്ള സംഭവങ്ങൾ നമ്മുടെ മാനസികാവസ്ഥയുടെ ഏറ്റക്കുറച്ചിലുകൾക്ക് കാരണമായേക്കാം. ഉദാഹരണത്തിന് പഠനത്തിലോ ജോലിയിലോ ഉള്ള പരാജയം, ശാരീരികമായ അസ്വസ്ഥതകൾ എന്നിവ താത്കാലികമായി ഒരു നിരാശ നമ്മിൽ ഉണ്ടാക്കിയേക്കാം. എന്നാൽ ഇത്തരം അവസ്ഥകൾ നമ്മുടെ പ്രവർത്തനത്തെയോ, പെരുമാറ്റത്തെയോ മറ്റുള്ളവരുമായുള്ള ബന്ധത്തെയോ, പ്രതികൂലമായവിധത്തിൽ ബാധിക്കാതെ സൂക്ഷിക്കുവാൻ ശിക്ഷണത്തിന് കഴിയും. നാം നമ്മുടെ മാനസികനിലകൾക്ക് അടിമയായിരിക്കുന്ന പക്ഷം അതു നമ്മെ അബദ്ധതീരുമാനങ്ങളിലേക്കും, അനാവശ്യമായ പണച്ചെലവിലേക്കും, കടമകളെ വിസ്മരിക്കുന്ന സ്വഭാവത്തിലേക്കും, ആളുകളോടുള്ള പെരുമാറ്റ വ്യത്യാസത്തിലേക്കുമൊക്കെ നയിച്ചേക്കാം. ആദ്യം നമ്മുടെ സഹവാസികൾ ഒരു ആശയക്കുഴപ്പത്തിലാകും. പിന്നീടവർ നമ്മെപ്പറ്റി “ഓ, ഇതയാളുടെ ഒരു നേരഭേദമാണ്” എന്ന് നിന്ദാസൂചകമായി പറയും. നമ്മളുമായുള്ള ബന്ധത്തിൽ വളരെ ശ്രദ്ധാപുർവ്വം പെരുമാറുകയും ചെയ്യും -കാരണം അവർക്കറിയില്ലല്ലോ നാമിപ്പോൾ ഏതവസ്ഥയിലാണെന്ന്!

നാം പ്രഘോഷിക്കുന്ന രക്ഷയ്ക്കും, നമ്മുടെ നാഥനും ഇതു വളരെ മോശമായ ഒരു സാക്ഷ്യമാണ് നൽകുക.

എന്നാൽ ശിക്ഷണമുള്ള ഒരു ക്രിസ്ത്യാനിയാകട്ടെ തന്റെ മനസ്സു വിഷമിച്ചിരിക്കുമ്പോഴും, ഉത്സാഹഭരിതമായിരിക്കുമ്പോഴും ആളുകളോട് പ്രസന്നതയോടെ പെരുമാറും. ‘എനിക്ക് ഇപ്പോൾ അതു ചെയ്യുവാൻ തോന്നുന്നില്ല’ എന്ന് അയാൾ ഒരു സമയത്തും പറയുകയില്ല. തങ്ങളുടെ മാറിമാറിവരുന്ന മാനസികനിലകളെ ജയിക്കുവാനും, ഉത്സാഹം തോന്നാത്തപ്പോഴും പ്രവർത്തിക്കുവാനും കഴിയുന്നവർക്കു മാത്രമേ കർത്താവിനുവേണ്ടി സ്ഥിരചിത്തതയോടെ ഒരു ജോലി ചെയ്യാൻ സാധിക്കുകയുള്ളൂ.

### നമ്മുടെ സംസാരം

നാവ് ജ്ഞാനത്താൽ നിയന്ത്രിക്കപ്പെടുകയും സ്നേഹത്താൽ ഭരിക്കപ്പെ

**തുറന്നടിച്ചു കാര്യങ്ങൾ പറയുന്ന സ്വഭാവം ഒരു ക്രിസ്തീയസ്വഭാവഗുണമായിരിക്കണമെന്നില്ല. തന്റെ മനസ്സിൽ തോന്നുന്നതെല്ലാം തുറന്നു പറയുന്നയാൾ ഒരു ഭോഷനായിരിക്കും. കാര്യങ്ങൾ തുറന്നുപറയുന്ന ശീലം യുക്തിയോടും, സ്നേഹപൂർവവും, വിവേചനാശക്തിയോടും കൂടെ പോയെങ്കിൽ മാത്രമേ അതൊരു സദ്ഗുണമാകുന്നുള്ളൂ.**

ടുകയും ചെയ്യുന്ന ഒരവസ്ഥയിലല്ലാതെ യാതൊരു വ്യക്തിയും ശിക്ഷണമുള്ള ഒരാളായി പരിഗണിക്കപ്പെടുകയില്ല. (യാക്കോ.1:26). ഒരു മനുഷ്യന് സുശിക്ഷിതമായ ശരീരവും, മനസ്സും ഇച്ഛാശക്തിയും ഉണ്ടായിരിക്കാം. അയാളുടെ വികാരങ്ങളും, അഭിരുചികളും, ശീലങ്ങൾ പോലും ശിക്ഷണവിധേയമായിരിക്കാം. എന്നാൽ അടക്കമില്ലാത്ത നാവ് അയാളുടെ സാക്ഷ്യജീവിതത്തിൽ അയാളെ ചതിക്കുന്ന മാരകമായ ഒരു ന്യൂനതയാകും. തുറന്നടിച്ചു കാര്യങ്ങൾ പറയുന്ന സ്വഭാവം ഒരു ക്രിസ്തീയസ്വഭാവഗുണമായിരിക്കണമെന്നില്ല. തന്റെ മനസ്സിൽ തോന്നുന്നതെല്ലാം തുറന്നു പറയുന്നയാൾ ഒരു ഭോഷനായിരിക്കും. കാര്യങ്ങൾ തുറന്നു പറയുന്ന ശീലം യുക്തിയോടും, സ്നേഹപൂർവവും, വിവേചനാശക്തിയോടും കൂടെ പോയെങ്കിൽ മാത്രമേ അതൊരു സദ്ഗുണമാകുന്നുള്ളൂ. സമയവും, സ്ഥലവും, മനുഷ്യവികാരങ്ങളും മാനിക്കാതെ നാം നടത്തുന്ന അഭിപ്രായപ്രകടനങ്ങൾ പലപ്പോഴും പാപപൂർണമായിത്തീരും. സംസാരിക്കുന്നതിനേക്കാൾ സംസാരത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കുന്നത് വളരെ ഉന്നതമായ ശിക്ഷണത്തിന്റെ ലക്ഷണമാണ്. സഹിഷ്ണുതയും, ക്ഷമയുമെല്ലാം നാം അത്യാവശ്യമായി പരിശീലിക്കേണ്ട ഗുണങ്ങളത്രെ.

**നമ്മുടെ മുൻഗണനകൾ**

യഥാർത്ഥശിക്ഷണമുള്ള ഒരാൾ പ്രാധാന്യം കുറഞ്ഞ കാര്യങ്ങളെ പ്രാധാന്യം കൂടിയവയ്ക്കു കീഴ്പ്പെടുത്താൻ തക്കവിധം ജ്ഞാനമുള്ളവനാണ്. ഇന്നത്തെകാലത്തു നാം നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നവും ഇതു തന്നെ. നമ്മുടെ പ്രായോഗിക ജീവിതത്തിൽ ദൈവരാജ്യത്തിനും അവിടുത്തെ നീതിക്കും നാം ഒന്നാം സ്ഥാനം കൊടുക്കാൻ പഠിക്കണം. നമ്മുടെ ശ്രദ്ധയും സമയവും പിടിച്ചുപറ്റാൻ ശ്രമിക്കുകയും പ്രധാനപ്പെട്ടവ ചെയ്യുന്നതിൽ നിന്ന് നമ്മെ പിൻതിരിപ്പിക്കുകയും ചെയ്യുന്ന ഒരു വലിയ അളവ് അനാവശ്യ പ്രവൃത്തികളെ നിരസിക്കുന്നതിലൂടെയാണ് ഇത് സാധ്യമാകുന്നത്.

തെരഞ്ഞെടുപ്പ്- തെരഞ്ഞെടുപ്പ്- തെരഞ്ഞെടുപ്പ് ! ഇതാണ് ഇന്നത്തെ ജീവിതത്തിന്റെ പ്രമാണം.

നമുക്ക് എല്ലാം ചെയ്യാൻ കഴിയുകയില്ല. അതുകൊണ്ട് നാം തെരഞ്ഞെടുത്തേ മതിയാകൂ. നമുക്ക് എല്ലാം വായിക്കാൻ പറ്റില്ല . അവിടെയും നാം തെരഞ്ഞെടുക്കണം. നമ്മുടെ മുൻഗണന ഏതിന് എന്നു തെരഞ്ഞെടുക്കുന്നതിലാണ് നമ്മുടെ മുഴുവൻ ആത്മീയ ഔന്നത്യവും. നാം അപ്രധാന കാര്യങ്ങളെ മുമ്പന്തിയിലുള്ളതായി കരുതുകയും രണ്ടാം തരം കാര്യങ്ങളോടു കൂടുതൽ പ്രതിബദ്ധത പുലർത്തുകയും ചെയ്താൽ, അഥവാ നമ്മുടെ സ്നേഹിതൻമാരെയും, ഇഷ്ടാനിഷ്ടങ്ങളെയും, താത്കാലിക സൗകര്യങ്ങളേയും മുൻഗണനയ്ക്കു മാനദണ്ഡമായി സ്വീകരിച്ചാൽ നാം സാഹചര്യങ്ങളുടെ ഒഴുക്കിൽപ്പെട്ടു താഴോട്ടു പോകുവാനിടയാകും . ദൈവത്തിനും മനുഷ്യർക്കും പ്രയോജനമില്ലാത്ത ജഡികരും, പ്രാകൃതരും, രണ്ടാംതരം സ്വഭാവത്തോടുകൂ





**സമയവും, സ്ഥലവും, മനുഷ്യവികാരങ്ങളും മാനിക്കാതെ നാം നടത്തുന്ന അഭിപ്രായപ്രകടനങ്ങൾ പലപ്പോഴും പാപപൂർണമായിത്തീരും. സംസാരിക്കുന്നതിനേക്കാൾ സംസാരത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കുന്നത് വളരെ ഉന്നതമായ ശിക്ഷണത്തിന്റെ ലക്ഷണമാണ്. സഹിഷ്ണുതയും, ക്ഷമയുമെല്ലാം നാം അത്യാവശ്യമായി പരിശീലിക്കേണ്ട ഗുണങ്ങളത്രെ.**

ടിയവരുമായ ക്രിസ്ത്യാനികളായി നാം അധ:പതിക്കും.

അതേ സമയം തന്നെ അധരങ്ങൾകൊണ്ട് മാത്രം മുൻഗണന ഏറ്റു പറയുകയും, നമ്മുടെ നല്ല ഉദ്ദേശ്യങ്ങളെ ചിന്താമണ്ഡലത്തിൽ മാത്രം വയ്ക്കുകയും, അയവില്ലാതെ ഇപ്പോൾത്തന്നെ അവയോടു പ്രവൃത്തിയിലൂടെ പറ്റിച്ചേരാതിരിക്കുകയും ചെയ്താൽ സ്വഭാവഗുണത്തിൽ നാമൊട്ടും മുമ്പോട്ടു പോകുകയില്ല !! മുൻഗണനയിലുള്ള ശിക്ഷണം ഒരു മനുഷ്യനെ അതിരാവിലെ ഉണർന്ന ശേഷം കിടക്കയിൽ കിടന്നുരുളാതെ ദൈവമുഖം അന്വേഷിപ്പാൻ ജാഗ്രതയുള്ളവനാക്കിത്തീർക്കും.

**ന്യായയുക്തമായ അധികാരത്തിനു കീഴങ്ങിയിരിക്കൽ**

ശിക്ഷണമുള്ള വ്യക്തിയെ തിരിച്ചറിയാൻ സഹായിക്കുന്ന മറ്റൊരു കാര്യം ന്യായയുക്തമായ അധികാരങ്ങൾക്ക് പ്രസാദത്തോടുകൂടിയുള്ള അയാളുടെ കീഴടങ്ങൽ ആണ്. ജീവിതത്തിലെ എല്ലാ സാധാരണ ബന്ധങ്ങളിലും അധികാരത്തോടുള്ള ചെറുത്തുനിൽപ്പും, തന്നിഷ്ടവും കാണിക്കുന്നത് ബുദ്ധിഹീനതയെയും നാശത്തെയുമാണ്. അധികാരത്തിനെതിരെയുള്ള ചെറുത്തുനിൽപ്പ് ശീലമാക്കിയവർ 'ജഡികരായ ക്രിസ്ത്യാനികളാണ്'; ആത്മീയരല്ല. "ഞാൻ എന്തു ചെയ്യണമെന്ന് എന്നോടാരും പറഞ്ഞുതരേണ്ട" എന്നു തുറന്നടിച്ചു പറയാൻ വലിയ ബുദ്ധിയുടേയോ സ്വഭാവഗുണത്തിന്റേയോ പിൻബലം വേണ്ട. എന്നാൽ ഇതുരണ്ടും സന്തോഷത്തോടെയും, സൗമനസ്യത്തോടെയും അധികാരത്തിനുകീഴടങ്ങാൻ ആവശ്യമത്രെ!

കീഴടങ്ങാത്ത സ്വഭാവം നിശ്ചയമായും സ്വാർത്ഥതയുടെ പരിണതഫലമാണ്; അതിന്റെ അവസാനമോ ദുരിതവും പ്രയോജനശൂന്യതയും മാത്രം.

എന്നാൽ നമ്മുടെ മനഃസാക്ഷിക്കു വിരുദ്ധമായ കാര്യങ്ങളിൽ നാം അധികാരികളുടെ താത്പര്യങ്ങൽക്കും അഭിപ്രായങ്ങൾക്കും അന്ധമായി കീഴ്പ്പെടണം എന്ന് അർത്ഥമാകുന്നുണ്ടോ? ഒരിക്കലുമില്ല. നമ്മുടെ ദൈവപൈതലെന്ന നിലയിലുള്ള ബോധ്യങ്ങളും വിശ്വാസങ്ങളും നാം നിലനിർത്തുകയും സത്യത്തിനു വേണ്ടി അധികാരത്തോടുതന്നെയും ചെറുത്തു നിൽക്കേണ്ടത് എപ്പോഴാണെന്ന് മനസ്സിലാക്കുകയും മാത്രമേ വേണ്ടൂ.

**ശിക്ഷണത്തിന്റെ അപകടങ്ങൾ**

ശിക്ഷണമുള്ള ജീവിതത്തിലെ ഏറ്റവും വലിയ അപകടങ്ങളിലൊന്ന് അച്ചടക്കത്തിനാണ് ജീവിതത്തിൽ പരമോന്നതസ്ഥാനമെന്ന് നാം തെറ്റിദ്ധരിക്കുന്നതാണ്. യേശുകർത്താവുമായി ശരിയായവിധത്തിലുള്ള ഒരു ഹൃദയബന്ധമാണ് നമ്മുടെ ഏറ്റവും വിലപ്പെട്ട നിധി; അതുകൊണ്ട് ശിക്ഷണം നമ്മുടെ ഒരു സേവകനായിരിക്കണം-രക്ഷകനായിരിക്കരുത്!

ശിക്ഷണത്തിന്റെ രണ്ടാമത്തെ അപകടം അഹങ്കാരമാണ്. ശിക്ഷണം ഒരുവനെ മറ്റെല്ലാവരിൽ നിന്നും

**ശിക്ഷണമുള്ള ജീവിതത്തിലെ ഏറ്റവും വലിയ അപകടങ്ങളിലൊന്ന് അച്ചടക്കത്തിനാണ് ജീവിതത്തിൽ പരമോന്നതസ്ഥാനമെന്ന് നാം തെറ്റിദ്ധരിക്കുന്നതാണ്. യേശുകർത്താവുമായി ശരിയായവിധത്തിലുള്ള ഒരു ഹൃദയബന്ധമാണ് നമ്മുടെ ഏറ്റവും വിലപ്പെട്ട നിധി; അതുകൊണ്ട് ശിക്ഷണം നമ്മുടെ ഒരു സേവകനായിരിക്കണം- രക്ഷകനായിരിക്കരുത്!**

ഉയർന്ന നിലയിലുള്ള ഒരു ജീവിതത്തിലേക്കു നയിക്കുന്നു എന്നതിനു സംശയമില്ല. എന്നാൽ തന്നെപ്പറ്റി ഈ നിലയിലുള്ള ഒരു തിരിച്ചറിവ് സൂക്ഷിക്കുവാനും താൻ മറ്റുള്ളവരെക്കാൾ ഉയർന്നവനാണെന്ന് ചിന്തിക്കുവാനും അതയാളെ പ്രേരിപ്പിക്കും. താൻ സ്വയം നിയന്ത്രിക്കാൻ കഴിവുള്ളവനാണെന്നുള്ള സംതൃപ്തി ദൈവത്തിനു കൊടുക്കേണ്ട മഹത്വം തന്നിലേക്കു തന്നെ നിക്ഷേപിക്കുന്ന അപകടത്തിലേക്ക് അയാളെ കൊണ്ടുചെന്നെത്തിക്കും. തങ്ങളുടെ പ്രവൃത്തികൾകൊണ്ട് സ്വയം നീതീകരിച്ച് അഹങ്കാരികളായിത്തീർന്ന പരീശന്മാരുടെ സ്വഭാവം എത്ര അരോചകമാണെന്ന് നാമോർക്കുന്നുണ്ടല്ലോ.

ശിക്ഷണത്തിന് മൂന്നാമതായുള്ള ഒരു കുഴപ്പം നാം സന്ന്യാസജീവിതത്തെ ഓർമ്മിപ്പിക്കുമാറ് ആത്മസംയമനത്തിന്റെ അങ്ങേയറ്റത്തേയ്ക്ക് പോയേക്കാം എന്നുള്ളതാണ്. അവിശ്വാസികളുടെ സന്ന്യാസജീവിതത്തെക്കാൾ വളരെ വ്യത്യസ്തമായ ഒന്നാണ് ക്രിസ്തീയമായ ശിക്ഷണം. തപസ്സനുഷ്ഠിക്കുന്നവർ തങ്ങളിലേക്കുതന്നെ ശ്രദ്ധയാകർഷിക്കുന്നു; ശിക്ഷണം അതു ചെയ്യുന്നില്ല. സന്ന്യാസജീവിതം പറയുന്നു "തൊടരുത്, രുചിക്കരുത്..." എന്നിങ്ങനെ (കൊലോ. 2:20-23). എന്നാൽ ശിക്ഷണമോ ആത്മീയജീവിതത്തെ ബാധിക്കുന്ന കാര്യങ്ങളിൽ ചിട്ട വരുത്തുന്നു.

സന്ന്യാസജീവിതം വിശ്വസിക്കുന്നത് എല്ലാ ഭൗതികകാര്യങ്ങളും തിന്മയാണ് എന്നാണ്. ജീവിതത്തിലെ നല്ല കാര്യങ്ങളെക്കൂടി വെറുക്കുവാൻ അതു പ്രേരിപ്പിക്കുന്നു. ദൈവം നമുക്ക് സമ്മാനമായിത്തന്നിരിക്കുന്ന സന്തോഷത്തെയും, അനുഭവങ്ങളെയും നിരസിക്കുവാനും വിശുദ്ധിയെന്നത് ഭൗതികമായ എല്ലാ കാര്യങ്ങളെയും നിഷേധിക്കുകയാണെന്ന് വിശ്വസിക്കാനും നമ്മെ പ്രേരിപ്പിക്കുന്നു. ഇതിനു വിപരീതമായി ക്രിസ്തീയശിക്ഷണം ഒരിക്കലും ഭൂമിയിലെ അനുഗ്രഹങ്ങളെ നിന്ദയോടെ കാണുന്നില്ലെന്നു മാത്രമല്ല അവയെല്ലാം ആത്മീയമായ ഉന്നതിക്കുവേണ്ടി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. ഈ ശിക്ഷണം ഭൗതികമായ കാര്യങ്ങളെ ഉപയോഗപ്പെടുത്തുന്നു; എന്നാൽ അതിനാൽ നിയന്ത്രിക്കപ്പെടുകയോ അതിനെ ദുരുപയോഗം ചെയ്യുകയോ ചെയ്യുന്നില്ല. (1 കൊരി. 7:29-31). അതു ഭൗതികകാര്യങ്ങളെ ആസ്വദിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കുന്നില്ല പക്ഷേ എല്ലാം ദൈവമഹത്വത്തിനുവേണ്ടി നിയന്ത്രിതമായി ഉപയോഗിക്കാൻ ശീലിക്കുന്നു.

ക്രിസ്തീയമായ ശിക്ഷണം ചില സമയത്തെങ്കിലും ദൈവത്തിന്റെ നല്ല ദാനങ്ങളെപ്പോലും നിരസിച്ച് ജീവിക്കുവാൻ അനുശാസിക്കാറുണ്ടെന്നത് ഒരു സത്യമാണ്. എന്നാൽ ഈ വിട്ടുനിൽപ്പ് നമ്മുടെ വിശുദ്ധീകരണത്തേക്കാൾ ഉപരി ദൈവത്തെയും ജനത്തെയും കൂടുതൽ പ്രയോജനപ്രദമായി സേവിക്കുന്നതിനുവേണ്ടിയായിരിക്കും-ഉദാഹരണത്തിന് പൗലോസ് അപ്പോസ്തലൻ കർത്താവിനെയും, സഭയേയും കൂടു

*(ശേഷം പേജ് 26 ൽ)*





# ലെസ്ലി ന്യൂബിഗിൻ: ക്രിസ്തുവിന്റെ പടയാളി

മാത്യു ജോർജ്ജ്

പാശ്ചാത്യ പൗരസ്ത്യ സംസ്ക്കാരങ്ങളിൽ ഒരുപോലെ മിഷനറിവേല ചെയ്ത മിഷനറിമാർ തുലോം ചുരുക്കമത്രെ. ക്രിസ്തീയ ചരിത്രത്തിൽ ഈ രണ്ട് മതസംസ്ക്കാരങ്ങളുടെ നടുവിൽ നിന്നുകൊണ്ട് ആധികാരികമായി സുവിശേഷീകരണത്തെപ്പറ്റി സംസാരിക്കാൻ സ്വജീവിതത്തിലൂടെ കഴിഞ്ഞ മറ്റൊരു വ്യക്തിയെ ചൂണ്ടിക്കാണിക്കുക എളുപ്പമല്ല. 1909 ൽ ഇംഗ്ലണ്ടിൽ ജനിച്ച ലെസ്ലി ന്യൂബിഗിൻ എന്ന മിഷനറിയെപ്പറ്റിയാണ് പറഞ്ഞുവരുന്നത്.

ഭക്തരായ മാതാപിതാക്കളുടെ മകനായിരുന്നു ലെസ്ലി. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയപ്പോഴേക്കും ബാല്യകാലത്തെ ഭവനാന്തരീക്ഷത്തിൽ ലഭിച്ച 'ക്രിസ്തീയബോദ്ധ്യങ്ങൾ' ഒക്കെ ലെസ്ലി ഉപേക്ഷിച്ചിരുന്നു. എന്നാൽ കോളജ് വിദ്യാഭ്യാസകാലത്ത് "വീണ്ടും വിശ്വാസത്തിന്റെ പാത" അന്വേഷിക്കാൻ ഈ ചെറുപ്പക്കാരന് ഇടയായി. ക്രിസ്തീയ വിദ്യാർത്ഥിപ്രസ്ഥാനത്തിലൂടെ, ബൗദ്ധികവും ആത്മികവുമായ ശക്തി തെളിയിച്ച മിഷനറി നേതാക്കളാണ് ഈ അന്വേഷണത്തിന് ലെസ്ലി ന്യൂബിഗിനെ പ്രേരിപ്പിച്ചത്. വെയിൽസിലെ ഒരു ഖനി തൊഴിലാളിക്യാമ്പിൽ സാമൂഹ്യസേവനത്തിൽ ഏർപ്പെട്ടിരുന്ന സന്ദർഭത്തിൽ തനിക്കുണ്ടായ ഒരു 'ദർശനവും' ഈ അന്വേഷണത്തിന് പ്രേരകമായി. ലെസ്ലിയുടെ ജീവിതത്തെ വ്യത്യാസപ്പെടുത്തിയത് ഭീമാകാരമായ ഒരു ക്രൂശിന്റെ ദർശനമായിരുന്നു. ആശയറ്റ മനുഷ്യന്റെ അരിഷ്ടതയിലേക്ക് താണിറങ്ങിവന്ന് ജീവനും വിജയവും വാഗ്ദാനം ചെയ്യുന്ന ഒന്നായിട്ടാണ് താൻ ആ ക്രൂശിനെ കണ്ടത്.

സ്വന്തം അറിവിന്റേയും, ധൈര്യത്തിന്റേയും വിഭവസമ്പത്തിന്റേയും 'അവസാനം' കണ്ട ആ ചെറുപ്പക്കാരൻ ആദിമ നൂറ്റാണ്ടിലെ ആ പഴയ സുവിശേഷം അറിയിക്കാനുള്ള വിശ്വാസം ആർജിക്കുകയായിരുന്നു. പരസ്യയോഗങ്ങളിൽ കുടുക്കുചോദ്യങ്ങളെ നേരിടാനും, തൊഴിലാളികളായ സ്ത്രീപുരുഷന്മാരുടെ ഗൗരവമുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകാനും ഒരുവനെ സജ്ജമാക്കുന്ന തീക്ഷ്ണതയുള്ള വിശ്വാസം. 1936 ൽ ഹെലൻ ഹെന്റേഴ്സനെ വിവാഹം കഴിച്ചു. തുടർന്ന് ഇൻഡ്യയിൽ മിഷനറിയായി പ്രവർത്തിച്ചപ്പോൾ സുവിശേഷീകരണത്തിന് ന്യൂബിഗിൻ ഉപയോഗിച്ചത് ആ പഴയ രീതികൾ തന്നെയായിരുന്നു. തന്റെ സൈക്കിളിന്റെ പിറകിൽ ഒരു തടിപ്പെട്ടിയിൽ കുറഞ്ഞവിലമാത്രമുള്ള സുവിശേഷപ്രതികൾ നിറച്ച് സഞ്ചരിച്ചിരുന്ന അദ്ദേഹം കൂടെക്കൂടെ സൈക്കിൾസ്റ്റാന്റിൽ വച്ച് പെട്ടി തുറന്ന് ഒരു സുവിശേഷപ്രതി വായിക്കാൻ എടുക്കും. താമസിയാതെ ഒരു ചെറിയ ആൾക്കൂട്ടം ന്യൂബിഗിനു ചുറ്റും കൂടുക പതിവായിരുന്നു. ആ ചെറിയ കൂട്ട



## *പതറാതെ മുന്നോട്ട്:*

**ലെസ്ലി ന്യൂബിഗിൻ**

ത്തോട് ലളിതമായ ഭാഷയിൽ സുവിശേഷം പറകയും ഒരണ വിലയ്ക്ക് സുവിശേഷപ്രതികൾ കൊടുക്കുകയും ചെയ്തുവന്നു.

ഒരു തലമുറ മുമ്പ് ജീവിച്ചിരുന്ന റോളന്റ് അലെൻ എന്ന 'ഏകാകിയായ പ്രവാചകന്റെ' എഴുത്തുകൾ ന്യൂബിഗിനെ സ്വാധീനിച്ചിരുന്നു. തുടക്കത്തിൽ അലെന്റെ ആശയങ്ങളോട് മനസ്സുകൊണ്ട് പോരാടിയെങ്കിലും ആ പോരാട്ടത്തിൽ താൻ പരാജയപ്പെട്ടതായി ന്യൂബിഗിൻ സമ്മതിക്കുന്നുണ്ട്. സുവിശേഷത്തിന്റെ വ്യാപ്തി സഭയുടെ സ്വമേധയാ ഉള്ള വളർച്ചയിലൂടെ സംഭവിക്കേണ്ടതാണ് എന്ന ബോദ്ധ്യമായിരുന്നു റോളന്റ് അലെൻ മുമ്പോട്ടുവച്ചത്. സ്വദേശിയായ ഒരു ക്രിസ്തുശിഷ്യൻ മറ്റൊരാളിനെ ശിഷ്യത്വത്തിലേക്ക് നയിക്കുന്ന രീതി. തെക്കേ ഇന്ത്യയിൽ തന്റെ പ്രവർത്തനഫലമായി ഉടലെടുത്ത ദക്ഷിണേന്ത്യാ ഐക്യസഭയുടെ പ്രഥമ അദ്ധ്യക്ഷനായി ഉത്തരവാദിത്വം വഹിച്ച സമയം സുവിശേഷീകരണത്തിൽ മേൽപ്പറഞ്ഞ പ്രമാണം പ്രയോഗത്തിൽ വരുത്താൻ അദ്ദേഹം പരിശ്രമിച്ചു.

ഈ കാലഘട്ടത്തിൽ ഇന്ത്യയിൽ പ്രവർത്തിച്ചിരുന്ന അമേരിക്കൻ മിഷനറി മക് ഗവ്റന്റെ പല ആശയങ്ങളോടും ന്യൂബിഗിന് വിയോജിപ്പായിരുന്നു. പുതിയ ക്രിസ്തീയവിശ്വാസികൾ ജാതിയുടെ അടിസ്ഥാനത്തിൽ വ്യത്യസ്തകൂട്ടങ്ങളായി നിലകൊള്ളുന്നതാണ് ഉത്തമം എന്ന് മക് ഗവ്റൻ വിശ്വസിച്ചിരുന്നു. പരസ്പരകൂട്ടായ്മയ്ക്കും ഓരോ സഭാകൂട്ടങ്ങളുടേയും വളർച്ചക്കും ഒരേ സാമൂഹിക-ജാതി പശ്ചാത്തലം സഹായകമാകും എന്ന ചിന്ത ക്രിസ്തീയമല്ല എന്ന് മറ്റ് പല പ്രമുഖഭാരതീയ ക്രിസ്തീയനേതാക്കളെയും പോലെ ന്യൂബിഗിനും വിശ്വസിച്ചു. ക്രിസ്തുവിൽ എല്ലാവരും ഒന്ന് എന്ന സുവിശേഷസംസ്ക്കാരത്തിന് യോജിക്കാത്ത ഈ ചിന്താഗതിയെ എതിർത്ത ന്യൂബിഗിൻ സുവിശേഷം വേഗത്തിൽ പരക്കുന്നതും, സഭ വേഗത്തിൽ വളരുന്നതും രണ്ടു കാര്യങ്ങളാണെന്ന് പറയാൻ മടിച്ചില്ല. പുതിയ ശിഷ്യന്മാരുടേയും ക്രിസ്തീയകൂട്ടങ്ങളുടേയും എണ്ണത്തേക്കാൾ അവരുടെ വിശ്വസ്തതയ്ക്കായിരുന്നു പൗലൊസും ഊന്നൽ കൊടുത്തിരുന്നത് എന്ന കാര്യം നാം മറക്കരുത്. എന്നാൽ ഒരു ക്രിസ്തീയമിഷനറി ഒരു മിഷൻസ്റ്റേഷനിൽ സ്ഥിരതാമസക്കാരൻ ആകരുത് എന്ന കാര്യത്തിൽ ന്യൂബിഗിൻ മക്ഗവ്റനോട് ഏകാഭിപ്രായക്കാരനായിരുന്നു. ദീർഘമായ 35 വർഷങ്ങൾ ഭാരതത്തിൽ ഒരു മിഷനറിയായി പ്രവർത്തിച്ചശേഷം ന്യൂബിഗിൻ അറുപത്തഞ്ചാം വയസ്സിൽ ബ്രിട്ടനിലെ ബിർമിംഗ് ഹാമിലേക്ക് മടങ്ങി-വിശ്രമജീവിതത്തിനായി. (കരമാർഗ്ഗം രണ്ട് സൂട്ട്കേസുകളുമായി ഇംഗ്ലണ്ടിലേക്ക് മടങ്ങിയത് തികച്ചും അവിശ്വസനീയം തന്നെ).

തുടർന്നുള്ള ആയുസ്സ് ദൈവവചനം പഠിപ്പിക്കാനും എഴുതുവാനും വിനിയോഗിക്കണം എന്നതായിരുന്നു ഇംഗ്ലണ്ടിലേക്ക് മടങ്ങിയ ന്യൂബിഗിന്റെ ആഗ്രഹം. പക്ഷേ യേശുക്രിസ്തുവിന്റെ ഒരു ശിഷ്യൻ സുവിശേഷകനായാൽ എവിടെ വിശ്രമം? മുപ്പത്തഞ്ചു വർഷത്തെ ഇടവേളകൊണ്ട് ഇംഗ്ലണ്ട് ഒരു "വിദേശമിഷൻ ഫീൽഡ്" ആയി മാറിയ കാര്യം ന്യൂബിഗിനെ അത്ഭുതപ്പെടുത്തി. ഇന്ത്യയേക്കാൾ അധികം സുവിശേഷസന്ദേശത്തിന് കൊട്ടിയടക്കപ്പെട്ട ഹൃദയങ്ങൾ, തന്റെ മാതൃരാജ്യത്താണ് എന്ന കണ്ടെത്തൽ ഹൃദയഭേദകമായിരുന്നു. ഇന്ത്യയിൽ പലയിടത്തും നേരിടേണ്ടിവന്ന എതിർപ്പുകളെക്കാൾ കഠിനമായിരുന്നു ഇംഗ്ലണ്ടിലെ സുവിശേഷത്തോടുള്ള തണുപ്പൻ-പരിഹാസമനോഭാവം. ഭൗതികതലത്തിലെ ഈ 'വിഗ്രഹാരാധന'ക്കെതിരേ ശക്തമായ ഒരു സുവിശേഷപോരാട്ടമാണു സഭയുടെ മുമ്പിലുള്ള ഏറ്റവും വലിയ പ്രായോഗിക വെല്ലുവിളി എന്ന് തനിക്ക് ബോദ്ധ്യമായി.

ഇംഗ്ലണ്ടിൽ മടങ്ങി എത്തി അഞ്ചു വർഷത്തിനുശേഷം ബിർമിംഗ് ഹാമിൽ ശുഷ്ക്കമായ ഒരു പള്ളി അടച്ചുപൂട്ടാൻ സഭയുടെ അധികാരികൾ ചിന്തിച്ചസമയം. വിൻസൺഗ്രീൻ ജയിലിന് അടുത്തുള്ള ഈ പള്ളി ഒരിക്കലും അടച്ചു പൂട്ടിക്കൂടാ എന്ന് വാദിച്ച ന്യൂബിഗിൻ വിജയിച്ചു എങ്കിലും, ആ സഭയുടെ ആത്മികഉത്തരവാദിത്വം എറ്റെടുക്കേണ്ടിവന്നു-ശമ്പളം ഇല്ലാത്ത പാസ്റ്റർ! സഭ ബുദ്ധിമുട്ടുള്ള പ്രദേശങ്ങൾ ഒഴിവാക്കി എളുപ്പമായ മേച്ചിൽപുറങ്ങൾ തേടിപോയാൽ സുവിശേഷവിഹിതസഭ എന്ന പേരിന് അർഹയല്ല എന്ന് അദ്ദേഹം പറയുമായിരുന്നു. സഭയുടെ ചുറ്റുവട്ടത്തിലുള്ള ഏഷ്യൻ വംശജരെക്കുറിച്ചുള്ള ഭാരത്താൽ ഇന്ത്യാക്കാരനായ ഒരു സഹപ്രവർത്തകന്റെ സേവനം കണ്ടെത്തി. സിക്കുകാരുടേയും ഹിന്ദുക്കളുടേയും ഭവനങ്ങൾ അവർ ഒരുമിച്ച് സന്ദർശിച്ചപ്പോൾ ഇംഗ്ലീഷുകാരുടെ ഭവനങ്ങളിൽ ലഭിക്കാതിരുന്ന സ്വീകരണം ലഭിച്ചതായി ലെസ്ലി ന്യൂബിഗിൻ സാക്ഷിക്കുന്നു.

കഴിഞ്ഞ ചില ദശകങ്ങളായി പ്രചരിപ്പിച്ചുവരുന്ന വ്യത്യസ്തസംസ്ക്കാരങ്ങൾ തമ്മിലുള്ള ആശയവിനിമയം, സന്ദർഭാനുസരമുള്ള സുവിശേഷീകരണം തുടങ്ങിയ പാശ്ചാത്യ ആശയങ്ങളെ ന്യൂബിഗിൻ മനസ്സുകൊണ്ട് തിരസ്ക്കരിച്ചു. അദ്ദേഹത്തിന്റെ മനസ്സിൽ 'സുവിശേഷം' സ്വാർത്ഥതയിൽ ഊന്നിയുള്ള മനോഭാവത്തെ വെല്ലുവിളിക്കുന്ന ഒന്നായതിനാൽ ഏതു സംസ്ക്കാരത്തിനും അതീതമായിരിക്കണം. സുവിശേഷീകരണത്തിനുള്ള അക്ഷമയുള്ള തിടുക്കത്തിൽ നിന്നും വ്യത്യസ്തമാണ് ഈ സുവിശേഷമനോഭാവം. സമകാലികസുവിശേഷീകരണം മിക്കപ്പോഴും ഒരോ സംസ്ക്കാരത്തിന്റെ അതിർവരമ്പുകൾക്കുള്ളിൽ നിൽക്കുന്ന ഒന്നായിത്തീരാം. ഉദാഹരണത്തിന് ഇന്നത്തെ കമ്പോളസംസ്ക്കാരത്തിൽ മനുഷ്യന്റെ സുഖലോലുപതയെ തൃപ്തിപ്പെടുത്തുന്ന നിലയിൽ യേശുവിനെ പ്രസംഗിക്കാം. എന്നാൽ യഥാർത്ഥമിഷനറി (സുവിശേഷകൻ) ഒരുവന്റെ സംസ്ക്കാരത്തെ വെല്ലുവിളിക്കുന്ന, ആക്രമണകാരിയായ ഒരു ശക്തിയായി സുവിശേഷത്തെ കാണുന്നവനാണ്. സാമൂഹികപ്രതിബദ്ധതയ്ക്കു മീതെ ഉന്നതമായ മറ്റൊരു കർത്തൃത്വത്തിന് വിധേയപ്പെടുന്ന ഒരുവനെ വാർത്തെടുക്കുകയത്രെ യഥാർത്ഥസുവിശേഷലക്ഷ്യം.

ഒരു മിഷനറി എന്ന നിലയിൽ ദീർഘവർഷങ്ങളിലെ അനുഭവങ്ങൾ സ്വന്തം വിശ്വാസസംഹിതയെയും, ഉപദേശരൂപത്തെയും വെല്ലുവിളിച്ചതായി ന്യൂബിഗിൻ കണ്ടെത്തി. പ്രത്യേകിച്ച് ദൈവത്തിന്റെ മുന്നറിവ്, മുൻനിയമനം തുടങ്ങിയ ഉപദേശങ്ങളെപ്പറ്റി പുതിയ വെളിപ്പാടുകൾ അദ്ദേഹത്തിനുണ്ടായിരുന്നു. ദൈവം തന്റെ മുന്നറിവിൽ നമ്മെ തെരഞ്ഞെടുക്കുന്നത് 'എന്തുകൊണ്ട്' എന്നതിനേക്കാൾ 'എന്തിനുവേണ്ടി' എന്ന കാര്യത്തിലായിരുന്നു

# യജമാനന്റെ എളിയദാസൻ

**ചൈ**നാ ഇൻലാൻഡ് മിഷന്റെ സ്ഥാപകൻ ഹഡ്സൺടെയ്‌ലർ ഓസ്ട്രേലിയായിലെ മെൽ ബോണിൽ ഒരു യോഗത്തിനു പ്രസംഗിക്കും മുൻപ് സംഘാടകർ അദ്ദേഹത്തെ ഇങ്ങനെ പരിചയപ്പെടുത്തി:“പ്രഗത്ഭനായ ടെയ്‌ലർ ഇനി പ്രസംഗിക്കും”

പ്രസംഗത്തിനെഴുന്നേറ്റ ടെയ്‌ലർ ഇങ്ങനെ തുടങ്ങി:‘സുഹൃത്തുക്കളേ, പ്രഗത്ഭനായ യജമാനന്റെ എളിയദാസൻ മാത്രമാണു ഞാൻ”.

പ്രവൃത്തിയിലും അദ്ദേഹം അങ്ങനെയായിരുന്നു. ഒരു ദിവസം അദ്ദേഹത്തിന്റെ മിഷനറി സംഘത്തിലെ ഒരു യുവാവ് പകലത്തെ അധ്വാനക്ഷീണം മൂലം തന്റെ വൃത്തിഹീനമായ ഷൂസ് പുറത്തിട്ടശേഷം ഉറങ്ങുവാനായി പോയി. രാവിലെ എഴുന്നേറ്റുവന്ന യുവാവ് കണ്ടതു തന്റെ ഷൂസുകൾ ആരോ ഭംഗിയായി പോളീഷു ചെയ്തു വച്ചിരിക്കുന്നതാണ്. മിഷനറി സംഘത്തിന്റെ തലവനായ ഹഡ്സൺ ടെയ്‌ലറായിരുന്നു രാത്രിയിൽ എഴുന്നേറ്റ് അങ്ങനെ ചെയ്തത്! (യോഹന്നാൻ 13:4,5,17.)

അദ്ദേഹത്തിന്റെ ശ്രദ്ധ. വേദശാസ്ത്രികൾ ഉപദേശവിഷയങ്ങളെപ്രതി പോരാടുമ്പോൾ ന്യൂബിഗിൻ ദൈവത്തിന്റെ കൃപയാലുള്ള തെരഞ്ഞെടുപ്പിനെ പ്രത്യേകമായ ഒരു പദവിയായികാണാതെ, പ്രത്യേക ഉത്തരവാദിത്വമായി കാണാൻ ഇഷ്ടപ്പെട്ടു.

തന്റെ ജീവിതത്തിന്റെ ഒടുവിലത്തെ വർഷങ്ങളിൽ ന്യൂബിഗിൻ ലോകത്തിലെ ഏറ്റവും അധികം ബഹുമാനിക്കപ്പെടുന്ന മിഷനറിമാരിൽ ഒരാളായി മാറിയിരുന്നു. തന്റെ പ്രവർത്തനവും സുവിശേഷീകരണ സിദ്ധാന്തങ്ങളും കൊണ്ട് സ്വാധീനിക്കപ്പെട്ടവർ അസംഖ്യമാണ്. ലോകസഭകളുടെ കൗൺസിൽ വിളിച്ചുകൂട്ടിയ ഒരു സമ്മേളനത്തിൽ ഒടുവിലായി താൻ ചെയ്ത പ്രസംഗങ്ങൾ “പഴഞ്ചൻ സുവിശേഷീകരണ”ത്തെ പിൻതാങ്ങിയായിരുന്നു. കഴിഞ്ഞകാലമിഷനറിമാരുടെ ‘പാപ’ത്തിന് പ്രായശ്ചിത്തമായി ‘യേശുവിലൂടെ മാത്രം രക്ഷ’ എന്ന് നാം അവകാശപ്പെടരുത് എന്ന പലരുടേയും ചിന്താഗതിയെ അടിമുടി അദ്ദേഹം എതിർക്കുകയുണ്ടായി. “ഞാൻ ഒരു പഴയമിഷനറിയാണ്. പണ്ടത്തെ മിഷനറിമാരുടെ ‘പാപം’ ഞാനും ചെയ്തിട്ടുണ്ട്. ‘യേശുവിലൂടെയല്ലാതെ രക്ഷയില്ല’ എന്ന് വിളിച്ചു പറയുന്നത് ‘പാപ’മാണെങ്കിൽ എനിക്കു മാപ്പുതരിക. “യേശുവിനെക്കുറിച്ച് ഞാൻ ഒന്നും സംസാരിക്കാതെ, എന്റെ ജീവിതം കൊണ്ട് മാത്രം സാക്ഷിയായി മറ്റുള്ളവർ വിശ്വസിക്കാൻ ഇടയാകട്ടെ” എന്ന ചിന്താഗതി ശരിയല്ല എന്നും ന്യൂബിഗിൻ ചിന്തിച്ചു. ജീവിതം എന്ന ‘ചുവർ’ സുവിശേഷത്തിന്റെ ചുവരെഴുത്തിന് ആവശ്യമില്ല എന്നല്ല, മറിച്ച് ‘വാക്കും പ്രവൃത്തിയും’ സാക്ഷിക്കുന്ന ആ പഴയ സുവിശേഷീകരണത്തിന്റെ വക്താവായിരുന്നു ഒടുക്കംവരെ അദ്ദേഹം.

എൺപത്തി എട്ടാമത്തെ വയസ്സിൽ, 1998 ൽ ലെസ്ലി ന്യൂബിഗിൻ നിര്യാതനായി. യേശുവിന്റെ ക്രൂശിനോളം പഴക്കമുള്ള സുവിശേഷത്തിന്റെ സന്ദേശവാഹകനായിരുന്ന ‘ആ പഴയ മിഷനറി’ കഥാവശേഷനായെങ്കിലും ആ ജീവിതം നമ്മെ വെല്ലുവിളിച്ചുകൊണ്ടിരിക്കുന്നു!



# “വിശ്വസിക്കുന്നവരുടെ കൂട്ടം”

## ലെസ്ലി ന്യൂബിഗിൻ

**ന**മ്മുടെ കർത്താവ് സ്വർഗ്ഗാരോഹണത്തിനുമുമ്പ് ഭൂമിയിൽ അവശേഷിപ്പിച്ചത് എന്തായിരുന്നു? ഒരു മഹൽഗ്രന്ഥമോ, ഒരു വിശ്വാസപ്രമാണമോ, ഒരു ചിന്താസരണിയോ, ജീവിതത്തിനുള്ള ഒരു നിയമമോ ഒന്നും ആയിരുന്നില്ല. ദൃശ്യമായ ഒരു സമൂഹമായിരുന്നു യേശുവിനുപകരം ഇവിടെ ബാക്കിനിന്നത്. രക്ഷയുടെ പൂർണ്ണമായ തോതിലുള്ള വേല ഈ സമൂഹത്തെ കർത്താവ് ഏല്പിച്ചിരുന്നു. ഏതെങ്കിലും ഒരു കേന്ദ്രീകൃതമായ ആശയത്തിനുചുറ്റുമല്ലായിരുന്നു ആ സമൂഹം ഒന്നിച്ചുകൂടിയത്. അങ്ങനെ ആയിരുന്നെങ്കിൽ ആ ആശയം പ്രാഥമികവും സമൂഹം രണ്ടാമത്തേതും ആയേനെ. കർത്താവ് ബോധപൂർവ്വം തെരഞ്ഞെടുക്കുകയും തന്നിൽ പുതുസൃഷ്ടികളാക്കുകയും ചെയ്തവരുടെ ആ സമൂഹം യേശു ആരാണെന്നും അവൻ എന്താണ് ചെയ്തതെന്നും വ്യക്തമാക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടുവന്നു. ഈ സമൂഹം തന്നെയാണ് പ്രാഥമിക കാര്യം. അവർ എന്തുമനസ്സിലാക്കി എന്നത് അതിനുശേഷം മാത്രം വരുന്ന കാര്യമത്രെ.

ദൈവം ക്രിസ്തുവിൽ ചെയ്ത മഹാപ്രവൃത്തിയിലാണ് തുടക്കം. ദൃശ്യമായ സാക്ഷിക്കുന്ന ഒരു സമൂഹം ആയിരിക്കാനുള്ള സഭയുടെ വിളിയാണ് അടുത്ത കാര്യം. സഭയാം സമൂഹത്തിന്റെ ഘടന ദൈവരാജ്യത്തിന്റെ അനാവരണത്തിന് ഉതകുന്നതാവണം. വ്യവസ്ഥാപിതമായ ഒരു സംഘടനയല്ല ഒരിക്കലും യേശു വിഭാവനം ചെയ്തത്.

ചില സ്ഥലങ്ങളിലുള്ള ചിലർക്കു മാത്രം സത്യമായിരിക്കുന്ന ഒരു വിശ്വാസം ഒരു മനുഷ്യന്റെ ആത്യന്തികവും പരിപൂർണ്ണവുമായ വിധേയത്വം ആർജിക്കാൻ പര്യാപ്തമല്ല. ഒരേഒരു ഭൗമശാസ്ത്രവും ഗണിതശാസ്ത്രവും ഉള്ള ലോകത്തിൽ സാർവ്വലൗകികമായ വിശ്വാസം ആർജ്ജിക്കാൻ കെൽപ്പുള്ള ഒന്നായിരിക്കണം യഥാർത്ഥക്രിസ്തീയവിശ്വാസം.

മനുഷ്യന്റെ അസ്തിത്വത്തിന്റെ ഒരു ഭാഗവും ദൈവികരക്ഷയുടെ പരിധിക്കു വെളിയിലല്ല. ദൈവത്തിന്റെ മനസ്സലിവ് സർവ്വസൃഷ്ടിയിലേക്കും എത്തുന്ന ഒന്നാണ്. ദൈവവചനത്തിൽ പറയുന്ന വിധം ജീവിക്കാൻ ദൈവസഭ പഠിക്കേണ്ടിയിരിക്കുന്നു. ഐഹികമായ മിഥ്യയെ അടിസ്ഥാനമാക്കിയല്ല ; ദൈവവചനാടിസ്ഥാനത്തിൽ, സഭ അതിന്റെ ജീവനും, സാക്ഷ്യവും, ആരാധനയും രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

സഭയെ അതിന്റെ മിഷനറിവേലയ്ക്കായി ഉണർത്തുകയാണ് നമ്മുടെ വിളി. സഭയെയും മിഷനറിവേലയേയും രണ്ടായി കാണുന്നത് ആത്മഹത്യാപരമാണ്. മിഷനറിവേലയെ വളർത്തുപുത്രിയായോ, മിക്കപ്പോഴും അനാഥബാലികയായോ കരുതുന്ന പ്രവണത ശരിയല്ല. പരമ്പരാഗതമായ സഭാശാസ്ത്രത്തിൽ മിഷനറിപ്രവർത്തനത്തിന് യാതൊരു സ്ഥാനവുമില്ല. എന്നാൽ യേശുക്രിസ്തു സഭയെ ഭൂമിയിൽ ആക്കിയത് ദൈവികവാഴ്ചയുടെ അടയാളമായും, ലോകമെമ്പാടും ദൈവരാജ്യത്തിന്റെ സാക്ഷ്യം നൽകാനുമത്രെ. ദൈവദത്തമായ മിഷനറിദൗത്യം ഏറ്റെടുക്കാൻ വിസമ്മതിക്കുന്ന സഭ, വിരൂപയായ സഭയത്രെ!

(ലെസ്ലി ന്യൂബിഗിന്റെ വിഖ്യാതമായ The Homehold of God (ദൈവത്തിന്റെ കുടുംബം) എന്ന ഗ്രന്ഥത്തിൽ നിന്ന്)

മൂകസന്ദേശം-3

# അനുസരണയുള്ള നായ്

സന്ദീപ് പുന്നൻ

**ക**ഴിഞ്ഞ വർഷം നവംബറിൽ ഞാൻ എന്റെ ഭാര്യ ലോറയുടെ കുടുംബവീട് സന്ദർശിച്ച സമയം. അവളുടെ കുടുംബത്തോടൊപ്പം ആഹ്ലാദകരമായി ചെലവഴിച്ച ഒരാഴ്ച. അവരുടെ വളർത്തുനായയിൽ ശ്രദ്ധേയമായ ഒരു കാര്യം ഞാൻ കണ്ടു.

'ബീഗൽ' ഇനത്തിൽപെട്ട ഈ നായ എട്ടുവർഷമായി ലോറയുടെ വീട്ടിലുണ്ട്. നല്ല അച്ചടക്കമുള്ള പട്ടി. നല്ലവണ്ണം ശിക്ഷണം ലഭിച്ചിരുന്ന അവൾ പലകാര്യങ്ങളും ചെയ്യാൻ പരിശീലിപ്പിക്കപ്പെട്ടിരുന്നു.

ഞാൻ വളർന്നുവന്നപ്പോൾ മിക്ക പട്ടികളെയും പേടിച്ചിരുന്നു. തെരുവുനായ്ക്കളിൽനിന്നും അനുസരണവും സൗഹൃദവും ഒക്കെ പ്രതീക്ഷിക്കാൻ പറ്റില്ലല്ലോ? നായ്ക്കൾ എത്രമാത്രം അനുസരണവും സ്നേവും ഉള്ള ജന്തുക്കളാവാൻ കഴിയും എന്ന് മനസ്സിലാക്കിയപ്പോൾ ക്രമേണ ഞാൻ നായ്ക്കളെ ഇഷ്ടപ്പെടാൻ തുടങ്ങി. ലോറയുടെ വീട്ടിൽ ആയിരുന്ന സമയത്ത് ഈ വസ്തുത നേരിൽ കണ്ട് ബോദ്ധ്യപ്പെടാൻ അവസരം ഉണ്ടായി.

ഉച്ചഭക്ഷണത്തിനുള്ള സമയം, എന്റെ ഭാര്യലോറ വളർത്തു നായ്ക്ക് കുറച്ച് ഭക്ഷണം പാത്രത്തിൽ ഇട്ടുകൊടുത്തു. സാധാരാണ പാത്രത്തിൽ ആഹാരം ഇട്ടുകഴിഞ്ഞാൽ നായ പാത്രത്തിനടുത്തേക്ക് ചെന്ന് തിന്നാൻ തുടങ്ങും . എന്നാൽ ഈ പ്രവശ്യം നായ ഭക്ഷണത്തിനടുത്തേക്ക് വന്നപ്പോൾ ലോറ ' അരുത് ' എന്ന് അവളോട് പറഞ്ഞു . നായ ക്ഷണത്തിൽ പാത്രത്തിനു മുമ്പിൽ നിന്ന് ലോറയുടെ മുഖത്തേക്ക് നോക്കാൻ തുടങ്ങി.


ഭക്ഷണം കഴിക്കാൻ പാത്രത്തിന്റെ അടുത്ത് വന്ന നായ ഒരു തെറ്റും ചെയ്യുകയായിരുന്നില്ല. അത് നായക്കൾക്കുവേണ്ടിയുള്ള ആഹാരമായിരുന്നു. അവൾക്കുവേണ്ടി തന്നെയാണ് യജമാനത്തി അത് പാത്രത്തിൽ ഇട്ടത്. വീട്ടിൽ മറ്റ് വളർത്തുനായ്ക്കൾ ഇല്ലാതിരുന്നതിനാൽ ഈ കാര്യത്തിൽ ഒരു സംശയത്തിനും ഇടയില്ലായിരുന്നു. കൂടാതെ ഉച്ചഭക്ഷണത്തിനുള്ള സമയവും ആയിരുന്നു. ഭക്ഷണം അവൾ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ഭക്ഷണത്തെപ്പറ്റിയുള്ള ഓർമ്മ അവളുടെ വായിൽ വെള്ളമൂറാൻ ഇടയാക്കിക്കാണും.

എന്നാൽ ലോറ ' അരുത് ' എന്ന് പറയുന്നത് കേട്ടമാത്രയിൽ അവൾ ഭക്ഷിക്കാനുള്ള നീക്കം നിർത്തുകയായിരുന്നു.

എന്നാൽ കുറേക്കൂടെ രസകരമായ കാര്യം കേൾക്കണോ? നായയെ നോക്കി ഒരിക്കൽ കൂടെ 'അരുത്' എന്ന് പറഞ്ഞശേഷം ലോറ വെളിയിലേക്ക് പോയി. നായയുടെ ശ്രദ്ധയിൽ പെടാതെ പിൻവശത്തെ ഒരു ജനാലയിലൂടെ ഞാനിതൊക്കെ കാണുന്നുണ്ടായിരുന്നു. ലോറ മുറിവിട്ട് പുറത്തേക്ക് പോകുമ്പോൾ എന്താണ് സംഭവിക്കാൻ പോകുന്നത് എന്നു കാണാൻ ഞാൻ ജിജ്ഞാസയോടെ കാത്തിരുന്നു.

ഞാനായിരുന്നെങ്കിൽ ഇതുപോ





ഭക്ഷണം തനിക്കുവേണ്ടിയുള്ളതു തന്നെ എന്ന കാര്യമോ, ജീവിച്ചിരിക്കാൻ ഭക്ഷണം കൂടിയേ തീരൂ എന്നതോ അവളുടെ യുക്തിയിലേക്ക് കടന്നു വന്നില്ല. നായയെ സംബന്ധിച്ചിടത്തോളം 'അരുത്' എന്ന കൽപന മറ്റെല്ലാ ചിന്തകളെയും കീഴടക്കുകയും, യുക്തിയുടെ മറ്റെല്ലാ ചിന്തകളെയും അപ്രസക്തമാക്കയും ചെയ്തു.

ലൊരു സാഹചര്യത്തിൽ എങ്ങനെ പ്രതികരിക്കുമായിരുന്നു എന്ന് ഉറപ്പായിരുന്നു. കുട്ടിക്കാലത്ത് എന്തെങ്കിലും ഒരു കാര്യം ചെയ്യരുത് എന്ന പറഞ്ഞിട്ട് അമ്മ മുറിവിട്ടുപോയാൽ, അമ്മ കാണാൻ കഴിയാത്ത ദൂരത്താണ് എന്നുമാത്രം ഉറപ്പുവരുത്തിയിട്ട് ഞാൻ ആഗ്രഹിക്കുന്ന കാര്യം ചെയ്യുന്ന സ്വഭാവക്കാരനായിരുന്നു ഞാൻ!.

എന്നാൽ ലോറയുടെ നായ ഒരിഞ്ചുപോലും മുമ്പോട്ടുപോകാതെ ഭക്ഷണപാത്രത്തിന്റെ മുമ്പിൽ നിന്നു. അവളുടെ നോട്ടം പോലും ഭക്ഷണപാത്രത്തിലേക്കായിരുന്നില്ല. ഒരു പക്ഷേ അത്തരം നോട്ടം അവൾക്ക് ശക്തമായ പരീക്ഷയാവേണ്ട എന്ന് കരുതിയിട്ടുണ്ടാവും . അതുകൊണ്ട് അവൾ നോട്ടം നേരെ മുമ്പിലേക്കാക്കി. ലോറ പോയിട്ട് ചില മിനിറ്റുകൾ കഴിഞ്ഞിട്ടും അവൾ സ്വസ്ഥാനത്തു തന്നെ നേരേ നോക്കി നിലയുറപ്പിച്ചു നിന്നു.

ചിലമിനിറ്റുകൾ കഴിഞ്ഞപ്പോൾ ലോറ മടങ്ങി വന്നപ്പോഴും നായ അവളേ നോക്കി നിന്നതേയുള്ളൂ. ഒരു ചെറു പുഞ്ചിരിയോടെ "ശരി , തിന്നോളു " എന്ന വാക്കുകൾ കേട്ടപ്പോൾ ഒട്ടും വൈകാതെ തലകുനിച്ച് നായ ആർത്തിയോടെ തിന്നാൻ തുടങ്ങി.

ഈ കാഴ്ച അസാധാരണമായി എനിക്കുതോന്നി. നായയുടെ ഈ പെരുമാറ്റം രണ്ടുകാരണങ്ങളാൽ എന്നെ ആകർഷിച്ചു . ഒന്നാമതായി, ലോറ മുറിയിൽ ഇല്ലാതിരുന്നിട്ടും അവൾ യജമാനത്തിയെ അനുസരിച്ചും. രണ്ടാമത് അവൾ ഭക്ഷണം കഴിക്കുന്നത് തികച്ചും ന്യായയുക്തമായിരുന്നിട്ടും അവൾ അനുസരിച്ചതും. ഒരു വിധത്തിൽ പറഞ്ഞാൽ "അരുത് " എന്ന് ലോറ പറഞ്ഞതിൽ ഒരു യുക്തിയും ഇല്ലായിരുന്നു. ഉച്ചഭക്ഷണ സമയം , നായയുടെ ഭക്ഷണം - അതു കഴിക്കരുത് എന്ന് പറയുന്നതിൽ എന്തു യുക്തി? ഇത്തരം അനുസരണം എത്രമാത്രം ബുദ്ധിമുട്ടുള്ളതാണെന്ന് അറിയുന്ന നമുക്ക് നായുടെ ഈ പെരു

**ദൈവശബ്ദത്തിന് ചെവികൊടുക്കുന്നതിന്റെ പ്രാധാന്യം നമുക്ക് ബോദ്ധ്യമാകട്ടെ! ദൈവത്തിനും ദൈവവചനത്തിനും പരമപ്രാധാന്യം നൽകുമാറ് നമ്മുടെ വീക്ഷണം ക്രമീകരിക്കാൻ നമുക്ക് കഴിയട്ടെ. തെറ്റിനേയും ശരിയേയുംകുറിച്ചുള്ള നമ്മുടെ നിർവ്വചനങ്ങൾ സ്ഥാപിക്കാൻ വൃഥാശ്രമം നടത്തി, നമുക്ക് ഉത്തമം എന്ന് തോന്നുന്ന കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കാതെ യേശുവിനോടുള്ള ഭക്തിയാൽ അവിടുത്തെ ശബ്ദത്തിനായി സദാ കാതോർക്കാം.**

മാറ്റം അത്ഭുതകരമായിതോന്നും. ആരും ശ്രദ്ധിക്കാതെയിരിക്കുമ്പോൾ പ്രലോഭനം ചെറുക്കാൻ കൂടുതൽ പ്രയാസമാണല്ലോ. നാം ചെയ്യരുതെന്ന് പറയുന്ന ആ കാര്യം ചെയ്യുന്നതാണ് ഏറ്റവും യുക്തിപൂർവ്വം എന്ന അപ്പോഴാണ് നമുക്ക് തോന്നുന്നത്.

ഗുരുവും ശിഷ്യനും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഒരു പുതിയ ഉൾക്കാഴ്ച അന്നെനിക്ക് ലഭിച്ചു. നായയെ സംബന്ധിച്ചിടത്തോളം ലോറ അവളുടെ യജമാനത്തിയായിരുന്നു. യജമാനത്തിയുടെ കല്പനകൾ മാത്രമായിരുന്നു പ്രസക്തമായ ഏക കാര്യം. ഭക്ഷണം തനിക്കുവേണ്ടിയുള്ളതു തന്നെ എന്ന കാര്യമോ, ജീവിച്ചിരിക്കാൻ ഭക്ഷണം കൂടിയേ തീരൂ എന്നതോ അവളുടെ യുക്തിയിലേക്ക് കടന്നു വന്നില്ല. നായയെ സംബന്ധിച്ചിടത്തോളം 'അരുത്' എന്ന കൽപന മറ്റെല്ലാ ചിന്തകളെയും കീഴടക്കുകയും, യുക്തിയുടെ മറ്റെല്ലാ ചിന്തകളെയും അപ്രസക്തമാക്കയും ചെയ്തു.

യജമാനൻ എന്നു വിളിക്കുന്ന കർത്താവിനോടുള്ള ബന്ധത്തിൽ നാം എത്രമാത്രം വ്യത്യസ്തരാണെന്ന് ചിന്തിച്ചിട്ടുണ്ടോ? തുടക്കത്തിൽ തന്നെ ഹവ്വാ അവളുടെ യുക്തിയെ വിശ്വസിക്കാൻ തീരുമാനിച്ചതായി നാം വായിക്കുന്നു. ഉല്പത്തി മൂന്നാം അദ്ധ്യായം ആറാം വാക്യം ഇങ്ങനെ പറയുന്നു:-"സ്ത്രീ, ആ വൃക്ഷഫലം ഭക്ഷിക്കുവാൻ നല്ലതും, കാണുവാൻ ഭംഗിയുള്ളതും, ജ്ഞാനം പ്രാപിപ്പാൻ അഭികാമ്യവും എന്ന് കണ്ട് ഫലം പറിച്ചു ഭക്ഷിച്ചു." ഹവ്വായ്ക്ക് ആ വിലക്കപ്പെട്ട ഫലം ഭക്ഷിക്കാൻ പല 'നല്ല' കാരണങ്ങളും ഉണ്ടായിരുന്നു. ഒരു പ്രശ്നമേ ഉണ്ടായിരുന്നുള്ളൂ-അവൾ കണ്ടെത്തിയ ആ നല്ല കാരണങ്ങളെല്ലാം ഫലം 'തിന്നരുത്' എന്ന യജമാനന്റെ വ്യക്തമായ കല്പനയ്ക്ക് നേരേ വിപരീതമായിരുന്നു.

ഹവ്വയുടെ അതേ പ്രശ്നം എനിക്കും ഉണ്ടെന്ന് ഞാൻ കാണുന്നു. കർത്താവിന്റെ കല്പനകളിൽ നിന്ന് എന്റെ ശ്രദ്ധ തിരിക്കുന്ന കാര്യങ്ങൾ തിന്മയായ കാര്യങ്ങളല്ല. അവ മിക്കപ്പോഴും യുക്തിസഹവും എന്റെ മനസ്സ് രൂപപ്പെടുത്തുന്ന നല്ല ആശയങ്ങളുമത്രെ. ഉദാഹരണത്തിന്, ഞാൻ ലോകത്തിൽ ജീവിക്കുമ്പോൾ ഓരോ കാര്യങ്ങൾ എങ്ങനെ ചെയ്യണം, എന്റെ സമയം എങ്ങനെ ചെലവഴിക്കണം, ഞാൻ ദൈവത്തിനായി എന്തൊക്കെ ചെയ്യണം തുടങ്ങിയ ചിന്തകൾ.

എന്നാൽ മിക്കപ്പോഴും ഇത്തരം ചിന്തകൾ ആത്മീയമായി എനിക്ക് ദോഷം വരുത്തുന്നു എന്നു ഞാൻ കണ്ടെത്തുന്നു. യേശുവിനോടുള്ള ഭക്തിയേക്കാൾ ഇത്തരം ചിന്തകൾക്ക് ഞാൻ മുൻതൂക്കം നൽകുന്നതാണ് അതിനു കാരണം. ദൈവത്തോടുള്ള ഭക്തിയേക്കാൾ ദൈവത്തിനുവേണ്ടി ഞാൻ ചെയ്യുന്ന കാര്യങ്ങളിലെ എന്റെ വിജയം അപഗ്രഥിക്കുവാനാണ് ഞാൻ കൂടുതൽ സമയം ചെലവഴിക്കുന്നത് എന്നതാണ് സത്യം.

സർപ്പം ഹൗവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ്

*(ശേഷം പേജ് 42 ൽ)*





## എഡിറ്റോറിയൽ തുടർച്ച

*പേജ് 4 ൽ നിന്ന്*

*ഭാവിയിലെ പ്രതീക്ഷകളിൽ വിശുദ്ധൻ എന്നു കരുതുക:*

മുകളിൽ പറഞ്ഞതിനു നേരേ എതിരാണിത്. വരാൻ പോകുന്ന നല്ല ആത്മീയസമ്മേളനം, ആത്മീയാനുഭവം എന്നിവയുടെ പ്രതീക്ഷയിൽ ഇപ്പോഴത്തെ വിശുദ്ധമല്ലാത്ത ജീവിതത്തെ ഗൗരവമായി കാണാത്തവരാണിവർ. ഭാവിയിൽ പ്രതീക്ഷിക്കാവുന്ന ഏറ്റവും വലിയ സംഭവം കർത്താവിന്റെ രണ്ടാമത്തെ വരവാണല്ലോ. അതിനെക്കുറിച്ചുള്ള ചിലരുടെ കാത്തിരിപ്പുപോലും ഒരു മിഥ്യാബോധത്തിൽ അധിഷ്ഠിതമായിപ്പോകാനുള്ള സാധ്യതയുണ്ട്. ജീവിതപങ്കാളിയുമായി നല്ല ഒരു ബന്ധം സൂക്ഷിക്കുന്നില്ലെങ്കിൽ, വീട്ടിൽ ഭാര്യയും ഭർത്താവുമായി നിത്യം കലഹമാണെങ്കിൽ അവരാരെങ്കിലും 'കർത്താവ് എത്രയും വേഗം ഇങ്ങുവന്നിരുന്നെങ്കിൽ' എന്നു പ്രാർത്ഥിച്ചാൽ അതിന്റെ ധ്വനി എന്താണ്? കർത്താവിന്റെ വരവിനുവേണ്ടിയുള്ള വാഞ്ഛയാണോ? അതോ വിഷമകരമായ കുടുംബജീവിതത്തിൽ നിന്ന് വിടുതൽ കിട്ടുമല്ലോ എന്ന രക്ഷപ്പെടൽ മനോഭാവം (escapist attitude) ആണോ? ദൈവത്തെ നമുക്ക് കബളിപ്പിക്കുവാൻ കഴിയുകയില്ല.

*താരതമ്യം മൂലം വിശുദ്ധനാണെന്നു തോന്നുക:*

വിശ്വാസിയായ മറ്റൊരാളുമായി സ്വയം തുലനംചെയ്തശേഷം തന്റെ ജീവിതവിശുദ്ധിയില്ലായ്മയ്ക്ക് ന്യായീകരണം കണ്ടെത്തുന്നതും മറ്റൊരു ചതിയാണ്. ചിലർ പറയാറില്ലേ 'ആരാ ഇത്ര വിശുദ്ധർ' ഇന്ന ദൈവദാസന് ഇന്നിന്ന ബലഹീനതകൾ ഇല്ലേ'? മറ്റൊരാളുമായി താരതമ്യം ചെയ്തശേഷം തമ്മിൽഭേദം താനാണ് എന്ന തൃപ്തിയിൽ ജീവിക്കുന്നതാണത്.

*ചില വരങ്ങളുള്ളതുകൊണ്ട് വിശുദ്ധനാണെന്നു കരുതുക:*

ദൈവം ചില വരങ്ങൾ നൽകിയിട്ടുണ്ട്. അല്ലെങ്കിൽ ശുശ്രൂഷയിൽ ചില നേട്ടങ്ങൾ ലഭിക്കുന്നു. ഇതുമൂലം ദൈവം തന്നിൽ പ്രസാദിച്ചിരിക്കുന്നു. തന്റെ കുറവുകളെ ദൈവം ഗൗരവവായി കാണുന്നില്ലെന്നും സമാധാനിച്ച് പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത് ഇതിനുദാഹരണമാണ്. പിന്നെ ക്രിസ്തീയപ്രവർത്തനങ്ങളിലെ നേട്ടങ്ങൾകൊണ്ട് ജീവിതത്തിലെ തെറ്റുകളെ മൂടിവയ്ക്കാൻ കഴിയും എന്ന മിഥ്യാബോധമാണിത്. എന്നാൽ ഒരു കാര്യം ശ്രദ്ധിക്കുക: ദൈവം നമുക്ക് നൽകിയിട്ടുള്ള വരങ്ങളും കഴിവുകളും നാം പിൻമാറിപ്പോയാലും തിരിച്ചെടുത്തു എന്നുവരികയില്ല. ലൂസിഫറിന് ദൈവം നൽകിയ കഴിവുകൾ അവൻ പിശാചായി മാറിക്കഴിഞ്ഞപ്പോൾ മടക്കിയെടുത്തില്ലെന്നത് ഓർക്കുക.

നാം വിശുദ്ധിയെക്കുറിച്ചുള്ള മിഥ്യാബോധത്തിൽ നിന്ന് ഉണർന്ന് അനുതപിച്ച് യാഥാർത്ഥ്യത്തിലേക്കു മടങ്ങിവന്നില്ലെങ്കിൽ ഉണ്ടാകാവുന്ന വലിയ അപകടത്തെക്കുറിച്ച് പൗലോസ് അപ്പോസ്തലൻ മുന്നറിയിപ്പു നൽകിയിട്ടുണ്ട് "അവർ സത്യത്തെ സ്നേഹിക്കാനും അങ്ങനെ രക്ഷപ്രാപിക്കാനും വിമുഖത കാണിക്കുകയാൽ....ദൈവം അവർക്ക് ഭോഷ്കു വിശ്വസിക്കുമാറ് വ്യാജത്തിന്റെ വ്യാപാരശക്തി അയയ്ക്കുന്നു'' (2 തെസ്സ.2:11-12). അതുകൊണ്ട് വൈകിപ്പോകുന്നതിനുമുമ്പ് നമുക്ക് ഉണരാം. നമ്മെക്കുറിച്ചുള്ള സത്യത്തെ സ്നേഹിക്കാം. യഥാർത്ഥ വിശുദ്ധിക്കായി വാഞ്ഛിക്കാം. കാരണം, ലോകമയത്വത്തിലേക്ക് കൂപ്പുകുത്തുന്ന ക്രിസ്തീയതയുടെ ഈ കാലഘട്ടത്തിൽ യഥാർത്ഥവിശുദ്ധിയുടെ കാവലാളായി നിൽക്കാൻ ദൈവത്തിന് ആളുകളെ ആവശ്യമുണ്ട്.

●

# ശിക്ഷണമുള്ള ജീവിതം പേജ് 16 ൽ നിന്ന്

തൽ സ്വതന്ത്രമായി സേവിക്കുന്നതിനു വേണ്ടി വിവാഹജീവിതം ഉപേക്ഷിച്ചതുപോലെ.

നാലാമത്തെ ഒരു അപകടം അച്ചടക്കമില്ലാത്ത ഒരു ശിക്ഷണം തന്നെയാണ്! ശിക്ഷണം നമ്മുടെ ദൈവമാകാൻ നാം അനുവദിച്ചുകൂടാ. ജീവിതത്തിലുണ്ടാകുന്ന തടസ്സങ്ങളും വഴങ്ങുന്ന ബുദ്ധിയോടെ സ്വീകരിക്കുവാൻ നാം ഒരുക്കമുള്ളവരായിരിക്കണം. നമുക്കു ചുറ്റുമുള്ളവരെ സഹായിക്കുക-അച്ചടക്കം നേടുക എന്നതല്ല -നമ്മുടെ ശിക്ഷണത്തിന്റെ അന്തിമ ലക്ഷ്യം എന്നോർക്കുക.

പരീശന്മാരുടെ ശിക്ഷണം കാർക്കശ്യസ്വഭാവമുള്ളതായിരുന്നു (പഴയ വീഞ്ഞു തുരുത്തി). അതിനാൽ അതിന് ദൈവരാജ്യമാകുന്ന പുതിയവീഞ്ഞിനെ ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. അതുകൊണ്ട് അവർ ശ്രേഷ്ഠമെന്ന് കരുതിയ ശിക്ഷണം തന്നെ അവരുടെ പതനത്തിനും കാരണമായി. ദൈവരാജ്യത്തിന് അവരെ അനുരൂപരാക്കിയേക്കാവുന്ന കാര്യം തന്നെ അവരുടെ പുറത്താക്കലിന് ഇടയാക്കി!!

## ശിക്ഷണവും വിശുദ്ധിയും

ശിക്ഷണമുള്ള ജീവിതവും വിശുദ്ധിയുള്ള ജീവിതവും തമ്മിൽ നമുക്ക് വ്യക്തതയില്ലാതെ ഇരിക്കരുത്. രണ്ടും ഒന്നല്ല. യഥാർത്ഥവിശുദ്ധി ആരംഭിക്കുന്നത് ദൈവമഹത്വത്തിനായി ജീവിക്കാൻ തുടങ്ങുമ്പോഴാണ്; അതിന്റെ അവസാനവും ദൈവത്തിനു മാത്രം മഹത്വം കരേറ്റുക എന്നതാണ്. എന്നാൽ നാം ശ്രദ്ധയുള്ളവരല്ലെങ്കിൽ ശിക്ഷണം നമ്മുടെ മഹത്വത്തിനായി ജീവിക്കാൻ തുടങ്ങി നമ്മെ മാത്രം അവസാനം ഉയർത്തുന്ന നിലയിലേക്ക് നമ്മെ നയിക്കാം. വിശുദ്ധികൊണ്ടുദ്ദേശിക്കുന്നത് ശിക്ഷണം മാത്രമാണെന്ന പുരാതനസന്ന്യസ്തരുടെ വാദഗതിയേയും നമുക്ക് ഒഴിവാക്കാം.

വിശുദ്ധിയെ നിലനിർത്താനും അതു നമ്മുടെ ശക്തമായ ഒരു സ്വഭാവം തന്നെയായി ഊട്ടി ഉറപ്പിക്കാനും ശിക്ഷണജീവിതം അത്യന്താപേക്ഷിതമാണ്. പക്ഷേ എത്ര വലിയ അളവിലുള്ള ശിക്ഷണത്തിനും പാപം നിറഞ്ഞ ഹൃദയത്തെ വിശുദ്ധിയിലേക്ക് നയിക്കാനുള്ള കഴിവില്ല. ശിക്ഷണം ചിലപ്പോൾ നമ്മുടെ ചീത്തസ്വഭാവങ്ങളെ ഉള്ളിൽത്തന്നെ കെട്ടിയിട്ട് അടക്കിനിർത്തിയെന്നുവരാം. പക്ഷേ ശുദ്ധിയുള്ള ഒരു ഹൃദയം പണിയുവാൻ അതിനുകഴിവില്ല. ക്രിസ്തുവിലുള്ള ദൈവികജീവന്റെ പങ്കുകാരാകുന്നതിലൂടെ മാത്രമേ മേൽപ്പറഞ്ഞ ലക്ഷ്യം സാധിക്കുകയുള്ളൂ. സഹനത്തിന്റെ ശിക്ഷണം പോലും നമ്മെ വിശുദ്ധരാക്കുകയില്ല. സഹനം അതിൽത്തന്നെ ആരെയും ശുദ്ധീകരിക്കുന്നുമില്ല. നമ്മെ മുഴുവനായും ശുദ്ധീകരിക്കാൻ കഴിവുള്ള സ്നേഹനാഥന്റെ അടുക്കലേക്ക് അവ നമ്മെ നയിക്കുകയത്രേ ചെയ്യുന്നത്. യഥാർത്ഥ വിശുദ്ധിക്ക് നമ്മെ പങ്കുകാരാക്കുന്നതും, ഉള്ളിൽ നിന്നു തന്നെ രൂപപ്പെടുത്തി എടുക്കുന്നതും പരിശുദ്ധാത്മാവാണ്. ഇവിടെ നമ്മൾ സഹിച്ചു എന്നതിനാലല്ല മറിച്ച് നമ്മുടെ ബുദ്ധിമുട്ടുകളുടെ നടുവിൽ നാം നമ്മെത്തന്നെ തൃക്കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തു എന്നതുകൊണ്ടാണ് നമ്മിൽ ആ പ്രവൃത്തി അവിടുന്ന് ചെയ്തത്. നാം ശുദ്ധീകരിക്കപ്പെടുന്നത് നമ്മുടെ കണ്ണുനീരിനാലല്ല; ക്രിസ്തുവിന്റെ രക്തത്തിലുള്ള വിശ്വാസത്താൽ പരിശുദ്ധാത്മാവിനും ദൈവവചനത്തിനും നമ്മെ ഏൽപിച്ചുകൊടുക്കുമ്പോൾ ആണ്. അതിന്റെ ശക്തിയിൽ വിശ്വസിക്കുമ്പോൾ ആണ്. ശുദ്ധിയുള്ള ഹൃദയത്തിന്റെ രഹസ്യം





**ശിക്ഷണമുള്ള ജീവിതവും വിശുദ്ധിയുള്ള ജീവിതവും തമ്മിൽ നമുക്ക് വ്യക്തതയില്ലാതെ ഇരിക്കരുത്. രണ്ടും ഒന്നല്ല. യഥാർത്ഥവിശുദ്ധി ആരംഭിക്കുന്നത് ദൈവമഹത്വത്തിനായി ജീവിക്കാൻ തുടങ്ങുമ്പോഴാണ്; അതിന്റെ അവസാനവും ദൈവത്തിനു മാത്രം മഹത്വം കരേറ്റുക എന്നതാണ്. എന്നാൽ നാം ശ്രദ്ധയുള്ളവരല്ലെങ്കിൽ ശിക്ഷണം നമ്മെ മാത്രം അവസാനം ഉയർത്തുന്ന നിലയിലേക്ക് നമ്മെ നയിക്കാം.**

ഇതത്രെ. വിശുദ്ധിയുടെ പ്രവർത്തനം ഉള്ളിൽ നിന്നാണ്. ശിക്ഷണം ആ പ്രവൃത്തിയുടെ ഫലങ്ങൾ പുറമേയുള്ള ജീവിതത്തിൽ കാണിക്കുന്നു എന്നേയുള്ളൂ.

നമ്മെ ശിക്ഷണം പഠിപ്പിക്കാനും, എളുപ്പമുള്ള വഴി തെരഞ്ഞെടുക്കുവാൻ ജഡം വെമ്പൽകൊള്ളുമ്പോൾ നമ്മെത്തന്നെ നിഷേധിക്കാനുമുള്ള ശക്തി തുടർച്ചയായി തരുവാനും ദൈവകൃപയ്ക്കു മാത്രമേ കഴിയൂ. ശിക്ഷണമുള്ള ജീവിതത്തിനായുള്ള അന്വേഷണത്തിൽ നമ്മുടെ ഉദ്ദേശ്യങ്ങളെ ശുദ്ധിചെയ്യാനും അവിടുത്തെ വെളിച്ചത്തിനു മാത്രമേ സാധിക്കൂ. ക്രിസ്തീയമൂല്യമുള്ള പ്രേരണകളിൽ നിന്നല്ലാതെ ഉണ്ടാകുന്ന ഏതു ശിക്ഷണവും ഒരിക്കലും ക്രിസ്തിയീശിക്ഷണമല്ല.

സ്വഭാവികമല്ലാത്തതും നിയമാധിഷ്ഠിതവുമായ സ്വയം ശിക്ഷണത്തിൽ തെളിഞ്ഞുവരുന്നത് കപടവിശുദ്ധിയാണ്. പാപത്തെ ജയിക്കാനും അതു വഴി ദൈവത്തെ പ്രസാദിപ്പിക്കാനും വേണ്ടി അസ്വസ്ഥരാവുകയും സ്വയം ചാട്ടകൊണ്ട് അടിക്കുകയും ചെയ്യുന്ന ക്രിസ്ത്യാനികളാണ് അത് പരിശീലിക്കുന്നത്. ജീവിതം മുഴുവനും ഇതിനുവേണ്ടിയുള്ള അത്യധ്വാനത്താൽ ക്ഷീണിതരും, മടുത്തവരുമാണവർ. അവർ മനശ്ചാഞ്ചല്യമുള്ളവരും, നിയമവാദികളും, നിസ്സാരന്മാരും, മറ്റുള്ളവരെ വിമർശിക്കുന്നതിൽ തിടുക്കമുള്ളവരും, ചിരിക്കാൻ ഭയമുള്ളവരും (ചിരിച്ചാൽ ലോലഹൃദയമുള്ളവരായാലോ എന്നാണ് ഭയം!), അസ്വഭാവികത ഉള്ളവരും ആണ്. ഇത്തരത്തിലുള്ള പെരുമാറ്റം പലപ്പോഴും ഉള്ളിലുള്ള ഒരു രഹസ്യപാപത്തെ മറയ്ക്കാനോ, ദുർമോഹത്തെ അതിജീവിക്കാനോ ഉള്ള പാഴ്ശ്രമമാണ്. ഇതൊക്കെയും വീരസാഹസികമായ പരിശ്രമങ്ങൾതന്നെ, സംശയമൊന്നുമില്ല. അതുകൊണ്ടുതന്നെ നാമവരെ നിന്ദിക്കുന്നില്ല. പക്ഷേ ഇതൊന്നും ആരെയും യഥാർത്ഥവിശുദ്ധിയിലേക്ക് നയിക്കുന്നില്ല. പാപത്തിന്റെ സത്യസന്ധമായ ഏറ്റുപറച്ചിലിലൂടെ, നുറുക്കപ്പെട്ടും ശുദ്ധീകരിക്കപ്പെട്ടും പരിശുദ്ധാത്മാവിനാൽ നിറഞ്ഞുമാണ് "മിത്ഥ്യയല്ലാത്ത വിശുദ്ധി"ക്ക് (എഫേ.4:24 ജെ. ബി. ഫിലിപ്സ്) നാമും പങ്കുകാരാകുന്നത്. അപ്പോൾ മാത്രമേ സ്വസ്ഥരാകുവാനും, സ്വതന്ത്രമായി പിരിമുറുക്കമില്ലാതെ ശ്വസിക്കാനും, സ്വഭാവികമായി പെരുമാറാനും, സാധാരണ മനുഷ്യരായിരിക്കാനും കഴിയുകയുള്ളൂ.

നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം. ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും. (റോമർ.8:13).

## എങ്ങനെ ശിക്ഷണം ലഭിച്ച ജീവിതത്തിന്റെ ഉടമയാകാം?

1) ശിക്ഷണജീവിതത്തിനായുള്ള നിങ്ങളുടെ വാഞ്ഛയെ ദൃഢീകരിക്കുക. നിങ്ങൾ അലസരായതുകൊണ്ട് ദൈവം ആഗ്രഹിച്ച നിലയിൽ ഉള്ള ഒരു പുരുഷനോ, സ്ത്രീയോ ആയിത്തീരാൻപറ്റാത്തതിൽ അവിടുത്തേക്കുള്ള നിരാശ നിങ്ങൾക്ക് ഊഹിക്കാമോ?

2) കൊച്ചുകാര്യങ്ങളിൽ ആരംഭിക്കുക. ശിക്ഷണമുള്ള ക്രിസ്ത്യാനിക

**ഭക്ഷണമേശയിൽനിന്ന് എഴുന്നേറ്റുപോകുന്ന ശീലത്താൽ ഭക്ഷണാസക്തിയെ നാം ജയിക്കണം. അമിതഭക്ഷണം നമ്മുടെ ഉത്പാദനക്ഷമത കുറയ്ക്കും. കർത്താവിനുവേണ്ടി നാം മരിക്കുന്നു എങ്കിൽ നമുക്ക് ബഹുമാനത്തിനു വകയുണ്ട്. എന്നാൽ അമിതാഹാരം മൂലം രോഗങ്ങൾ വന്ന് സമയത്തിനു മുമ്പേ മരിച്ചു പോയാൽ ദൈവമുമ്പാകെ നിങ്ങൾ എന്തുത്തരം പറയും?**

ഴിവതും മറ്റുള്ളവർക്ക് ശല്യമാകാത്ത വിധത്തിൽ കാര്യങ്ങൾ ചെയ്യും. ഉദാ: വസ്ത്രങ്ങൾ അടുക്കി വയ്ക്കുക, രാവിലെ കിടക്ക വൃത്തിയായി വിരിച്ചിടുക, എല്ലാ വസ്തുക്കളും ഉപയോഗശേഷം യഥാസ്ഥാനത്തു വയ്ക്കുക മുതലായവ. ഇവയൊന്നും അപ്രധാനമെന്നും നിസ്സാരമെന്നും പറഞ്ഞ് തള്ളിക്കളയരുതേ. ഇത്തരത്തിലുള്ള ചിട്ടയായ ശീലം സൂചിപ്പിക്കുന്നത് ഒരു ആത്മീയക്രിസ്ത്യാനിയുടെ ദീർഘദൃഷ്ടിയേയും, ചിന്താശീലത്തേയും, ബാക്കിയുള്ളവരെ കുരുതുന്ന സ്വഭാവത്തെയുമാണ്. ജഡികനായ ക്രിസ്ത്യാനി ഇതിലൊന്നും ശ്രദ്ധവയ്ക്കുന്നില്ലല്ലോ.

3) എല്ലാവരേയും ബഹുമാനിക്കുക-പാവപ്പെട്ടവരോടും നിങ്ങളേക്കാൾ താണവരോടും വരെ. പ്രസംഗം ശ്രദ്ധിക്കുമ്പോൾ ചുറ്റുമുള്ള ബാക്കി കാര്യങ്ങളെല്ലാം നിങ്ങൾക്ക് അപ്രധാനമായിരിക്കട്ടെ. മുഴുവൻ ശ്രദ്ധയും അതിലേക്ക് കൊടുക്കാതിരിക്കുന്നത് പ്രസംഗകനോടും കർത്താവിനോടുമുള്ള മര്യാദയില്ലാത്ത പെരുമാറ്റമാണ്.

4) വിഷമമുള്ള ജോലികളൊക്കെ ആദ്യമേ ചെയ്തുതീർക്കുക. വളരെ നാളായി നീട്ടിവച്ചിരിക്കുന്ന കാര്യങ്ങളൊക്കെ തിടുക്കത്തോടെ ഓർക്കുമ്പോൾതന്നെ ചെയ്യുക.

5) സഭായോഗങ്ങളുൾപ്പെടെ എത്തിച്ചേരേണ്ടിടത്തെല്ലാം കൃത്യസമയത്തുതന്നെ എത്തുക. ക്രിസ്തീയമര്യാദ അത്തരത്തിലൊരു സ്വഭാവം നമ്മിൽനിന്ന് ആവശ്യപ്പെടുന്നു എന്ന ബോധ്യമില്ലാതെ ഈ ശീലം നേടിയെടുക്കാൻ പ്രയാസമാണ്.

6) അലസമായ ദിവാസ്വപ്നങ്ങളിലേർപ്പെട്ട് സമയം കളയരുത്. എല്ലാ ചിന്തകളെയും യേശുനാഥനോടുള്ള അനുസരണത്തിനായി പിടിച്ചടക്കുക. ഒഴിവുസമയം ക്രിസ്തീയപ്രസിദ്ധീകരണങ്ങൾ വായിക്കുവാനും, മറ്റുള്ളവരെ സഹായിപ്പാനും, കൂട്ടായ്മയിലിരിപ്പാനും ശ്രദ്ധിക്കുക.

7) അപ്രതീക്ഷിതസംഭവങ്ങളിൽ മനസ്സു പതറരുത്. നമ്മുടെ ആലോചനാശീലമില്ലാത്ത തീർപ്പുകളിൽ വിശ്വസിക്കാതെ ദൈവത്തിന്റെ പ്രവൃത്തിയാണതെന്ന് വിശ്വസിക്കുക. നമ്മുടെ ഏറ്റവും നല്ലതിനുവേണ്ടി കാര്യങ്ങളെ ദൈവം ക്രമപ്പെടുത്തുന്നതോർത്ത് നന്ദിപറയുക. (റോമ.8:28).

8) നിങ്ങളെ വിമർശിക്കുന്നവരെ സ്നേഹിക്കുകയും നന്ദികാണിക്കുകയും ചെയ്യുക. തിരുത്തലുകൾ കിട്ടുമ്പോൾ എളുപ്പം വ്രണപ്പെടുന്നത് അപക്വതയുടെ ലക്ഷണമാണ്.

9) ജിജ്ഞാസ, മുൻവിധി, സ്വന്തം അഭിപ്രായം ശരിയെന്നുള്ള ശാഠ്യം ഇവയെല്ലാം വരുമ്പോൾ സ്വയംനിയന്ത്രിക്കുക. മറ്റുള്ളവരുടെ കാര്യത്തിൽ അനാവശ്യമായി ഇടപെടുകയോ, മറ്റുള്ളവരോട് പ്രതികൂലഭാവം പുലർത്തുകയോ അരുത്. പിടിവാശി ഉപേക്ഷിക്കുക.

10) അമിതമായ ഭക്ഷണാസക്തിയെ കീഴടക്കുക. തിന്നുന്നത് പാപമല്ല. പക്ഷേ അമിതമായി ഭക്ഷിക്കുന്നത് പാപമാണ്. പൗലോസ് അപ്പോസ്തൻ





പറയുന്നത്: "സകലത്തിനും എനിക്കു കർത്തവ്യം ഉണ്ട് എങ്കിലും സകലവും പ്രയോജനമുള്ളതല്ല. സകലത്തിനും കർത്തവ്യം ഉണ്ട്. എങ്കിലും ഞാൻ യാതൊന്നിനും അധീനനാവുകയില്ല. ഭോജ്യങ്ങൾ വയറ്റിനും വയറു ഭോജ്യങ്ങൾക്കും ഉള്ളത്. എന്നാൽ ദൈവം ഇതിനെയും അതിനെയും ഇല്ലാതാക്കും...കർത്താവു ശരീരത്തിനും" (1 കൊരി. 6:12,13).

ഭക്ഷണമേശയിൽനിന്ന് എഴുന്നേറ്റുപോകുന്ന ശീലത്താൽ ഭക്ഷണാസക്തിയെ നാം ജയിക്കണം. അമിതഭക്ഷണം നമ്മുടെ ഉത്പാദനക്ഷമത കുറയ്ക്കും. കർത്താവിനുവേണ്ടി നാം മരിക്കുന്നു എങ്കിൽ നമുക്ക് ബഹുമാനത്തിനു വകയുണ്ട്. എന്നാൽ അമിതാഹാരം മൂലം രോഗങ്ങൾ വന്ന് സമയത്തിനുമുമ്പേ മരിച്ചു പോയാൽ ദൈവമുമ്പാകെ നിങ്ങൾ എന്തുത്തരം പറയും?

11) കാത്തിരിക്കുവാൻ പഠിക്കുക. ദൈവത്തിന്റെ സമയത്തിനുമുമ്പേ ഒരു കാര്യം കൈപ്പിടിയിലാക്കാൻ ശ്രമിക്കുന്നത് അതിന്റെ നാശത്തിലേ അവസാനിക്കൂ. വിവാഹമുൾപ്പെടെ എല്ലാറ്റിനും ദൈവം നിശ്ചയിച്ച ഒരു സമയമുണ്ട്. അതിനായി കാത്തിരിക്കുക. സമയത്തിനുമുമ്പേ ഒരു റോസാമൊട്ടിനെ വിരിയിക്കാൻ ശ്രമിച്ചാൽ നാം ദൈവത്തെ അതിനു സഹായിക്കുകയല്ല; അതിന്റെ വസന്തം നശിപ്പിക്കുകയാണ്.

12) ജീവിതത്തിലെ വിഷമം പിടിച്ച ചുമതലകളെ സ്വാഗതം ചെയ്യുക. വിശ്വസ്തതയോടെ ഉത്തരവാദിത്വങ്ങൾ ചെയ്തു തീർക്കുക.

സ്വയം പരിശോധിക്കു:

-എന്തെങ്കിലും ജോലി എന്നെ വിശ്വസിച്ചേൽപ്പിക്കാൻ കൊള്ളാമോ?

-ഒരു ജോലി ചെയ്യാൻ ഞാൻ തിടുക്കമുള്ളവനാണോ അതോ ഞാനതിൽ നിന്ന് ഒഴിഞ്ഞു മാറുമോ?

-എന്റെ വീഴ്ചകൾക്കും, തീരുമാനങ്ങൾക്കും ഉത്തരവാദിത്വം പറയാൻ ഞാൻ സമ്മതമുള്ളവനാണോ?

-പണഇടപാടുകളിൽ എന്നെ വിശ്വസിക്കാമോ?

13) ക്രമമായ പ്രാർത്ഥനയും ബൈബിൾവായനയും ശീലിക്കുക. ഈ ശിക്ഷണം ഇതിൽത്തന്നെ വലിയ പ്രതിഫലം ഉളവാക്കും. ഒരു നിശ്ചിത സമയം എല്ലാദിവസവും, എന്തുവില കൊടുത്തും ഇതിനുവേണ്ടി മാറ്റിവയ്ക്കുക.

14) അനാവശ്യ ആഡംബരങ്ങൾ ഒഴിവാക്കുക. ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക (2 തിമോ.2:3) അഭിവൃദ്ധിയുടെ സമയത്ത് പല ആത്മീയ അപകടങ്ങളും വന്നുചേരാം. "പക്ഷിക്കൂട് തൂവലുകളാൽ സുഖപ്രദമായിരിക്കുമ്പോൾ, കഴുകൻകുഞ്ഞ് പറക്കാൻ പഠിക്കാറില്ല''. നമ്മുടെ ലക്ഷ്യം ക്രിസ്തുവിനെപ്പോലെ ആകുക എന്നതാണ്. സുഖപ്രദമായ ജീവിതം നയിക്കലല്ല. ഗൗരവമേറിയതും, വെല്ലുവിളികൾ നിറഞ്ഞതും, ത്യാഗം ആവശ്യപ്പെടുന്നതുമാണ് ക്രിസ്തീയജീവിതം. ഉല്ലാസയാത്രയല്ല ഒരു യുദ്ധമാണത്. നമ്മുടെ 'പടനായകൻ' ഒരിക്കലും തന്നെത്തന്നെ പ്രസാദിപ്പിച്ചില്ല (റോമർ 15:3) എന്ന് നമുക്കോർക്കാം. അവന്റെ ശിഷ്യന്മാർ എന്ന നിലയിൽ ഈ കാര്യങ്ങളെ ചെയ്യാം.

-ക്രിസ്തീയജീവിതത്തിന്റെ നിലവാരം വർദ്ധിക്കാൻ ആഗ്രഹിക്കാം.

-ദൈവഹിതം നിറവേറ്റുന്നതിലേക്കായി ജീവിതത്തിന്റെ കാര്യവിചാരിപ്പുകാരായിരിക്കാം.

-സേവനത്തിനായി ത്യാഗം ചെയ്യാൻ ഒരുക്കമുള്ളവരായിരിക്കാം.

എല്ലാം ക്രിസ്തുവിനുവേണ്ടി!!

**മൊഴിമാറ്റം:വിജീഷാ വിജയൻ**

# സത്യത്തിന്റെ അനുഗൃഹീതമാർഗ്ഗം

ജോസ് മാത്യു, തിരുവനന്തപുരം

**ന**മ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെയും തന്റെ സഭയുടേയും തെറ്റിക്കൂടാത്ത മുഖമുദ്രയാണ് സത്യമെന്നത്. പീലാത്തോസിനുമുമ്പിൽ അവിടുന്നു നടത്തിയ ഏറ്റുപറച്ചിൽ ശ്രദ്ധിക്കുക 'സത്യത്തിനു സാക്ഷി നിൽക്കേണ്ടതിന് ഞാൻ ജനിച്ചു, അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു; സത്യതത്പരരായവർ എല്ലാം എന്റെ വാക്കുകേൾക്കുന്നു'[1] താൻ സത്യത്തിന്റെ മൂർത്തീഭാവമാണെന്ന് യേശു പറഞ്ഞിട്ടുണ്ട്[2] .

**ക്രിസ്ത്യാനിയിൽ അസത്യമോ?**

'ക്രിസ്തുവിനെ അനുഗമിക്കുന്നവൻ' എന്നർത്ഥംവരുന്ന 'ക്രിസ്ത്യാനി' എന്ന പേരുവഹിക്കുന്ന നാം ഓരോരുത്തരും അങ്ങനെയെങ്കിൽ ക്രിസ്തുവിനെപ്പോലെ തന്നെ അകമേ സത്യമുള്ളവരും സത്യം മാത്രം പ്രസ്താവിക്കുന്നവരും ആയിരിക്കണം. യേശുക്രിസ്തുവിന്റെ സഭയെക്കുറിച്ച് 'സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭ'[3] എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. അതായത് നമ്മുടെ ചുറ്റും ഒരിടത്തും ആരിലും തന്നെ സത്യമില്ലാത്ത അവസ്ഥ ഉണ്ടായാൽ പോലും ദൈവസഭയുടെ അംഗങ്ങളായ നമ്മിൽ സത്യം ഉണ്ടായിരിക്കണമെന്ന് ദൈവം പ്രതീക്ഷിക്കുന്നു. ദൈവമക്കളാണ് സത്യത്തെ താങ്ങിനിർത്തേണ്ട തൂണുകളായി ഈ തലമുറയിൽ നിൽക്കേണ്ടവർ. എന്നാൽ ആ തൂണുകളിൽ അസത്യത്തിന്റെ മാലിന്യങ്ങൾ കടന്നുകൂടുന്ന സ്ഥിതി ആലോചിക്കുക! വാതത്തിനുള്ള മരുന്നായ കുറുന്തോട്ടിക്കും വാതം പിടിപെട്ടാലോ? മോഷ്ടാക്കളെ വിലങ്ങുവയ്ക്കേണ്ട പോലീസുകാരൻ തൊണ്ടിസാധനങ്ങൾ മോഷ്ടിച്ചാലോ?

**ദുഷിച്ച തലമുറ**

അസത്യം, കാപട്യം, വഞ്ചന, അഭിനയം, വേഷഭക്തി എന്നിവയെല്ലാം കൊടികുത്തി വാഴുന്ന അന്ത്യനാളുകളിലാണ് നാം ഇന്ന് ജീവിക്കുന്നത്. സകല നുണകളുടേയും പിതാവായ സാത്താനിൽനിന്നാണ് ഇവയെല്ലാം ഉത്ഭവിക്കുന്നതെന്ന് നാം മറക്കാൻ പാടില്ല. ഈ തിന്മകളെ തിരിച്ചറിഞ്ഞ് തള്ളിക്കളയാത്തപക്ഷം നാം ക്രിസ്തുരഹിതക്രിസ്ത്യാനികളായി ലോകമക്കളുടെ മുമ്പിൽ പരിഹാസപാത്രങ്ങളായിതീരും സംശയമില്ല.

സാത്താൻ ആദ്യംമുതലേ വഞ്ചകനും വളഞ്ഞവഴികളുടെ ഉപജ്ഞാതാവും ആകുന്നു. എല്ലാ കൗശലക്കാരുടേയും സൂത്രക്കാരുടേയും തന്ത്രശാലികളുടേയും നേതാവാണയാൾ. കാര്യസാധ്യത്തിനായി ഉപായംപ്രയോഗിക്കാനും മറ്റുള്ളവരെ മണിയടിക്കാനും സോപ്പിടാനും ഒക്കെ അവൻ മിടുമിടുക്കൻതന്നെ. എന്നാൽ ദൈവമക്കളേ നമ്മുടെ മാതൃകാ പുരുഷനായ യേശുവിന്റെ മാർഗ്ഗം ഇതായിരുന്നില്ല എന്നു നാം ഓർത്തുകൊള്ളുക. 'നേരെവാ നേരേ പോ' എന്നതായിരുന്നു തന്റെ മുദ്രാവാക്യം "കണ്ണടച്ചു കാണിക്കുന്നവൻ വക്രത നിരൂപിക്കുന്നു; വപ്പുകടിക്കുന്നവൻ ദോഷം നിവർത്തിക്കുന്നു"[4] . 'വിലയ്ക്കു വാങ്ങുന്നവൻ ചീത്ത ചീത്ത എന്നു പറയുന്നു; വാങ്ങിതന്റെ വഴിക്കു പോകുമ്പോഴോ പ്രശംസിക്കുന്നു'[5]. സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളാതിരിക്കുന്ന ഏവരും (വിശ്വാസിയാകട്ടെ അവിശ്വാസിയാകട്ടെ) സാത്താനാൽ വഞ്ചിതരാകും; അവർ വ്യാജത്തിന്റെ വ്യാപാരശക്തിക്കുവേധയരായി സത്യവിരുദ്ധമായതും വിശ്വസിക്കാനും ഇടയാകും[6].

**ബെൽറ്റ് ധരിക്കുക**

ഒരു ക്രിസ്ത്യാനി തന്റെ ആത്മികപോരാട്ടത്തിൽ ധരിക്കേണ്ട പടച്ചട്ടയെക്കുറിച്ച് വ്യക്തമാക്കുമ്പോൾ 'നിങ്ങളുടെ അരയ്ക്ക് സത്യംകെട്ടിക്കൊള്ളുക'[7] എന്ന് അപ്പോസ്തലനായ പൗലോസ് നമ്മെ ഓർമ്മപ്പെടുത്തുന്നു. ബെൽറ്റിന്റെ പ്രയോജനത്തെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ? നിക്കറോ പാന്റോ ധരിച്ചശേഷം ബെൽറ്റുകെട്ടുമ്പോൾ അത് ഊരിപ്പോകാതെ അരയിൽ ഉറച്ചിരിക്കും. മുതിർന്ന ആളുകൾ മുണ്ടുടുത്തശേഷം അതിനുപുറമേ ഒരു ബെൽറ്റുകെട്ടാറുണ്ട്. അതുപോലെ പാവാടയും തൽസ്ഥാനത്ത് ഭദ്രമായിരിക്കാൻ അതിന്റെ വള്ളികൊണ്ട് കെട്ടി ഉറപ്പാക്കും. അപ്രകാരം നാം നമ്മുടെ വസ്ത്രങ്ങൾ അരകെട്ടി ഉറപ്പിച്ചുകഴിഞ്ഞാൽപ്പിന്നെ അത് ഇടയ്ക്കിടെ അഴിഞ്ഞുപോകുമെന്ന ആശങ്കയ്ക്ക് ഇടയില്ല.

> **അന്തരംഗത്തിൽ സത്യമുള്ളവർക്കാണ് ദൈവസാമീപ്യം അനുഭവിക്കാൻ കഴിയുക . ഉള്ളിൽ സത്യമുള്ളവരാണ് നിങ്ങളെങ്കിൽ മുൻകാലങ്ങളിൽ നിങ്ങൾ പറഞ്ഞതോ എഴുതിയതോ ആയ കാര്യങ്ങൾ ഒന്നും തന്നെ ഓർത്തുവയ്ക്കേണ്ട കാര്യം ഉണ്ടാവുകയില്ല. കാരണം നിങ്ങൾക്ക് ആ സുരക്ഷിതത്വബോധമുണ്ട്- സകലവും സത്യമായും നീതിയായും മാത്രമേ നിങ്ങൾ ചെയ്തിട്ടുള്ളൂ. ഹാ! എന്തൊരു സ്വാതന്ത്ര്യമുള്ള ജീവിതം.**

നമ്മുടെ വസ്ത്രം ബെൽറ്റുകെട്ടി ഭദ്രമാക്കിയിട്ടുണ്ടെങ്കിൽ അതു നമുക്ക് ആത്മധൈര്യവും ഉറപ്പും പകരും; ഇടയ്ക്കുവച്ച് വസ്ത്രം അഴിഞ്ഞുവീണ് നാം നഗ്നരും ലജ്ജിതരും ആയിത്തീരുമോ എന്ന ഭയത്തിന് പിന്നെ യാതൊരു അടിസ്ഥാനവുമില്ല. എന്നാൽ ദ്രവിച്ചു പിഞ്ചിപ്പോയ പൊട്ടാറായ ബെൽറ്റാണ് നിങ്ങൾ ധരിച്ചിട്ടുള്ളതെങ്കിൽ യാത്രയിലുടനീളം അതു നിങ്ങൾക്ക് അരക്ഷിതബോധമായിരിക്കും നൽകുക.

സത്യമെന്ന ബെൽറ്റ് ധരിച്ചിട്ടുള്ള ഒരു ആത്മീയപോരാളിക്ക് എല്ലായ്പ്പോഴും ഒരു സുരക്ഷിതത്വബോധം ഉണ്ടായിരിക്കും. അവൻ ഒരിക്കലും ലജ്ജിതനായിത്തീരുകയില്ല. സഹോദരങ്ങളേ, സമ്പൂർണ്ണമായ സത്യസന്ധതയും ആത്മാർത്ഥതയും നമ്മുടെ ബെൽറ്റായിരിക്കട്ടെ. സകലവിധകപടതയും, വ്യാജവും അഭിനയവും, വേഷഭക്തിയും നമുക്ക് വെറുക്കാം ഉപേക്ഷിക്കാം. അന്തരംഗത്തിൽ സത്യമുള്ളവർക്കാണ് ദൈവസാമീപ്യം അനുഭവി

ക്കാൻ കഴിയുക[8] . ഉള്ളിൽ സത്യമുള്ളവരാണ് നിങ്ങളെങ്കിൽ മുൻകാലങ്ങളിൽ നിങ്ങൾ പറഞ്ഞതോ എഴുതിയതോ ആയ കാര്യങ്ങൾ ഒന്നും തന്നെ ഓർത്തുവയ്ക്കേണ്ട കാര്യം ഉണ്ടാവുകയില്ല. കാരണം നിങ്ങൾക്ക് ആ സുരക്ഷിതത്വബോധമുണ്ട്-സകലവും സത്യമായും നീതിയായും മാത്രമേ നിങ്ങൾ ചെയ്തിട്ടുള്ളു. ഹാ! എന്തൊരു സ്വാതന്ത്ര്യമുള്ള ജീവിതം. അപ്പോസ്തലനായ യോഹന്നാന്റെ വാക്കുകൾ ശ്രദ്ധിക്കുക: 'എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്നു കേൾക്കുന്നതിനേക്കാൾ വലിയ സന്തോഷം എനിക്കില്ല'[9] .

### സത്യക്രിസ്ത്യാനികൾ

'അവന്റെ വായിൽ വഞ്ചനയൊന്നും ഉണ്ടായിരുന്നില്ല.'[10] . എന്നാണ് യേശുവിന്റെ മാതൃകയെപ്പറ്റി പത്രോസ് പ്രസ്താവിച്ചിരിക്കുന്നത്. അതായത് തന്റെ വാക്കുകളിലോ ചിന്തകളിലോ പ്രവൃത്തികളിലോ വ്യാജങ്ങളുടെ പിതാവായ സാത്താനുമായി പങ്കുചേരുന്ന വക്രവഴികൾ യാതൊന്നും ഉണ്ടായിരുന്നില്ല. യേശുവിന്റെ നല്ല മാതൃകയെ നാം ഇന്ന് ദൂരെനിന്ന് അഭിനന്ദിക്കുക മാത്രം മതിയോ? പോരാ. ക്രിസ്ത്യാനിയെന്ന നാമം ധരിച്ചിരിക്കുന്ന നാമോരോരുത്തരും സകലവ്യാജമാർഗ്ഗങ്ങളേയും വെറുത്ത്[11] തികച്ചും നേരിന്റെ പാതയിൽ യേശുവിനെ അനുഗമിക്കേണ്ടവർ തന്നെ. 'ഭോഷ്ക് അവരുടെ വായിൽ ഉണ്ടായിരുന്നില്ല അവർ കളങ്കമില്ലാത്തവർതന്നെ'[12] . എന്നാണല്ലോ കുഞ്ഞാടിനെ അനുഗമിക്കുന്ന തന്റെ കാന്തയെപ്പറ്റി പ്രസ്താവിച്ചിരിക്കുന്നത്.

വളഞ്ഞവഴികളെല്ലാം വെടിഞ്ഞ് ജീവിക്കുന്ന അക്ഷരത്തിൽ മാത്രമല്ല ആത്മാവിലും നേരുള്ള ഒരു സത്യക്രിസ്ത്യാനിയുടെ ജീവിതം എത്രയും ലാളിത്യം നിറഞ്ഞതുതന്നെ. തികച്ചും ലളിതമനോഹരം. അവിടെ സൂത്രങ്ങൾ, ഉപായങ്ങൾ, കൗശലമാർഗ്ഗങ്ങൾ എന്നി

**വളഞ്ഞവഴികളെല്ലാം വെടിഞ്ഞ് ജീവിക്കുന്ന അക്ഷരത്തിൽ മാത്രമല്ല ആത്മാവിലും നേരുള്ള ഒരു സത്യക്രിസ്ത്യാനിയുടെ ജീവിതം എത്രയും ലാളിത്യം നിറഞ്ഞതുതന്നെ. തികച്ചും ലളിതമനോഹരം. അവിടെ സൂത്രങ്ങൾ, ഉപായങ്ങൾ, കൗശലമാർഗ്ഗങ്ങൾ എന്നിവയ്ക്കോ നയതന്ത്രജ്ഞതയ്ക്കോ തെല്ലും സ്ഥാനമില്ല. 'എങ്ങാനും പിടിക്കപ്പെട്ടേക്കുമോ' അഥവാ തന്ത്രങ്ങൾ പാളിപ്പോയേക്കുമോ എന്നൊന്നും അവന് ആശങ്കയേ ഇല്ല.**

വയ്ക്കോ നയതന്ത്രജ്ഞതയ്ക്കോ (Diplomacy) തെല്ലും സ്ഥാനമില്ല. 'എങ്ങാനും പിടിക്കപ്പെട്ടേക്കുമോ' അഥവാ തന്ത്രങ്ങൾ പാളിപ്പോയേക്കുമോ എന്നൊന്നും അവന് ആശങ്കയേ ഇല്ല. 'സത്യം പ്രവർത്തിക്കുന്നവോ തന്റെ പ്രവൃത്തി ദൈവത്തിൽ ചെയ്തിരിക്കയാൽ അത് വെളിപ്പെടേണ്ടതിന് വെളിച്ചത്തിലേക്ക് വരുന്നു'[13].

### വീട്ടിൽ ആരംഭിക്കാം

ജീവിതമൂല്യങ്ങളുടെ ആദ്യപാഠങ്ങൾ മാതാപിതാക്കളിൽനിന്നാണ് മക്കൾ അഭ്യസിക്കുന്നത്. കുഞ്ഞുങ്ങളെ ഭക്ഷണം കഴിപ്പിക്കാനുള്ള വ്യഗ്രതയിൽ അമ്മമാർ പലപ്പോഴും നിർദ്ദോഷമെന്നു ഗണിക്കപ്പെടുന്ന വ്യാജവാക്കുകൾ പറയാറില്ലേ? 'വേഗം കഴിച്ചില്ലെങ്കിൽ ഇപ്പോൾ പോലീസുകാരെ വിളിക്കും' 'ദേ കടുവാ വരുന്നു!' 'ഞാൻ വടിയെടുക്കും' എന്നൊക്കെ കേൾക്കുന്ന കുട്ടി ആദ്യമൊക്കെ ഭയപ്പെട്ട് ഭക്ഷണം അകത്താക്കും. കാലാന്തരത്തിൽ ഒരിക്കലും വരാത്ത പോലീസിനേയും കടുവയേയും വടിയേയും





കുറിച്ചുള്ള ഭയം കുട്ടിക്ക് മാറിപ്പോവുകയും അമ്മ വെറുതേ പറഞ്ഞതാണെന്ന് അവൻ മനസ്സിലാക്കുകയും ചെയ്യും. ഇങ്ങനെ മാതാപിതാക്കൾ അറിഞ്ഞോ അറിയാതെയോ നുണയുടെ വിത്തുകൾ പിഞ്ചുഹൃദയങ്ങളിൽ വിതയ്ക്കുകയല്ലേ ചെയ്യുന്നത്?

ആകയാൽ ജാഗ്രതയായിരിക്കാം. നമ്മുടെ ഭവനങ്ങൾ സത്യത്തിന്റേയും സ്നേഹം, നന്മ, കരുണ, എളിമ എന്നിവയുടേയുമെല്ലാം പരിശീലനക്കളരിയാകട്ടെ. സാധാരണസംഭാഷണങ്ങളോ, ശാസനകളോ തമാശകളോ എന്തുമാകട്ടെ 'ഭോഷ്ക് ഉപേക്ഷിച്ച് ഓരോരുത്തൻ അപരനോട് സത്യം സംസാരിപ്പിൻ'[14]. അങ്ങനെയാകുന്നു വിശുദ്ധന്മാർക്ക് ഉചിതം. ഈ ദുഷ്ട തലമുറയിൽ നേരുള്ള ഒരു ചെറു ശേഷിപ്പിനെ വാർത്തെടുക്കാൻ നമുക്ക് യത്നിക്കാം.

### കള്ളച്ചിരി വേണ്ട

ലോകമനുഷ്യരും ജഡികക്രിസ്ത്യാനികളും വിദഗ്ദ്ധമായിട്ടൊരു നുണ അവതരിപ്പിച്ചുകഴിയുമ്പോൾ അവരുടെ മുഖത്ത് ഒരു കള്ളച്ചിരി വ്യാപിക്കുന്നതു കാണാം. ഒരു വ്യാജഭാവം നടിച്ചശേഷം, മറ്റൊരാളെ പറ്റിച്ച് നേട്ടമുണ്ടാക്കിയശേഷം, അഥവാ നമ്മളെപ്പറ്റി മറ്റൊരാൾക്ക് തെറ്റായ ഒരു മികച്ച ധാരണ നൽകിയശേഷം മുഖത്തൊരു കള്ളച്ചിരിവിടർന്ന അനുഭവം ഉണ്ടായിട്ടില്ലാത്തവർ വിരളം. വിശുദ്ധന്മാർക്കു ചേരാത്ത ഈ ചിരിയുടെ കാരണം ശരിയായ ദൈവഭയത്തിന്റെ അഭാവമല്ലേ? ദൈവഭയം ദോഷത്തേയും വ്യാജത്തേയും വിട്ടകലുന്നതാണ്[15]. തന്റെ തെറ്റുകളെ കുറിച്ച് ദുഃഖിച്ചു വിലപിക്കാനല്ലാതെ ചിരിക്കുവാൻ ഉള്ളിൽ ദൈവഭയമുള്ള ഒരു ക്രിസ്ത്യാനിക്ക് എങ്ങനെ കഴിയും. മൂന്നുവട്ടം തന്റെ ഗുരുവിനെ തള്ളിപ്പറഞ്ഞ (നുണപറഞ്ഞ) പത്രോസിന്റെ മുഖത്തു പടർന്നത് ചിരിയായിരുന്നില്ല എന്നോർക്കുക. 'യേശു പറഞ്ഞ വാക്ക് പത്രോസ് ഓർത്തു പുറ

**ജീവിതാവസാനംവരെ ദൈവമക്കൾ ഓരോരുത്തരും സകലവിധ അസത്യങ്ങളേയും കപടതകളേയും വെറുത്ത് സത്യത്തെ സ്നേഹിക്കുകയും വിലനൽകി അതിൽ നിലനിൽക്കുകയും വേണം. അല്ലാത്തപക്ഷം നിങ്ങളുടെ സ്ഥാനം ദൈവരാജ്യത്തിനു വെളിയിലായിരിക്കും. 'ഭോഷ്ക്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കുകയും ചെയ്യുന്ന ഏവനും പുറത്തുതന്നെ. അതേ സത്യത്തിന്റെ മാർഗ്ഗം നമ്മുടെ രക്ഷാനായകന്റെ മാർഗ്ഗമാണ്.**

ത്തുപോയി അതിദുഃഖത്തോടെ കരഞ്ഞു'[16].

ജീവിതാവസാനംവരെ ദൈവമക്കൾ ഓരോരുത്തരും സകലവിധ അസത്യങ്ങളേയും കപടതകളേയും വെറുത്ത് സത്യത്തെ സ്നേഹിക്കുകയും വിലനൽകി അതിൽ നിലനിൽക്കുകയും വേണം. അല്ലാത്തപക്ഷം നിങ്ങളുടെ സ്ഥാനം ദൈവരാജ്യത്തിനു വെളിയിലായിരിക്കും. 'ഭോഷ്ക്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കുകയും ചെയ്യുന്ന ഏവനും പുറത്തുതന്നെ'[17]. അതേ സത്യത്തിന്റെ മാർഗ്ഗം നമ്മുടെ രക്ഷാനായകന്റെ മാർഗ്ഗമാണ്. അത് അനുഗ്രഹത്തിന്റെ മാർഗ്ഗമാണ്. അത് സ്വർഗ്ഗത്തിലേക്കുള്ള മാർഗ്ഗവുമാണ്.

1-യോഹന്നാൻ 18:37. 2-യോഹ.14:6. 3-1 തിമൊ.3:15. 4-സദൃശ.16:30. 5- സദൃശ.20:14. 6-2 തെസ്സ.2:9-12. 7-എഫേ.6:14. 8-സംങ്കീ.51:6. 9- 3 യോഹ.4. 10-1 പത്രോ.2:22. 11-സംങ്കീ.119:104. 12-വെളി.14:5. 13-യോഹ.3:21. 14-എഫേ.4:25. 15-സദൃശ.8:13. 16-മത്താ.26:75. 17-വെളി.22:15.

സുവിശേഷം

# ‘അവൻ ദൈവത്തെ പ്രസാദിപ്പിച്ചു’

സാക്പുന്നൻ

**ബൈ**ബിളിൽ വെറും മൂന്നുവാക്കുകളിൽ പരിശുദ്ധാത്മാവ് പഴയനിയമഭക്തനായ ഹാനോക്കിനെക്കുറിച്ചുള്ള ഒരു സാക്ഷ്യം രേഖപ്പെടുത്തുന്നു. ‘അവൻ ദൈവത്തെ പ്രസാദിപ്പിച്ചു’ (എബ്രാ.11:5). അവൻ സമ്പാദിച്ച ധനത്തെക്കുറിച്ചോ നേടിയ ഭൗതികബഹുമാനങ്ങളെക്കുറിച്ചോ പരാമർശനമില്ല. അവൻ നടത്തിയ പ്രസംഗങ്ങളെക്കുറിച്ചോ, ചെയ്ത നന്മപ്രവൃത്തികളെക്കുറിച്ചോ തന്റെ സാക്ഷ്യം മൂലം ആദായപ്പെടുത്തിയ ആത്മാക്കളെക്കുറിച്ചുപോലുമോ ഒരു രേഖയുമില്ല. ഹാനോക്ക് എത്ര ജനസമ്മതിയുള്ളവനും പ്രശസ്തനുമായിത്തീർന്നു എന്നും നമ്മോടു പറയുന്നില്ല. ഇല്ല, ഇതിനെല്ലാം പകരമായി ഒരേ ഒരു വാചകത്തിൽ അവന്റെ ജീവിതം സംക്ഷേപിച്ചിരിക്കുകയാണ്. ‘അവൻ ദൈവത്തെ പ്രസാദിപ്പിച്ചു’ അത്രമാത്രം. അതു മതിതാനും.

എന്റെ സഹോദരീസഹോദരന്മാരെ അതു മാത്രമാണ് ഏറ്റവും ഗണനീയം. അതു മാത്രമായിരിക്കും നിത്യതയിൽ വിലയുള്ളത്. ദൈവം സകലവും തന്റെ ഇഷ്ടപ്രകാരം സൃഷ്ടിച്ചു എന്ന് വേദപുസ്തകം പറയുന്നു (വെളിപ്പാട് 4:11). അതിനാൽ ഏത് അളവിൽ നാം ദൈവേഷ്ടം ചെയ്യുന്നുവോ അതാണ് നമ്മുടെ ജീവിതത്തിന്റെ ഫലപ്രാപ്തിയുടെ സാക്ഷത്തായ മാനദണ്ഡം എന്ന് വരുന്നു. നമ്മെ സൃഷ്ടിച്ചത് ഏത് ഉദ്ദേശ്യത്തോടാണോ അത് വേറൊരു വിധത്തിലും നമുക്ക് നിറവേറ്റാനാവില്ല. നമ്മുടെ വീണ്ടെടുപ്പിന്റെ വില മറ്റു യാതൊരു വിധത്തിലും ന്യായീകരിക്കാവുന്നതല്ല. നമ്മുടെ ജീവിതംമൂലം ദൈവം മഹത്വപ്പെടുന്നില്ലെങ്കിൽ ഭൂമിയിലെ നമ്മുടെ നിലനിൽപ്പു തന്നെ നിരർത്ഥകമാണ്.

സ്വാർത്ഥജീവിതം എത്ര കൗശലമേറിയതാണ്! ഹൃദയം എത്ര വക്രതയുള്ളത്! ലോകസമ്പത്തുകളിലേക്ക് എത്ര അനായാസമായാണ് അതു നമ്മെ ബന്ധിച്ചുകൊണ്ടുപോകുന്നത്! അത് ഉപദേശിക്കും:‘കർത്താവിന് സമ്പൂർണ്ണമായി സമർപ്പിച്ചാൽ ലഭിക്കുമെന്നു പറയുന്ന സംശയകരമായ സംതൃപ്തിക്കുവേണ്ടി വിട്ടുകളയാവുന്നതിലും എത്രയോ വിലയേറിയതാണ് ഈ ധനവും സുഖങ്ങളും. തീർച്ചയായും കുറേക്കൂടെ എളുപ്പമായ വ്യവസ്ഥകളിൽ ഈ ക്രിസ്തീയ ഓട്ടം ഓടാമല്ലോ. പൊതുജനാഭിപ്രായം അതിരുകടന്ന ഭക്തിക്ക് എതിരാണ്. നമുക്ക് കാര്യങ്ങളെ കുറേക്കൂടെ ലാഘവമായി കൈകാര്യം ചെയ്യാം. ദൈവത്തെ അനുസരിക്കുന്നതെല്ലാം ഒരു അതിരിനുള്ളിലായിരിക്കട്ടെ!’

ഇപ്രകാരമുള്ള അവിശ്വാസത്തിന്റെ ചിന്തകളിൽ നിന്ന് ദൈവം നമ്മെ വിടുവിക്കട്ടെ. അവിടുന്ന് നമ്മെക്കുറിച്ചാഗ്രഹിക്കുന്നത് സകലഭാരവും വിട്ടു വിരുതിനായി ഓടണം എന്നാണ്. ലോകത്തിന്റെ താണനിലവാരങ്ങളിൽ നിന്നെല്ലാം നാം പിൻമാറി ഏറ്റവും ഉന്നതമായതൊഴികെ ഒന്നുകൊണ്ടും തൃപ്തരാകരുതെന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. ദൈവം ബഹുമാനിക്കുന്ന മനുഷ്യന് ആളുകളുടെ ബഹുമാനം എത്ര നിസ്സാരമാണ്! അല്ലെങ്കിൽ, സ്വർഗ്ഗസമ്പത്തു ലഭ്യമാകുമ്പോൾ ഈ ലോകസമ്പത്തിന്റെ വിലയെന്ത്?

ജീവിതത്തിൽ നിങ്ങൾ ഭൗതികസുരക്ഷിതത്വം അന്വേഷിക്കുന്നുവോ? വിശ്വാസംമൂലമുണ്ടാകാവുന്ന അപകടങ്ങളിൽ നിന്ന് എങ്ങനെയെങ്കിലും സുരക്ഷിതനാകാമെന്ന് നിങ്ങൾ ആശിക്കുന്നുവോ? അങ്ങനെയെങ്കിൽ നിങ്ങൾ ജീവിതത്തിന്റെ സുരക്ഷിതത്വം നഷ്ടപ്പെടുത്തുമെന്നു ഞാൻ മുന്നറിയിപ്പു നൽകട്ടെ. അവസാനത്തിൽ നിങ്ങൾ നേടിയതെന്നു കാണിക്കുവാൻ ഒന്നുമുണ്ടായിരിക്കുകയില്ല.

നിങ്ങളുടെ മനസ്സു മാറ്റുക! യേശുവിനെപ്രതി ജീവിതത്തെ എറിഞ്ഞുകളവാൻ ഒരുങ്ങുക. അവന്റെ സുവിശേഷത്തിനായി കഷ്ടത അനുഭവിക്കുക. നിങ്ങൾ ആ തീരുമാനത്തെക്കുറിച്ച് ഒരിക്കലും ദുഃഖിക്കേണ്ടിവരികയില്ല. ജീവിതം പാഴായില്ലെന്നും യഥാർത്ഥമായ നഷ്ടമൊന്നും ഉണ്ടായില്ലെന്നും നിങ്ങൾ കാണും. മറിച്ച് നിങ്ങൾ പാകിയ വിത്തിൽ നിന്നു നിത്യഫലങ്ങൾ മുളയ്ക്കുന്നതു കാണാം. യേശുവിന്റെ പാദത്തിൽ നിങ്ങൾ അർപ്പിക്കുന്ന കാഴ്ചയേക്കാൾ എത്രയോ ഉന്നതമായിരിക്കും നിങ്ങൾക്കു ലഭിക്കുന്ന സ്വർഗ്ഗീയപ്രതിഫലങ്ങൾ. എന്തെന്നാൽ ‘ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും. ദൈവവേഷ്ടം ചെയ്യുന്നവനോ എന്നേക്കും നിലനിൽക്കുന്നു’ (1 യോഹ.2:17). ക്രിസ്തു മഹത്വത്തിൽ മടങ്ങിവരികയും ഇന്നത്തെ വസ്തുസ്ഥിതികൾ ഇല്ലാതാകയും ചെയ്യുമ്പോൾ അവനായി സമ്പൂർണ്ണമായി സമർപ്പിച്ചവർ തങ്ങളുടെ മുമ്പിലുള്ള അവർണ്യമായ സന്തോഷത്തിൽ അവനെ അനുഗമിക്കുവാൻ കൊടുത്ത വിലയെല്ലാം മറന്നുപോകും.

ബാലനായിരുന്നപ്പോൾ എന്നെ വർഷംതോറും ജനുവരി 26-ാംതീയതി ന്യൂഡൽഹിയിൽ റിപ്പബ്ലിക് ദിനാഘോഷങ്ങൾ കാണുവാൻ

**ഈ ലോകത്തിൽ ജീവിക്കാൻ ഒരു ജീവിതമുണ്ട്. ഓടുവാൻ ഒരു ഓട്ടമുണ്ട്. നമുക്കുള്ളതെല്ലാം അതിനുവേണ്ടി കൊടുക്കുവാൻ ആവശ്യപ്പെടുന്നു. എന്നാൽ ഓട്ടത്തിന് ഒരു ലക്ഷ്യമുണ്ട്. ജീവിതത്തിന് ഒരു പ്രതിഫലമുണ്ട്. അവയോടു താരതമ്യപ്പെടുത്തുമ്പോൾ ലോകത്തിനു നൽകാൻ കഴിയുന്നതൊക്കെയും നിന്ദ്യമായ ചവറുപോലെ തോന്നും. നിങ്ങളുടെ മനസ്സു മാറ്റുക! യേശുവിനെപ്രതി ജീവിതത്തെ എറിഞ്ഞുകളവാൻ ഒരുങ്ങുക.**

കൊണ്ടുപോയിരുന്നത് ഓർക്കുന്നു. അന്നേദിവസമാണ് ധീരതയ്ക്കുള്ള രാഷ്ട്രത്തിന്റെ ഉന്നതസമ്മാനങ്ങൾ ഭരണാധികാരി നൽകുന്നത്. പലപ്പോഴും സമ്മാനം വാങ്ങാൻ വന്നിരുന്നത് കൈമുറിക്കപ്പെട്ടവനോ, കൃത്രിമകാലിൽ മുടന്തുന്നവനോ, യുദ്ധക്കളത്തിൽ നേരിട്ട മുറിവുകളാൽ വിരൂപനോ ആയ അറിയപ്പെടാത്ത ഒരു സാധാരണഭടനായിരിക്കും. അപ്പോൾ ഈ സമ്മാനത്തിന് അർഹനാക്കിയ സംഭവവിവരണം വിശദമായി വായിക്കും. ഒടുവിലായി രാഷ്ട്രത്തിലെ ഏറ്റവും ബഹുമാന്യവ്യക്തികളുടെ സാന്നിധ്യത്തിൽ ഭരണാധികാരി മെഡൽ അവന്റെ മാറിൽ കുത്തിക്കൊടുക്കും. രാജ്യത്തിന്റെ പ്രതിരോധത്തിനായി ജീവൻ അപകടപ്പെടുത്തിയ പട്ടാളക്കാരനെ അവിടെക്കൂടിയിരിക്കുന്ന ആയിരമായിരം ജനങ്ങൾ അനുമോദിക്കും.

നാം കർത്താവിന്റെ മുമ്പിൽ നിൽക്കേണ്ടതിന് സ്വർഗ്ഗകവാടത്തിലേക്ക് എടുത്തുകൊള്ളപ്പെടുന്ന ദിവസത്തിന്റെ ഒരു ചിത്രം (എത്ര മങ്ങിയ ചിത്രംമാത്രം) ആണിതെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. അപ്പോൾ സ്വർഗ്ഗത്തിലെ ഉന്നതസ്ഥാനികളുടെ സാന്നിധ്യത്തിൽ ലോകത്തിൽ തങ്ങളുടെ ഉപനിധികളിൽ വിശ്വസ്തരായിരുന്ന വീണ്ടെടുക്കപ്പെട്ട സ്ത്രീപുരുഷന്മാർക്കു രാജാധിരാജൻതന്നെ പ്രതിഫലം കൊടുക്കും. അന്നു തന്റെ പേര് വിളിക്കുമ്പോൾ ഹാനോക്ക് മുന്നോട്ടു പോകുന്നതും, തന്നെക്കുറിച്ച് 'അവൻ ദൈവത്തെ പ്രസാദിപ്പിച്ചു' എന്നുള്ള വാചകം വായിക്കുന്നതും ഞാൻ സങ്കല്പത്തിൽ കാണുന്നു. അതേ, മൂന്നൂറിലധികം വർഷം അവൻ ഈ ലോകത്തിൽ പരിഹസിക്കപ്പെട്ടിരിക്കാം. പക്ഷേ ഇപ്പോൾ ദൂതസംഘത്തിന്റെ അനുമോദനകൈയടിക്കിടയിൽ, പോരാട്ടത്തിൽ പ്രകടിപ്പിച്ച ധീരതയ്ക്ക് സ്വർഗ്ഗത്തിന്റെ ഉന്നത സമ്മാനം നൽകി അവനെ ബഹുമാനിക്കുന്നു. തന്റെ ഊഴം വരുമ്പോൾ അപ്പോസ്തലനായ പൗലോസും ഇതുപോലെയുള്ള ഒരു അംഗീകാരംപ്രാപിക്കേണ്ടതിന് മുന്നോട്ടുവരുന്നതും ഞാൻ കാണുന്നു. ലോകത്തിൽ ഒരു ഭ്രാന്തനായും ഭോഷനായും ഗണിക്കപ്പെട്ടു. ഇവിടെ ഇതാ, അവന് ഒരു ജീവകിരീടം നൽകുന്നു. ആ നിമിഷത്തിൽ അവൻ കഷ്ടം അനുഭവിച്ച ദീർഘവർഷങ്ങളൊക്കെയും വിസ്മരിക്കുന്നു. അതിന്റെ സ്ഥാനത്ത് താൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്നറിയുന്നതിന്റെ സന്തോഷം, നിത്യതയിലെല്ലാം നിലനിൽക്കുന്ന ഒരു സന്തോഷം, അവനെ നിറയ്ക്കുന്നു.

അതിനുശേഷം നിങ്ങളുടെ ഊഴം വരും, എന്റേയും. പ്രിയസഹോദരാ, സഹോദരീ നിന്നെക്കുറിച്ച് എന്തായിരിക്കും പ്രസ്താവിക്കപ്പെടുന്നത്. നമ്മുടെ മതപരമായ മറകൾ എല്ലാം മാറ്റപ്പെട്ട്, ഭൂമിയിൽ നമ്മെ ആവരം ചെയ്തിരുന്ന ബാഹ്യമായ കാപട്യങ്ങളും പ്രകടനങ്ങളും എല്ലാം നീക്കപ്പെട്ടു നാം അവിടെ നിൽക്കുമ്പോൾ പിന്നെ എന്ത് അവശേഷിക്കും? അന്നു നിങ്ങളുടെ ശൂന്യത്കണ്ടു ദുഃഖിക്കമാത്രമായിരിക്കുമോ നിങ്ങളുടെ അനുഭവം? നിങ്ങൾ നടത്തിയ വിലയില്ലാത്ത തിരഞ്ഞെടുപ്പിനെക്കുറിച്ചും ഗണ്യമാക്കാതെ തള്ളിക്കളഞ്ഞ അവസരങ്ങളെക്കുറിച്ചും ആഴമായി ദുഃഖിക്കേണ്ടിവരുമോ? അതോ പൗലോസിന്റേയും ഹാനോക്കിന്റെയും സമീപത്തു നിങ്ങളും സ്ഥാനം

*(ശേഷം പേജ് 43 ൽ)*



# ആ പാദമുദ്രകളിൽ പദമൂന്നി...



ചാൾസ് എം. ഷെൽഡൺ
മൊഴിമാറ്റം:ബോബി ചെറിയാൻ

***വായിച്ചു തുടങ്ങുംമുൻപ്......***

*റെയ്മണ്ട് ഒന്നാം സഭയിലെ ശുശ്രൂഷകനാണ് ഹെൻട്രി മാക്സ്വെൽ.*

*ഞായറാഴ്ച. 'യേശുവിനെ അനുഗമിക്കുക' എന്ന പ്രസംഗത്തിനുശേഷം അദ്ദേഹം ഇരുന്നപ്പോൾ തൊഴിലന്വേഷിച്ച് നടന്ന ഒരാൾ പ്രസംഗപീഠത്തിലേക്ക് കയറിവന്നു. 'നിങ്ങൾ പ്രായോഗികതലത്തിൽ എങ്ങനെയാണ് യേശുവിനെ അനുഗമിക്കുന്നത്?' എന്ന ചോദ്യം സഭാജനങ്ങളോട് അയാൾ ഉന്നയിച്ചു. എന്നാൽ സംസാരം പൂർത്തിയാക്കുന്നതിനുമുമ്പുതന്നെ ഹൃദയാഘാതംമൂലം അയാൾ മരിച്ചു. പിറ്റേ ആഴ്ച റവ.ഹെൻട്രി മാക്സ്വെൽ തന്റെ സഭാജനങ്ങൾക്ക് ഒരു ആഹ്വാനം നൽകി–അടുത്ത ഒരു വർഷത്തേക്ക് നിങ്ങളുടെ സ്ഥാനത്ത് 'യേശു ആയിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു' എന്നു ചോദിച്ചശേഷം മാത്രമേ ഏതു പ്രവൃത്തിയും ചെയ്യാവൂ എന്ന പ്രതിജ്ഞ എടുക്കുക. സഭയിലെ ഒരു സംഘം വിശ്വാസികൾ അങ്ങനെ പ്രതിജ്ഞയെടുത്തു. നഗരത്തിലെ ഡെയ്ലി ന്യൂസ് പത്രത്തിന്റെ പത്രാധിപർ നോർമൻ ആകൂട്ടത്തിൽ ഒരാളായിരുന്നു. അദ്ദേഹം തന്റെ പ്രതിജ്ഞയനുസരിച്ച് പത്രത്തിൽ ചില മാറ്റങ്ങൾ വരുത്തുവാൻ തുടങ്ങി.*

*സഭയിലെ ഗായികയായ റേച്ചലും ധനികയുവതിയായ വെർജീനിയായും പ്രതിജ്ഞയെടുത്ത മറ്റുരണ്ടുപേരാണ്. ഇതിനിടെ റേച്ചലിന് ഒരു സംഗീതട്രൂപ്പിൽ ജോലി ലഭിച്ചു. പക്ഷേ പ്രതിജ്ഞമൂലം അത് അവൾ സ്വീകരിക്കാൻ വിസമ്മതിക്കുന്നു. പകരം ടൗണിൽ അധോലോകസംഘങ്ങൾ വിഹരിക്കുന്ന ചത്വരത്തിൽ നടക്കുന്ന സുവിശേഷയോഗങ്ങളിൽ പാടാൻ തുടങ്ങി. വെർജീനിയായും ഈ യോഗങ്ങളിൽ സംബന്ധിക്കുവാൻ ആരംഭിച്ചു. ചത്വരത്തിലെ മദ്യപയായ ലൊറീൻ എന്ന പെൺകുട്ടിയെ അവൾ വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്നത് വലിയമ്മ മദാംപേജിന് ഇഷ്ടമായില്ല. അവർ വീടുവിട്ടുപോയി. ഇതിനിടെ ചത്വരത്തിലെ മദ്യലോബിക്കെതിരേ യഥാർത്ഥക്രിസ്ത്യാനികൾ അണിനിരന്നു. ഈ പോരാട്ടത്തിൽ ലൊറീൻ രക്തസാക്ഷിയായി.*

*എഴുത്തുകാരനായ ജാസ്പർ പ്രതിജ്ഞ എടുത്തവനായിരുന്നെങ്കിലും അത് ഗൗരവമായി എടുക്കാത്തവനായതിനാൽ റേച്ചൽ അവന്റെ വിവാഹവാഗ്ദാനം നിരസിക്കാൻ തീരുമാനിച്ചു. വെർജീനയായുടെ സഹോദരൻ റോളിൻ മാനസാന്തരപ്പെട്ട് മുന്നോട്ടുവന്നു.*

*ഷിക്കാഗോയിലെ സഭശുശ്രൂഷകൻ ഡോ.ബ്രൂസ് റെയ്മണ്ടിലെ ഉണർവ്വിനെക്കുറിച്ച് അറിഞ്ഞ് അതു തന്റെ സഭയിലും പ്രാവർത്തികമാക്കാൻ തുനിയുന്നു.*

*തുടർന്നുവായിക്കുക....*

**18**

"റെയ്മണ്ടിൽ ഒരു സന്ദർശനം കഴിഞ്ഞ് ഞാൻ മടങ്ങിയെത്തിയതേയുള്ളൂ." ഡോ.ബ്രൂസ് തന്റെ പ്രസംഗം ആരംഭിച്ചു. "അവിടെ ചലനമുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഒരു തരംഗം എന്നിലുണ്ടാക്കിയ സ്വാധീനത്തെക്കുറിച്ചു ചിലതു പറയാൻ എനിക്കു ആഗ്രഹമുണ്ട്". അദ്ദേഹം ഒന്നു നിർത്തി. തന്റെ മുമ്പിലിരിക്കുന്ന ജനക്കൂട്ടത്തെ ഒന്നു നോക്കി. താൻ പറയാൻ പോകുന്ന

കാര്യങ്ങൾ അവർ എങ്ങനെ സ്വീകരിക്കും എന്നതിനെക്കുറിച്ച് അദ്ദേഹത്തിനു നിശ്ചയമൊന്നുമുണ്ടായിരുന്നില്ല. എങ്കിലും റെയ്മണ്ടിൽ കണ്ടതും കേട്ടതുമൊക്കെ അദ്ദേഹം അവരോടു പറഞ്ഞു. റെയ്മണ്ടിലെ പ്രഥമസഭയിൽ നടക്കുന്ന പരീക്ഷണത്തെക്കുറിച്ച് ജനം കുറെയൊക്കെ കേട്ടിരുന്നു. രാജ്യം മുഴുവൻ അത് ഉറ്റുനോക്കുകയായിരുന്നു. രാജ്യത്തെങ്ങുമുള്ള സഭകളുമായി ഒരു കൂട്ടായ്മയിലേക്കു വരുവാനാണ് മി. മാക്സ്‌വെൽ ഇപ്പോൾ ശ്രമിക്കുന്നത്. ഇപ്പോൾ അതിനുള്ള സമയമായെന്ന് അദ്ദേഹം കരുതുന്നു. അനേകം സഭകളിൽ പ്രവർത്തിക്കുന്ന ക്രിസ്ത്യൻ എൻഡവർ സൊസൈറ്റി വിശ്വാസത്തോടെ യേശുവിനെ പിന്തുടരുവാൻ തീരുമാനമെടുക്കുകയും അത് പുതിയ ജനനം പോലെ ആഴമേറിയ ആത്മീയാനുഭവത്തിലേക്ക് നയിക്കയും ചെയ്തു. ഇക്കാര്യങ്ങളൊക്കെ ഡോ.ബ്രൂസ് തന്റെ വ്യക്തിപരമായ ആവേശത്തിൽ നിന്നുമാണു പറഞ്ഞത്. അതു തുടർന്നു നടത്താനുള്ള പ്രഖ്യാപനങ്ങൾക്ക് വഴി തെളിക്കയും ചെയ്തു. ഫെലീഷ്യാ വളരെ ശ്രദ്ധയോടെയാണ് ഇതൊക്കെ കേട്ടുകൊണ്ടിരുന്നത്.

തൊട്ടടുത്ത് സഹോദരി റോസും ഇരിപ്പുണ്ടായിരുന്നു. മഞ്ഞുകട്ടയും തീയും തമ്മിൽ ചേർന്നിരിക്കുന്നതുപോലുള്ള വൈരുദ്ധ്യം. റോസും തന്റേതായ രീതിയിൽ ഉത്സാഹത്തോടെയും ശ്രദ്ധയോടെയുമാണ് കേട്ടുകൊണ്ടിരുന്നത്.

''പ്രിയ സ്നേഹിതരേ,'' തന്റെ പ്രാരംഭപ്രാർത്ഥനയുടെ അതേവികാരത്തിൽ ഡോ. ബ്രൂസ് സംസാരിക്കാൻ തുടങ്ങി.

"റെയ്മണ്ടിലെ പ്രഥമസഭ എടുത്ത പ്രതിജ്ഞ നസ്രത്ത് അവന്യൂസഭയും എടുക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അതു എനിക്കും നിങ്ങൾക്കും എന്താണു നൽകാൻ പോകുന്നതെന്നറിഞ്ഞുകൊണ്ടുതന്നെയാണ് ഞാൻ സംസാരിക്കുന്നത്. നമ്മുടെ ജീവിതശൈലി പൂർണ്ണമായും മാറും. സാമൂഹികമായി നഷ്ടങ്ങളുണ്ടാകും. സാമ്പത്തികനഷ്ടങ്ങളുണ്ടാകും. കഷ്ടങ്ങളും ക്ലേശങ്ങളുമുണ്ടാകും. യേശുവിനെ അനുഗമിക്കുക എന്നാൽ ഒന്നാം നൂറ്റാണ്ടിൽ യേശുവിനെ അനുഗമിച്ചവരുടെ അവസ്ഥതന്നെയാണ്. അവഗണനയും ഒറ്റപ്പെടുത്തലും കഷ്ടതയും നിന്ദയും പരിഹാസവും പീഡകളും അക്രൈസ്തവമെന്നു പരിശുദ്ധാത്മാവു ബോദ്ധ്യം തരുന്ന എന്തിൽ നിന്നുമുള്ള വേർപാടും ആണ്. ശിഷ്യത്വത്തിന്റെ പാത അന്നത്തേതുതന്നെയാണ് ഇന്നും. അതുകൊണ്ട് ഈ സഭയിൽ അങ്ങനെ മുമ്പോട്ടു വരുന്നവർ യേശു തന്ന മാതൃകയിലൂടെ അവിടുത്തെ കാൽച്ചുവടു പിന്തുടരുവാൻ തീരുമാനമെടുക്കയും ഓരോ കാര്യത്തിലും യേശു ആയിരുന്നു എങ്കിൽ എന്തു ചെയ്യുമായിരുന്നു എന്നു സ്വയം ചോദിച്ചശേഷം പരിശുദ്ധാത്മാവു നൽകുന്ന ബോധ്യങ്ങളിലൂടെ മാത്രമേ പ്രവർത്തിക്കയുള്ളു എന്നു പ്രതിജ്ഞ ചെയ്യുകയും വേണം."

അദ്ദേഹം ഒന്നു നിർത്തി. കാര്യങ്ങൾ കൂടുതൽ വ്യക്തമായപ്പോൾ ആളുകൾക്കിടയിൽ ഒരു ചലനം തന്നെ ഉണ്ടായി. അപ്രകാരം തീരുമാനമെടുക്കുന്നവർ സഭായോഗത്തിനുശേഷം കൂടണമെന്നുകൂടി അദ്ദേഹം പറഞ്ഞു.

അതിനുശേഷം അദ്ദേഹം തന്റെ പ്രസംഗം തുടർന്നു. "ഗുരോ, അങ്ങു പോകുന്നേടത്തൊക്കെയും ഞാൻ അങ്ങനെ അനുഗമിക്കാം" എന്നതായിരുന്നു കുറിവാക്യം. അതു വ്യക്തികളുടെ ആന്തരികഘടനയെ ഇളക്കി മറിക്കുവാൻ പോന്നതരത്തിലുള്ളതായിരുന്നു. പ്രഥമനൂറ്റാണ്ടിലെ ക്രിസ്ത്യാനിത്വത്തെക്കുറിച്ച് ഡോ.ബ്രൂസിന് വെളിപ്പെട്ടുവന്ന വസ്തുതകളായിരുന്നു അത്. സഭയെ അത് ഒന്നാം നൂറ്റാണ്ടിലേക്കു





കൊണ്ടുപോയി. സഭാംഗത്വത്തെക്കുറിച്ച് വർഷങ്ങളായി അടിഞ്ഞുറച്ചുപോയ പാരമ്പര്യവിശ്വാസങ്ങളെ ഇളക്കി കടപുഴകിയെറിയാൻ പോന്നതായിരുന്നു ആ വെളിപ്പാടുകൾ. ജീവിതകാലം മുഴുവൻ ആളുകൾ പാലിക്കാൻ തക്കവണ്ണം ഒരിക്കലായിട്ടു നൽകുന്ന ഒരു ഉപദേശം പോലെ വ്യക്തവും ശക്തവുമായിരുന്നു ആ വാക്കുകൾ.

യോഗം അവസാനിച്ചു. ചിലരുടെ ചലനങ്ങളിൽ ഒരു വിമുഖത പ്രകടമായിരുന്നു. റോസ് എണീറ്റ് ഇരിപ്പിടനിരകളുടെ നടുവിലൂടെയുള്ള നടവഴിയിൽ എത്തി. തിരിഞ്ഞു ഫെലീഷ്യായെ നോക്കി ഒപ്പം വരാനായി കണ്ണുകൊണ്ടാംഗ്യം കാട്ടി. ''ഞാൻ ഇവിടെ നില്ക്കുകയാണ്" ഫെലീഷ്യാ പറഞ്ഞു. ഇതിനു മുമ്പും ഫെലീഷ്യാ അപ്രകാരം പറയുന്നതു റോസ് കേട്ടിട്ടുണ്ട്. അവളുടെ തീരുമാനത്തിൽ നിന്നും അവളെ വ്യതിചലിപ്പിക്കാൻ കഴിയില്ല എന്നു റോസ് മനസ്സിലാക്കിയിട്ടുണ്ട്.

"ഫെലീഷ്യാ ഇതു വിവേകമില്ലായ്മയാണ്. നിനക്ക് എന്തു ചെയ്യാൻ കഴിയുമെന്നാണ്? വെറുതെ കുടുംബത്തിനു ചീത്തപ്പേരുണ്ടാക്കാൻ. അപ്പനെന്തു പറയും? വരൂ, ഇവിടെ." ഫെലീഷ്യാ അവളെ നോക്കിനിന്നു. മറുപടി ഒന്നും പറഞ്ഞില്ല. തലകുലുക്കുക മാത്രം ചെയ്തു. അവൾക്കൊരു പുതുജീവൻ ലഭിച്ചതു പോലെയായിരുന്നു അവളുടെ മുഖഭാവം.

''ഇല്ല, ഞാൻ ഇവിടെ നിന്ന് പ്രതിജ്ഞ ചെയ്യാൻ പോവുകയാണ്. ഞാൻ അത് അനുസരിക്കുവാൻ തീരുമാനിച്ചു. നിനക്കു മനസ്സിലാവില്ല ഇതൊന്നും."

റോസ് അവളെ രൂക്ഷമായി ഒന്നു നോക്കിയിട്ടു തിരിഞ്ഞു നടന്നു. പരിചയക്കാരോടു പോലും സംസാരിക്കാൻ അവൾ നിന്നില്ല. റോസ് വണ്ടിയിൽ കയറുമ്പോൾ ശ്രീമതി ഡിലാനോ സഭാമന്ദിരത്തിൽ നിന്നും പുറത്തേക്കു വരികയായിരുന്നു.

''നീ ഡോ. ബ്രൂസിന്റെ കൂട്ടത്തിൽ ചേരുന്നില്ലേ?" ഡിലാനോ വിചിത്രശബ്ദത്തിൽ റോസിനോടു ചോദിച്ചു.

"ഇല്ല, നിങ്ങൾ ചേരുന്നോ? ഓ! അതു വെറും അർത്ഥശൂന്യമാണ്. റെയ്മണ്ടിലെ ആ പരിപാടിയൊക്കെ വെറും ഭ്രാന്താണ്. ഞങ്ങളുടെ കസിൻ റേയ്ച്ചൽ ഞങ്ങൾക്ക് ഓരോ സമയത്തും വിവരം നൽകിക്കൊണ്ടിരുന്നു."

"അതെയതെ. എനിക്കുമതു മനസ്സിലായിട്ടുണ്ട്. പലകാര്യങ്ങളിലും വലിയ പ്രശ്നങ്ങളും പ്രയാസങ്ങളും നേരിടേണ്ടിവരും. ആ പാസ്റ്റർ ബ്രൂസ് ആവശ്യമില്ലാതെ പ്രശ്നങ്ങൾ ഉണ്ടാക്കുകയാണ്. അത് ഒടുവിൽ ഭിന്നതയിലേ കലാശിക്കൂ. സഭ പിളരും. രണ്ടു ചേരിയാകും. അല്ലെങ്കിൽ നീ നോക്കിക്കോ. ഇത്തരം പ്രതിജ്ഞകളൊന്നും എടുക്കാൻ കഴിയാത്ത ധാരാളം പേർ സഭയിലുണ്ട്. ഞാൻ അത്തരത്തിലൊരാളാണ്. സാഹചര്യം അനുവദിക്കില്ല." ഡിലാനോ പറഞ്ഞു നിർത്തി.

റോസ് വീട്ടിലെത്തുമ്പോൾ പിതാവ് ഒരു ചുരുട്ടും വലിച്ചു കൊണ്ട് പതിവുപോലെ നെരിപ്പോടിനു സമീപം നില്പുണ്ടായിരുന്നു.

"ഫെലീഷ്യാ എവിടെ?"

"യോഗശേഷമുള്ള മീറ്റിംഗിനു നില്ക്കുന്നു". അവൾ ഹ്രസ്വമായ മറുപടി നല്കിയശേഷം മുകളിലേക്കു പടികൾ കയറി. അദ്ദേഹം അവളെ തിരിച്ചു വിളിച്ചു.

"യോഗശേഷം മീറ്റിംഗോ? എന്താണത്?"

"റെയ്മണ്ടിലെ പ്രതിജ്ഞ എടുക്കാൻ ഡോ.ബ്രൂസ് ആഹ്വാനം ചെയ്തു."

അദ്ദേഹം ചുരുട്ടു വായിൽ നിന്നും എടുത്തു വിരലുകൾക്കിടയിൽ

അസ്വസ്ഥമായി തെരുപ്പിടിച്ചു.

"ഡോ. ബ്രൂസിൽ നിന്നും ഞാനതു പ്രതീക്ഷിച്ചില്ല. ഒത്തിരി പേർ അതിനു നില്ക്കുന്നുണ്ടോ?"

"എനിക്കറിഞ്ഞുകൂടാ. ഞാൻ നിന്നില്ല" അതു പറഞ്ഞിട്ട് അവൾ വേഗം കയറിപ്പോയി.

അദ്ദേഹം ജനാലയ്ക്കൽ ചെന്ന് നിരത്തിലൂടെ ആളുകൾ നീങ്ങുന്നതും നോക്കി നിന്നു. ചുരുട്ട് അണഞ്ഞു പോയിരുന്നെങ്കിലും ഉള്ളിലെ അസ്വസ്ഥത വിരലുകൾക്കിടയിൽ ചുരുട്ടിനെ ചലിപ്പിച്ചുകൊണ്ടിരുന്നു. കുറച്ചു സമയം അങ്ങനെ നിന്നശേഷം മുറിയിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടക്കാൻ തുടങ്ങി. പരിചാരിക വന്ന് ഭക്ഷണം തയ്യാറായി എന്നറിയിച്ചു. ഫെലീഷ്യാ വന്നിട്ടു മതി എന്ന് അദ്ദേഹം പറഞ്ഞു.

റോസ് താഴേക്കു വന്ന് ലൈബ്രറിയിലേക്കു പോയി. അദ്ദേഹം കസേരയിൽ ചാരിയിരുന്നു. ഫെലീഷ്യായ്ക്കു വേണ്ടി എന്തൊക്കെയോ ഉള്ളിൽ പതഞ്ഞുപൊങ്ങുന്നുണ്ടായിരുന്നു.

ഫെലീഷ്യാ വലിയ ആവേശത്തോടെയാണു കടന്നുവന്നത്. അപ്പോഴേക്കും റോസും ലൈബ്രറിയിൽ നിന്നും സ്വീകരണമുറിയിലേക്കു വന്നു.

"എത്ര പേരുണ്ടായിരുന്നു?" റോസ് ചോദിച്ചു.

"ഏതാണ്ടു നൂറുപേർ." ഫെലീഷ്യാ പറഞ്ഞു.

മി.സ്റ്റെർലിംഗ് അതു കേട്ടു അത്ഭുതപ്പെട്ടുപോയി.

ഫെലീഷ്യാ സ്വീകരണമുറി വിട്ടുപോയി. അദ്ദേഹം അവളെ തിരികെ വിളിച്ചു.

"ഈ പ്രതിജ്ഞ പാലിക്കാൻ നീ ഉദ്ദേശിക്കുന്നുണ്ടോ?" അവളുടെ മുഖം കോപം കൊണ്ട് ചുവന്നു.

"ഒരിക്കലും അങ്ങനെ ചോദിക്കാൻ പാടില്ലായിരുന്നു ഡാഡീ. ആ മീറ്റിംഗിൽ പങ്കെടുത്തിരുന്നു എങ്കിൽ ഒരിക്കലും അങ്ങതു ചോദിക്കില്ലായിരുന്നു." അവൾ ഭക്ഷണത്തിന് അല്പം സാവകാശം ചോദിച്ചിട്ട് അമ്മയുടെ മുറിയിലേക്ക് പോയി.

അമ്മയുമായുള്ള ആ കൂടിക്കാഴ്ചയുടെ വിശദാംശങ്ങളെക്കുറിച്ച് അവർക്കു രണ്ടുപേർക്കുമല്ലാതെ മറ്റാർക്കും അറിഞ്ഞുകൂടാ. യോഗത്തിനു ശേഷം മി. ബ്രൂസിന്റെ മുമ്പിൽ കൂടിയിരിക്കുമ്പോൾ എല്ലാവരിലും പകർന്ന ആത്മശക്തിയെക്കുറിച്ച് അവൾ അമ്മയോടു പറയുകയുണ്ടായി. തലേന്നു വൈകിട്ട് അവളോടു പ്രാർത്ഥിക്കാൻ അമ്മ ആവശ്യപ്പെട്ടിരുന്നില്ലെങ്കിൽ അത്തരം ഒരു കാര്യം അമ്മയോടു പറയാൻ അവൾക്കു സ്വാതന്ത്ര്യം തോന്നുമായിരുന്നില്ല. തുടർന്ന് ഭക്ഷണമേശയിൽ പിതാവിനോടും റോസിനോടുമൊപ്പമിരുന്നപ്പോഴും അവൾ മീറ്റിംഗിനെപ്പറ്റി ഒന്നും സംസാരിച്ചില്ല. വെറുതെ കാലാവസ്ഥയെക്കുറിച്ചു മാത്രം എന്തെങ്കിലും സംസാരിക്കുന്ന അരസികനായ ഒരാളോട് മനോഹരമായ ഒരു സൂര്യാസ്തമയത്തെക്കുറിച്ചു വിശദീകരിക്കാൻ നമുക്കു തോന്നാത്തതുപോലെ.

മീറ്റിംഗിനുശേഷം ഡോ.ബ്രൂസ് ഭാര്യയുമായി സംസാരിക്കുകയായിരുന്നു. പുതിയ തീരുമാനത്തെക്കുറിച്ചും തീരുമാനമെടുത്ത പുതിയ ശിഷ്യരുടെ ആവേശത്തെക്കുറിച്ചുമൊക്കെ. അവർ രണ്ടുപേരും ഒരു മനസ്സോടെ ഇക്കാര്യത്തിൽ ഉറച്ചു നിന്നു. പെട്ടെന്നു വാതിലക്കൽ ഒരു മുട്ടുകേട്ടു. ഡോ.ബ്രൂസ് വാതിൽ തുറന്നു.

"ഓ! എഡ്വാർഡ്. അകത്തേക്കു വരിക."

ആജാനുബാഹുവായ ബിഷോപ്പ് അകത്തേക്കു കടന്നു. ആഗതൻ ശ്രീമതി ബ്രൂസിനെ വണങ്ങിയശേഷം അടുത്തമുറിയിലേക്കു പോയി. രണ്ടു പുരുഷന്മാരും മാത്രമായി ഒരു കൂടിക്കാ





ഴ്ചയ്ക്ക്.

"ബ്രൂസ്, താങ്കൾ വലിയ ഒരു കാൽവയ്പ്പാണ് ഇന്നു നടത്തിയിരിക്കുന്നത്." ബിഷോപ്പ് സഹപാഠിയുടെ മുഖത്തേക്കു നോക്കിപ്പറഞ്ഞു. "ഞാൻ ഉച്ച കഴിഞ്ഞാണ് അതെക്കുറിച്ചറിഞ്ഞത്. അപ്പോൾ താങ്കളെക്കാണണമെന്നുള്ള അഭിലാഷം ഉള്ളിൽ പൊന്തുകയായിരുന്നു. നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടാണ് ഓടിവന്നത്."

"എനിക്കു താങ്കൾ വന്നതിൽ വലിയ സന്തോഷമുണ്ട്." ബ്രൂസ് ബിഷോപ്പിന്റെ തോളിൽ പിടിച്ചു. "താങ്കൾക്കതിന്റെ മൂല്യമെന്തെന്നു മനസ്സിലാകും."

"ഞാൻ അങ്ങനെ വിചാരിക്കുന്നു".

"നമുക്കു തമ്മിൽത്തമ്മിൽ മനസ്സിലാക്കാൻ കഴിയും. രണ്ടു പഥങ്ങളിലെങ്കിലും നമുക്കു ക്രിസ്തീയനടപ്പിൽ എന്നും ഒരു കൂട്ടായ്മയുണ്ട്." ബിഷോപ്പ് പറഞ്ഞു.

"അതു സത്യമാണ്. ഞാൻ അതിനു ദൈവത്തിനു നന്ദിപറയുന്നു. മറ്റാരുമായുള്ളതിനേക്കാളും താങ്കളുടെ കൂട്ടായ്മയെ ഞാൻ വില മതിക്കുന്നു."

അവർ സ്നേഹപൂർവ്വം പരസ്പരം നോക്കി.

"ഈ പുതിയ ശിഷ്യത്വം താങ്കളുടെ പ്രവർത്തനങ്ങളിൽ പല പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ടാക്കും. നിങ്ങൾ ചെയ്യുന്ന എല്ലാ കാര്യങ്ങളും യേശു ചെയ്തതുപോലെയാണു ചെയ്യുന്നതെങ്കിൽ അതു സഭയിൽ ചില വ്യത്യാസങ്ങളുണ്ടാക്കും. സഭയെ കീഴ്മേൽ മറിക്കും. ഇതു പറയാൻ ഒരു പ്രവാചകന്റെ ആവശ്യമൊന്നുമില്ല. റെയ്മണ്ടിലെപ്പോലെ സഭാശുശ്രൂഷകനും ജനവും തീരുമാനമെടുത്താൽ ഉണ്ടാകാവുന്ന മാറ്റത്തെ ആർക്കാണു തടയാൻ കഴിയുക?"

സുഹൃത്ത് എന്തെങ്കിലും പറയുമെന്നു കരുതി ബിഷോപ്പ് ഒന്നു നിർത്തി. താനും മാക്സ്വെല്ലും ഒക്കെ നേരിട്ട ആ അഗ്നി ബിഷോപ്പിന്റെയുള്ളിൽ കത്തിയെരിയുന്നത് ബ്രൂസ് കണ്ടില്ല.

"എന്റെ സഭയിലേക്കു നോക്കിയാൽ" ബിഷോപ്പ് തുടർന്നു.

"ഇതുപോലെ ഒരു പ്രതിജ്ഞയെടുക്കാനോ ആ ലക്ഷ്യത്തിനു വേണ്ടി ജീവിക്കാനോ അധികം പേരെയൊന്നും കിട്ടുമെന്നു തോന്നുന്നില്ല. രക്തസാക്ഷിത്വമെന്നത് നമ്മിൽ നിന്നും അമ്പേ മാഞ്ഞു പോയിരിക്കുന്ന ഒരാത്മാവാണല്ലോ. നമ്മുടെ ക്രിസ്ത്യാനിത്വം സുഖലോലുപതയെയും സ്വസ്ഥതയെയും ആലിംഗനം ചെയ്തിരിക്കുന്ന ഒന്നാണ്. അതിന് പരുക്കനായതും ക്രൂശുമൊക്കെ ദുസ്സാദ്ധ്യമാണ്. എങ്കിലും യേശുവിനെ അനുഗമിക്ക എന്നാൽ എന്താണ്? അവിടുത്തെ കാൽച്ചുവടുകൾ പിന്തുടരുക എന്നാൽ എന്താണ്?"

ബിഷോപ്പ് തുടർന്ന് ആത്മഗതം ചെയ്‌വാൻ തുടങ്ങി. പെട്ടെന്നു തന്നെ ബ്രൂസിന്റെ മനസ്സിലേക്ക് ഒരു ചിന്ത മിന്നൽപ്പോലെ വന്നു. ബിഷോപ്പ് തന്നെ ഈ റെയ്മണ്ട് തരംഗത്തിന്റെ ഭാഗത്തേക്കു ചാഞ്ഞു നിന്നാൽ അതിന്റെ സ്വാധീനം എന്തായിരിക്കാം.? ഷിക്കാഗോയിലും മറ്റു പല നഗരങ്ങളിലുമുള്ള കുലീനരും സമ്പന്നരും പരിഷ്കൃതരുമായ നിരവധിപേർ അദ്ദേഹത്തിനു പിന്നിലുണ്ട്. അങ്ങനെയിരിക്കെ ബിഷോപ്പ് സ്വയം ഈ ശിഷ്യത്വത്തിലേക്കു തിരിഞ്ഞാൽ എന്തായിരിക്കും?

ഈ ചോദ്യം നേരിട്ടു ചോദിക്കാനായി വാക്കുകളാക്കി ഡോ.ബ്രൂസ് ബിഷോപ്പിനോടു അല്പം കൂടി അടുത്തിരുന്നു. തന്റെ ചിരകാലമായുള്ള സൗഹൃദത്തിന്റെ സ്വാതന്ത്ര്യത്തിൽ കയ്യെടുത്ത് അദ്ദേഹത്തിന്റെ തോളിൽ വച്ചു. പെട്ടെന്നു ഭയാനകമായ ശബ്ദത്തിൽ കാളിംഗ് ബെൽ മുഴങ്ങി. വാതിൽ തുറക്കാനായി ശ്രീമതി ബ്രൂസ്

# അനുസരണയുള്ള നായ് *പേജ് 24 ൽ നിന്ന്*

യേശുക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായി പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു. (2 കൊരി. 11:3).

തന്റെ യജമാനത്തിയുടെ ആജ്ഞ ഏകാഗ്രതയോടെ അനുസരിക്കുന്ന ആ വളർത്തുനായ ഭക്തിയെപ്പറ്റി ചില പുതിയ കാര്യങ്ങൾ പഠിപ്പിച്ചു. യേശുവിനോടുള്ള നിർമ്മലമായ ഭക്തിയാണ് എന്റെ അമൂല്യമായ ആത്മീയ സമ്പത്ത് എന്ന് ഞാൻ മനസ്സിലാക്കുന്നു. ദൈവത്തെ സംബന്ധിച്ചിടത്തോളം ഞാൻ പറയുകയോ പ്രവർത്തിക്കയോ ചെയ്യുന്ന എന്തിനെക്കാളും – അത് ദൈവനാമത്തിൽ, ദൈവത്തിനായി തന്നെ ചെയ്തതാണെങ്കിലും–വിലയേറിയത് എനിക്ക് അവനോടുള്ള ഭക്തി തന്നെയാണ്.

ഈ ദൃഷ്ടാന്തകഥയിലൂടെ ക്രിസ്ത്യാനികൾ ആയ നാം നമ്മുടെ നിലപാടും മനോഭാവവും ക്രമീകരിക്കാൻ പഠിക്കും എന്ന് ഞാൻ ആശിക്കുന്നു. ദൈവശബ്ദത്തിന് ചെവികൊടുക്കുന്നതിന്റെ പ്രാധാന്യം നമുക്ക് ബോദ്ധ്യമാകട്ടെ! ദൈവത്തിനും ദൈവവചനത്തിനും പരമപ്രാധാന്യം നൽകുമാറ് നമ്മുടെ വീക്ഷണം ക്രമീകരിക്കാൻ നമുക്ക് കഴിയട്ടെ. തെറ്റിനേയും ശരിയേയുംകുറിച്ചുള്ള നമ്മുടെ നിർവ്വചനങ്ങൾ സ്ഥാപിക്കാൻ വൃഥാശ്രമം നടത്തി, നമുക്ക് ഉത്തമം എന്ന് തോന്നുന്ന കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കാതെ യേശുവിനോടുള്ള ഭക്തിയാൽ അവിടുത്തെ ശബ്ദത്തിനായി സദാ കാതോർക്കാം. (തുടരും)

●

---

വാതിൽക്കലേക്കു പോയി. വാതിൽ തുറന്നതും ഒരു നിലവിളി ഉയരുന്നതും കേട്ടു. ഡോ.ബ്രൂസും ബിഷോപ്പും വേഗം വാതിൽക്കലേക്കു ചെന്നു. അവിടെ വിളറിയ മുഖത്തോടെ വിറച്ചുകൊണ്ട് ശ്രീമതി ബ്രൂസ് നിൽക്കുന്നു.

"ഓ! കാൽവിൻ...ഭയങ്കരം!...ഭയങ്കരം!...ഓ! ആ കുട്ടികളുടെ കാര്യം...!" അവർ പുലമ്പിക്കൊണ്ടിരുന്നു.

"എന്താ? എന്തുപറ്റി?" ബ്രൂസ് ചോദിച്ചു.

സന്ദേശവാഹകൻ മുമ്പോട്ടു വന്നു. അവന്റെ തലയിൽ തൊപ്പി പോലുമുണ്ടായിരുന്നില്ല. ഓടിവരികയാണെന്നർത്ഥം.

"മി.സ്റ്റെർലിംഗ് സ്വയം വെടിവച്ചു മരിച്ചു......ഏതാനും നിമിഷങ്ങൾക്കുമുമ്പ്....തന്റെ കിടപ്പറയിൽ......ശ്രീമതി സ്റ്റെർലിംഗ്......"

"ഞാൻ നേരെ അങ്ങോട്ടു പോവുകയാണ്. താങ്കൾ വരുന്നുണ്ടോ? സ്റ്റെർലിംഗുകൾ പണ്ടു മുതലേ താങ്കളുടെ സ്നേഹിതരാണല്ലോ."

ബിഷോപ്പും വാർത്ത് കേട്ട് വിളറിപ്പോയിരുന്നു. എങ്കിലും അക്ഷോഭ്യനായി കാണപ്പെട്ടു. അദ്ദേഹം ബ്രൂസിനോടിങ്ങനെ പറഞ്ഞു:

"അതെ കാൽവിൻ. ഞാൻ താങ്കളോടൊപ്പമുണ്ട്. ഈ മരണവീട്ടിലേക്കു മാത്രമല്ല, മനുഷ്യന്റെ പാപത്തിന്റെയും ദുഃഖത്തിന്റേയും എല്ലാ വഴികളിലേക്കും...ദൈവത്തിനു പ്രസാദമായതിലേക്ക്."

ഞെട്ടിക്കുന്ന ആ വാർത്തയ്ക്കിടയിലും ബിഷോപ്പിന്റെ വാഗ്ദാനം എന്തെന്ന് കാൽവിൻ ബ്രൂസ് തിരിച്ചറിഞ്ഞു.

(തുടരും)

●



# നാമും ദൈവവും

നാം പറയുന്ന നിഷേധാത്മകമായ എല്ലാറ്റിനും ദൈവത്തിനു ക്രിയാത്മകമായ ഒരു മറുപടിയുണ്ട്.

ശ്രദ്ധിക്കുക:

നാം പറയുന്നു: "ഇല്ല. അതു സാധ്യമല്ല"
ദൈവം പറയുന്നു:"എല്ലാം സാധ്യമാണ്" (ലൂക്കോസ് 18:27)
നാം:"ഞാൻ വളരെ അസ്വസ്ഥനാണ്"
ദൈവം:"ഞാൻ നിനക്കു സ്വസ്ഥത നൽകാം" (മത്തായി 11:28–30)
നാം:"ആരും വാസ്തവത്തിൽ എന്നെ സ്നേഹിക്കുന്നില്ല."
ദൈവം:"ഞാൻ നിന്നെ സ്നേഹിക്കുന്നു" (യോഹന്നാൻ 3:16;13:34)
നാം:"ഇങ്ങനെ മുന്നോട്ടു പോകാൻ കഴിയുകയില്ല"
ദൈവം:"എന്റെ കൃപ നിനക്കു മതി" (2 കൊരി. 12:9)
നാം:"എനിക്കാകെപ്പാടെ ഒരെത്തും പിടിയും കിട്ടുന്നില്ല"
ദൈവം:"ഞാൻ നിന്റെ കാലടികളെ സ്ഥിരപ്പെടുത്തും" (സദൃശ. 3:5–6)
നാം:"എനിക്കതു ചെയ്യാൻ കഴിയുകയില്ല"
ദൈവം:"നിനക്ക് എല്ലാം ചെയ്യാൻ കഴിയും" (ഫിലി.4:13)
നാം:"ഞാൻ പ്രാപ്തനല്ല."
ദൈവം:"ഞാൻ പ്രാപ്തനാണ്" (2 കൊരി.9:8).
നാം:"എനിക്ക് എന്നോടു തന്നെ ക്ഷമിക്കാൻ കഴിയുന്നില്ല"
ദൈവം:"ഞാൻ നിന്നോടു ക്ഷമിക്കാം" (1 യോഹ.1:9; റോമ.8:1)
നാം:"എനിക്ക് ഇതു കൈകാര്യം ചെയ്യാൻ കഴിയുകയില്ല"
ദൈവം:"ഞാൻ നിന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റാം" (ഫിലി.4:19)
നാം:"എനിക്കു ഭയം തോന്നുന്നു".
ദൈവം:"ഞാൻ ഭീരുത്വത്തിന്റെ ആത്മാവിനെയല്ല നിനക്കു നൽകിയിരിക്കുന്നത്" (2 തിമൊ.1:7)
നാം:"ഞാൻ സദാ ആകുലചിന്തയിലും നിരാശതയിലും ആയിരിക്കുന്നു"
ദൈവം :"നിന്റെ ഭാരം എന്റെ മേൽ ഇട്ടുകൊൾക" (1 പത്രോസ്. 5:7)
നാം:"എനിക്കു വിശ്വാസം കുറവാണ്"
ദൈവം:"ഞാൻ ഓരോരുത്തന് വിശ്വാസത്തിന്റെ ഓരോ അളവു നൽകിയിട്ടുണ്ട്" (റോമ.12:3)
നാം:"ഞാൻ ഏകനാണെന്നു തോന്നിപ്പോകുന്നു"
ദൈവം:"ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല. ഉപേക്ഷിക്കയുമില്ല." (എബ്രാ.13:5)